# സത്യദൂതൻ

ജനുവരി 2011 | ലക്കം 1

വില ₹20



## പുതുവത്സരാശംസകൾ

- കർബല: കലിമ ചൊല്ലിയവർ ഹദ്റത്ത് ഇമാം ഹുസൈൻ(റ)വിനോട് ചെയ്തതെന്ത്?
- അമേരിക്കയിലെ മതസ്വാതന്ത്ര്യം
- മരണത്തിന് ശേഷമുള്ള മനുഷ്യാവസ്ഥ

**ഖുർആന്റെ ദിവ്യാത്ഭുതം തുറന്നുകാട്ടുകയും
ആധുനിക വൈജ്ഞാനിക ലോകവുമായി സംവദിക്കുകയും
ചെയ്യുന്ന അത്യുജ്ജ്വല ഗ്രന്ഥം**




# വെളിപാട് യുക്തി ജ്ഞാനം സത്യം

**ഗ്രന്ഥകർത്താ:**
**ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്**
**വിവർത്തനം**
**ഏ. എം. മുഹമ്മദ് സലിം**

വില ₹ 800
സ്പെഷൽ പ്രൈസ്
₹400
മാത്രം

1200ഓളം പേജുകൾ | നിരവധി വർണ്ണ ചിത്രങ്ങൾ

സമഗ്രമായ ഇൻഡക്സ്

**പുസ്തകം ലഭിക്കുന്ന സ്ഥലങ്ങൾ**

കോഴിക്കോട്
**അഹ്മദിയ്യാ ബുക്സ്റ്റാൾ**
അഹ്മദിയ്യാ മുസ്ലിം ജമാഅത്ത്
ജി. എച്ച് റോഡ്, കോഴിക്കോട്

കണ്ണൂർ
**ഇസ്ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്**
ഫോർട്ട് റോഡ്, കണ്ണൂർ

എറണാകുളം
**അഹ്മദിയ്യാ മുസ്ലിം ജമാഅത്ത്**
സെന്റ് ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്

**ഒരു ഇസ്ലാം ഇന്റർനാഷണൽ പ്രസിദ്ധീകരണം**

لا إله إلا الله محمد رسول الله

# സത്യദൂതൻ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം


## ഉള്ളടക്കം


5 എഡിറ്റോറിയൽ

6 യുഗശബ്ദം



7 ഖുത്ബ
കർബല: കലിമ ചൊല്ലിയവർ ഹദ്റത്ത് ഇമാം ഹുസൈൻ(റ)വിനോട് ചെയ്തതെന്ത്?

11 ലേഖനം
അവയവ വ്യവസ്ഥയും പരിണാമവും
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

15 കവിത
ഒന്നായിത്തീരട്ടെ മാനസങ്ങൾ
എച്ച്. എസ്. കാവശ്ശേരി



16 ലേഖനം
ലിയോ ടോൾസ്റ്റോയ് ഇസ്‌ലാമിനെ സ്നേഹിച്ച മഹാപ്രതിഭ
ബശാറത്ത് അഹ്മദ് ബശീർ

22 ലേഖനം
ഇമാം മഹ്ദിയും മസീഹും ഒരാൾ തന്നെ
ഹദ്റത്ത് മിർസാ ബശീർ അഹ്മദ് (റ)



25 ലേഖനം
അമേരിക്കയിലെ മതസ്വാതന്ത്ര്യം
അംജദ് മഹ്മൂദ്ഖാൻ, ലോസ് ആഞ്ചലസ്, യു.എസ്.എ.

31 ലേഖനം
മരണത്തിന് ശേഷമുള്ള മനുഷ്യാവസ്ഥ
മുഹമ്മദ് സഫറുല്ലാഹ് ഖാൻ



35 ലേഖനം
പോണ്ടിയസ് പിലാത്തോസ്
ഷീലാ അഹ്മദ്

40 പ്രശ്നോത്തരി
മോക്ഷവും ഇസ്‌ലാം മതത്തിന്റെ സമ്പൂർണ്ണതയും
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

41 ലോക ജാലകം
അഫ്ഇദത്തുൽ സലാം വി.എം


42 പ്രതികരണം
പ്രവാചകത്വം: 'ബോധന'ത്തിന്റെ തെറ്റിദ്ധരിപ്പിക്കൽ
യാസർ അറഫാത്ത്, തിരുത്തിയാട്



44 English Folio
Individual Versus Society
Hadhrath Mirza Tahir Ahmad

47 കുറിപ്പുകൾ
യഹൂദ റബ്ബിമാരുടെ വംശീയ വെറി
മുസാഫിർ

49 വാർത്തകൾ


The Sathyadoothan Monthly


2011 ജനുവരി
ഹി.ശ.1389 - സുൽഹ്
1432 മുഹറം - സഫർ
പുസ്തകം 83 ലക്കം 1
വില 20 രൂപ



ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ: 9497343704**

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ: 8907182933**
Email-salimqld@yahoo.in

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ: 8089574250**

**വിലാസം**

എഡിറ്റർ
സത്യദൂതൻ
സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്,
കൊച്ചി - 682018
email-sathyadoothan1@gmail.com



Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-at at Anaswara Offset, Ernakulam
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്



നിങ്ങളെല്ലാവരും ഒത്തുചേർന്നു അല്ലാഹുവിന്റെ പാശത്തെ മുറുകെപിടിക്കുക. നിങ്ങൾ ഭിന്നിക്കരുത്. നിങ്ങൾ പരസ്പരം ശത്രുക്കളായിരുന്നപ്പോൾ അല്ലാഹു നിങ്ങൾക്ക് ചെയ്ത് തന്ന അനുഗ്രഹം സ്മരിക്കുക. അങ്ങനെ അവൻ നിങ്ങളുടെ ഹൃദയങ്ങളെ അന്യോന്യം ഇണക്കി. അതിന്റെ ഫലമായി അവന്റെ അനുഗ്രഹത്താൽ നിങ്ങൾ സഹോദരങ്ങളായിത്തീർന്നു. **(3:104)**

## നബിവചനം



ഇബ്നു മസ്ഊദ് (റ)ൽ നിന്നു നിവേദനം : റസൂൽ തിരുമേനി (സ) ഖുർആൻ ഓതുന്നതിൽ നിന്നും വ്യത്യസ്ത രൂപത്തിൽ ഓതിയ ഒരാളുടെ കൈക്ക് കടന്ന് പിടിച്ചു. ഞാൻ തിരുമേനി(സ) യുടെ അടുക്കൽ ചെന്നു. അവിടുന്ന് അരുളി: 'നിങ്ങൾ രണ്ടു പേരും ഓതിയത് ശരി തന്നെയാണ്. നിങ്ങൾ പരസ്പരം ഭിന്നിക്കരുത്. നിങ്ങൾക്ക് മുമ്പുള്ളവർ നശിച്ചത് ഭിന്നിപ്പ് കാരണമാണ്. **(ബുഖാരി)**

## വാഗ്ദത്ത മസീഹിന്റെ വചനം



### മതങ്ങൾ തമ്മിലുള്ള ഐക്യം എങ്ങിനെ സാധ്യമാകും?

മതപരമായ അഭിപ്രായ വൈപരീത്യങ്ങൾ മൂലം വിവിധ സമുദായങ്ങൾക്കിടയിലുള്ള സൗഹാർദ്ദ ഭാവത്തിനു പ്രതിബന്ധമായിത്തീരുന്ന ഭിന്നതാബീജങ്ങൾ ദിനേന വളർന്നുകൊണ്ടുപോകുമ്പോൾ പരസ്പരം മൈത്രി എങ്ങനെ സാധ്യമാകും എന്ന ശങ്ക എല്ലാവർക്കും ഉണ്ടായേക്കാം. അതിനു ഞാൻ ഇവിടെ സമാധാനം പറഞ്ഞുകൊള്ളട്ടെ. യഥാർത്ഥത്തിൽ മതപരമായ വൈപരീത്യം യുക്തിയുടേയും നീതിബോധത്തിന്റേയും അനുഭവജ്ഞാനങ്ങളെയും ആസ്പദമാക്കിയുള്ള വിചിന്തനത്തിന്റെ ഫലമായിരിക്കേണ്ടതാണ്. മനുഷ്യൻ വിവേക ബുദ്ധിയാൽ വിഭൂഷിതനായിരിക്കുന്നത്, അവൻ യുക്തിക്കും നീതിബോധത്തിനും നിരക്കാത്തതും അനുഭവജ്ഞാനത്തിനു എതിരായതുമായ യാതൊന്നും കൈകൊള്ളാതിരിക്കേണ്ടതിനു തന്നെയാണ്. ഈ വസ്തുത ഗ്രഹിക്കുന്നതായാൽ ലഘുതരമായ അഭിപ്രായ ഭേദങ്ങളൊന്നും മതമൈത്രിക്ക് തടസ്സമാകുകയില്ലെന്ന് ബോധ്യപ്പെടുന്നതാണ്. പരസ്പര സൗഹാർദ്ദത്തിനും മൈത്രിക്കും പ്രതിബന്ധമായി തീരുന്നത്, ഒരു കൂട്ടർ മറ്റൊരു കൂട്ടരുടെ ഭക്ത്യാദരങ്ങൾക്ക് പാത്രമായ പ്രവാചകനെയോ മഹാത്മാവിനെയോ അവരുടെ പവിത്രഗ്രന്ഥത്തെയോ അവഹേളിക്കുന്നതിനും അപലപിക്കുന്നതിനും പ്രേരിതമായിത്തീരുന്ന തരത്തിലുള്ള വിശ്വാസാഭിപ്രായ വൈപരീത്യം മാത്രമാകുന്നു. **(മൈത്രീ സന്ദേശം)**



എഡിറ്റോറിയൽ

# നൂറ്റാണ്ടിനോടടുക്കുന്ന സത്യദൂതൻ

2011 ജനുവരി ലക്കത്തോടെ സത്യദൂതൻ 86-ാം വയസ്സിലേക്ക് പ്രവേശിക്കുകയാണ്. 1925 ജനുവരിയിലായിരുന്നു സത്യദൂതന്റെ ജനനം. ഒരു നൂറ്റാണ്ടിലേക്ക് ഇനി 14 വർഷം മാത്രം. മലയാളത്തിലെ പൊതുമണ്ഡലത്തിൽ തന്നെ ഇത്ര ദീർഘായുസ്സുള്ള പ്രസിദ്ധീകരണങ്ങൾ അത്യപൂർവ്വമാണ്. മുസ്‌ലിം പ്രസിദ്ധീകരണങ്ങളിലാകട്ടെ സത്യദൂതന് സമശീർഷരായ സഹജീവികളാരും തന്നെയില്ല.

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലാണ് അറബി മലയാള ലിപിയിൽ നിന്നും മലയാള ലിപിയിലേക്ക് ഇസ്‌ലാമിക സാഹിത്യം വഴിമാറിയത്. അക്കാലത്ത് വ്യക്തികളും പ്രസ്ഥാനങ്ങളും തുടക്കം കുറിച്ച മലയാളത്തിലെ ഇസ്‌ലാമിക ആനുകാലികങ്ങൾ ഇന്നെവിടെ? സനാഉല്ലാ മക്തി തങ്ങളുടെ 'പരോപകാരി', കെ. യെം. മൗലവിയുടെ 'അൽ മുർശിദ്', മുസ്‌ലിം ഐക്യസംഘത്തിന്റെ 'അൽ ഇർശാദ്', വക്കം അബ്ദുൽ ഖാദിർ മൗലവിയുടെ 'അൽഇത്തിഹാദ്'....

സത്യദൂതൻ പിറവി കൊണ്ട ദശകങ്ങളിൽ തുടങ്ങിയ പ്രസിദ്ധീകരണങ്ങളെല്ലാം കാലഗതി പ്രാപിച്ചു. ആർക്കൈവ്സുകളിലെ പുരാവസ്തുക്കളായി മാറി. എന്താണിതിന് കാരണം? സത്യദൂതൻ വഹിച്ചിരുന്നത് റസൂൽ തിരുമേനി(സ) വാഗ്ദാനം ചെയ്ത ദൈവപ്രേഷിതനായ വാഗ്ദത്ത മസീഹിന്റെ ആത്മീയ സന്ദേശങ്ങളായിരുന്നു. ജനങ്ങൾക്ക് ഉപകാരമുള്ള ഒന്നായതുകൊണ്ടാണ് അല്ലാഹു സത്യദൂതന് ഈ ദീർഘായുസ്സ് വിധിച്ചത്. ഖുർആൻ പറയുന്നു.

**'വ അമ്മാമാ യൻഫഉന്നാസ ഫയംകുസുഫിൽ അർളി'** മനുഷ്യർക്ക് പ്രയോജനപ്പെടുന്നത് ഭൂമിയിൽ നിലനിൽക്കും (13:18).

സത്യദൂതന്റെ ഏറ്റവും വലിയ സവിശേഷത ഇരുപത്തൊന്നാം നൂറ്റാണ്ടിലും പുരോഗമനവാദികളെന്നു പറയുന്ന മുസ്‌ലിം സംഘടനയിലെ യുവാക്കൾക്ക് പോലും സത്യദൂതൻ നിർഭയമായി വായിക്കാൻ കഴിയുന്നില്ല എന്നതാണ്. ഹദ്റത്ത് ഉമറി(റ)ന്റെ സഹോദരി ഖുർആൻ വായിച്ചത് പോലെ പലരും രഹസ്യമായാണ് ഇന്നും സത്യദൂതൻ വായിക്കുന്നത്. തുടക്കകാലത്തിലുള്ളയത്ര തീവ്രമല്ലെങ്കിലും ഇപ്പോഴും സത്യദൂതനോടുള്ള അസ്പൃശ്യതയും ബഹിഷ്കരണവും ഭൂരിപക്ഷ മുസ്‌ലിം നേതൃത്വം കക്ഷിഭേദമന്യേ തുടരുന്നു.

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ കേരളത്തിലെ ഈറ്റില്ലമായ കണ്ണൂരിലാണ് സത്യദൂതൻ പിറന്നത്. സാത്വികരും ജ്ഞാനികളും നിസ്വരുമായ പൂർവ്വകാല മഹത്തുക്കളുടെ തൃക്കരങ്ങളിലൂടെയാണ് സത്യദൂതൻ വളർന്നത്. കണ്ണൂരിൽ നിന്നും 2001 ഏപ്രിൽ മാസത്തിൽ സത്യദൂതൻ കോഴിക്കോട്ടേക്ക് മാറി. 2011-ൽ ഈ ലക്കത്തോടെ സത്യദൂതൻ എറണാകുളത്ത് നിന്നുമാണ് പുതിയ മാറ്റങ്ങളോടെ പ്രസിദ്ധീകരിക്കുന്നത്. സത്യദൂതന്റെ സംഭവബഹുലമായ ചരിത്രത്തിൽ സുവർണ്ണശോഭയുള്ള ഒരു ദക്ഷിണകാണ്ഡം പിറക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. എല്ലാ ഘട്ടത്തിലും നിസ്സ്വാർത്ഥമായി സത്യദൂതനെ സ്നേഹിക്കുകയും സഹായസഹകരണങ്ങളുമായി പിന്തുണക്കുകയും ചെയ്ത എല്ലാ വായനക്കാർക്കും ദൈവാനുഗ്രഹത്തിന്നായി പ്രാർത്ഥിച്ചുകൊണ്ട് പുതുവത്സരാശംസകൾ നേരുന്നു.

# ദൈവദൂതന്മാരുടെ പ്രകൃതി

ഹദ്റത്ത് അഹ്മദ് (അ)



വിവിധ ധാതുക്കളെപ്പോലെയാണ് മനുഷ്യപ്രകൃതി. ചിലത് വെള്ളിയെ പോലെ ഉജ്ജ്വലവും വ്യക്തവുമാണ്. ചിലത് തിന്മയുടെ പ്രവണതയുള്ളവയാണ്. ചിലത് സൾഫറിനെ പോലെ ജ്വലന സ്വഭാവമുള്ളതുമാണ്. ചിലത് മെർക്കുറി (രസം)യെപോലെ ചലനാത്മകവും. ചിലത് ഇരുമ്പിനെ പോലെ കഠിനവുമാണ്. ഈ വൈവിധ്യം വ്യക്തവും ദൈവികനിശ്ചയപ്രകാരമുള്ളതുമാണ്. ഇത്തരം വൈവിധ്യം പ്രകൃതിനിയമത്തിനെതിരല്ല. സാമൂഹികസമാധാനത്തിനും സാമൂഹിക ക്രമീകരണത്തിനും അത് ഉപയോഗപ്പെടുന്നു. മനുഷ്യപ്രകൃതിയിൽ ഒരേ രീതിയിലുള്ള ശക്തിവിശേഷണങ്ങളാണ് ഉണ്ടായിരുന്നതെങ്കിൽ വിവിധ തലത്തിലുള്ള കഴിവുകൾക്കനുസൃതമായ പ്രവർത്തനങ്ങൾക്കൊണ്ട് സാമൂഹികാവസ്ഥകളെ ക്രമീകരിക്കാനുള്ള ആവശ്യഘടകങ്ങൾ പൂർത്തീകരിക്കപ്പെടാതെയോ നിവർത്തിക്കപ്പെടാതെയോ നിൽക്കുമായിരുന്നു. കഠിനമായ പ്രവർത്തനങ്ങൾക്ക് കഠിനമായ പ്രകൃതിയാണ് ആവശ്യം. ലോലമായ പ്രവർത്തനങ്ങൾക്ക് ലോല പ്രകൃതിയാണ് ആവശ്യം. ഗ്രീക്ക് തത്വജ്ഞാനികൾ പ്രകടിപ്പിച്ച വീക്ഷണപ്രകാരം ചില മനുഷ്യർ മൃഗങ്ങളോട് സാമ്യതയുള്ളവരാണ്. നാം സൂക്ഷ്മമായി നിരീക്ഷിക്കുകയാണെങ്കിൽ ചില ആളുകളുടെ പ്രകൃതി വളരെ നല്ലതും തെളിച്ചമുള്ളതുമായിരിക്കും. ചിലരുടേത് അധഃമത്വമുള്ളതായിരിക്കും. അവ ഏകദേശം മൃഗസമാനവുമായിരിക്കും. ചിലർ അത്യുന്നതങ്ങളിലേക്ക് ഉയർന്നുപൊങ്ങി ഉപരിലോകവുമായി ബന്ധം സ്ഥാപിക്കാൻ ശേഷിയുള്ളവരായിരിക്കും.

മനുഷ്യന് വിവിധങ്ങളായ ധിഷണാ വൈഭവങ്ങളും ധാർമ്മികഗുണങ്ങളും ഹൃദയപ്രകാശവും ഉള്ള കാര്യം സ്ഥാപിക്കപ്പെട്ടുകഴിഞ്ഞതാണ്. സകലവിധത്തിലും സമ്പൂർണ്ണ കഴിവുകളുള്ള ചിലർക്ക് മാത്രമേ ദൈവിക വെളിപാടുകൾ ലഭിക്കുകയുള്ളൂ എന്നതിന് ഇത് തെളിവാണ്. ഓരോ ആത്മാവിനും അതിന്റെ കഴിവുകൾക്കനുസൃതമായുള്ള ദിവ്യപ്രകാശം ലഭിക്കാനുള്ള ശേഷിയേ ഉള്ളൂവെന്നത് എല്ലാ ബുദ്ധിയുള്ള മനുഷ്യനും മനസിലാക്കാവുന്നതാണ്. ഇതിനെ ഉദാഹരിക്കാൻ സൂര്യൻ ഏറ്റവും നല്ല മാതൃകയാണ്. സൂര്യൻ അതിന്റെ വെളിച്ചം നാനാഭാഗത്തേക്കും പ്രസരിപ്പിക്കുന്നു. പക്ഷേ എല്ലാ സ്ഥലത്തും അതിന്റെ പ്രകാശമെത്തുന്നത് ഒരു പോലെയല്ല. ഒരു മുറിയിൽ അതിന്റെ വാതിലുകൾ അടച്ചിട്ട അവസ്ഥയിൽ സൂര്യപ്രകാശം ലഭിക്കില്ല. സൂര്യന് അഭിമുഖമായി ഒരു കൊച്ചു ജനൽ ഉള്ള മുറിയിൽ സൂര്യപ്രകാശം കുറഞ്ഞ തോതിൽ ലഭിക്കുന്നു. പക്ഷേ മുറിയിലെ അന്ധകാരം പൂർണ്ണമായും ഇല്ലാതാക്കാൻ ആ വെളിച്ചത്തിന് സാധ്യമാവില്ല. എന്നാൽ ഒരു മുറിയുടെ സകല വാതിലുകളും മലർക്കെ തുറന്നിടുകയും ആ മുറിയുടെ മതിലുകൾ ചില്ലുപാളികൾകൊണ്ട് നിർമ്മിച്ചതാവുകയും ചെയ്തതാണെങ്കിൽ സൂര്യപ്രകാശം പൂർണ്ണമായും ലഭിക്കുമെന്ന് മാത്രമല്ല മറ്റുള്ളവരെ അറിയിക്കുമാറ് ആ മുറിയിൽ പതിക്കുന്ന സൂര്യപ്രകാശം നാനാഭാഗത്തേക്കും പ്രതിഫലിക്കുകയും ചെയ്യുന്നു. ഇത് പോലെയാണ് ആത്മാവ് പരിശുദ്ധങ്ങളായ പ്രവാചകന്മാരുടെ അവസ്ഥ. ദൈവം തന്റെ ദിവ്യദൂത് വഹിക്കാൻ തിരഞ്ഞെടുക്കുന്ന പ്രവാചകന്മാർ ഒരു പളുങ്ക് കൊട്ടാരം പോലെയാണ്. അതിൽ യാതൊരു അതാര്യതയോ വെളിച്ചത്തെ തടയുന്ന യാതൊരു മറയോ തടസ്സമോ ഉണ്ടാവില്ല. അതായത് പൂർണ്ണതയിലെത്താത്ത ആത്മാക്കൾക്ക് ദൈവിക പ്രവാചകത്വത്തിന്റെ പദവി പ്രാപിക്കാൻ സാധ്യമല്ല. അന്ധകാരത്തിന്റെ തിരശ്ശീലകളിൽ നിന്നും ഭൗതിക ആച്ഛാദനങ്ങളിൽ നിന്നും സർവ്വവിധത്തിലും നിർമ്മുക്തരായ പരിശുദ്ധാത്മാക്കൾക്കാണ് ഈ പദവികൾ നൽകപ്പെടുന്നത്. അവരുടെ ആത്മീയ വിശുദ്ധി ഊഹങ്ങൾക്കതീതമാണ്. അത്തരം പരിപൂർണ്ണരായ പരിശുദ്ധാത്മാക്കളാണ് മനുഷ്യവർഗ്ഗത്തിന്റെ സന്മാർഗ്ഗദർശനത്തിന്നായുള്ള മാധ്യമങ്ങൾ.

(ബറാഹീനെ അഹ്മദിയ്യ – പേ. 178)

# കർബല: കലിമ ചൊല്ലിയവർ ഹദ്റത്ത് ഇമാം ഹുസൈൻ (റ) വിനോട് ചെയ്തതെന്ത്?

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു)



**10–12–2010ന് മുഹർറ മാസത്തിൽ ബൈത്തുൽ ഫുതൂഹ് ലണ്ടനിൽ വെച്ച് ഖലീഫത്തുൽ മസീഹ് നിർവഹിച്ച ഖുത്വ്ബയുടെ സംഗ്രഹം**

> **അവർ നിങ്ങളെ ഹുസൈൻ ആക്കിക്കൊണ്ട് സ്വയം യസീദുകളായിത്തീരുന്നു. ഇതെത്ര ആദായകരമായ കച്ചവടമാണ്. ശത്രുക്കളെ അമ്പെയ്യാൻ അനുവദിച്ചുകൊള്ളുക.**

രണ്ടാം ഖലീഫ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)എഴുതിയ പദ്യത്തിലെ ഒരു ശകലമാണിത്. 1935 കാലഘട്ടത്തിൽ അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭം കൊടുമ്പിരിക്കൊണ്ടപ്പോൾ രചിക്കപ്പെട്ടതാണിത്. ഇസ്‌ലാമിക ചരിത്രത്തിലെ ഏറ്റവും വേദനാജനകമായ കർബലാ സംഭവമാണ് പദ്യത്തിന്റെ ഇതിവൃത്തം. റസൂൽ തിരുമേനി (സ)യുടെ പ്രിയങ്കരനായ പേരക്കിടാവ് ഹദ്റത്ത് ഹുസൈൻ(റ)വിന്റെ രക്തസാക്ഷിത്വത്തിന്റെ ഘോരഭയാനകമായ ചരിത്രം മുസ്‌ലിംകൾക്ക് അങ്ങേയറ്റം ദുഃഖകരമാണ്. പക്ഷേ ഈ വേദനാജനകമായ സംഭവത്തിന്റെ ആഴമത്രയും ഗ്രഹിക്കാൻ കഴിയുക അഹ്മദികൾക്കാണ്. അഹ്മദികൾ അത്തരത്തിലുള്ള പീഢനപർവം തരണം ചെയ്യുകയാണ്. അതുകൊണ്ടാണ് ഖലീഫാ തിരുമനസ്സ് **'അവർ നിങ്ങളെ ഹുസൈൻ ആക്കി സ്വയം യസീദുകളായി'** എന്ന കവിത രചിച്ചത്. അവർ ഇരുകൂട്ടരും **'ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുറസൂലുല്ലാഹ്'** എന്ന കലിമ ഉച്ചരിച്ചിരുന്നവരായിരുന്നു. എന്നാൽ ഒരുകൂട്ടർ പീഢിതരും മറ്റൊരുകൂട്ടർ പീഢകരുമായിരുന്നു.

ഹദ്റത്ത് ഇമാം ഹുസൈന്റേ(റ)യും കുടുംബത്തിന്റേയും നിഷ്ഠൂരമായ വധത്തിൽ കലാശിച്ച കുഴപ്പങ്ങൾ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഉസ്മാൻ (റ)വിന്റെ കൊലപാതകത്തോടെ ആരംഭിച്ചതാണ്. കലിമ ഉച്ചരിക്കുന്നവരെ അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും നാമത്തിൽ കൊലക്കിരയാക്കുന്ന ആ ക്രൂരകൃത്യം ദുനിയാവ് ദീനിനേക്കാൾ പ്രബലമാവുന്ന സന്ദർഭങ്ങളിൽ സംഭവിക്കുന്ന പ്രതിഭാസമാണ്. അല്ലാഹു ഖുർആനിൽ പറയുന്നു.

***'ഇനി ആരെങ്കിലും ഒരു സത്യവിശ്വാസിയെ മനപൂർവ്വം വധിക്കുന്നതായാൽ അവനുള്ള ശിക്ഷ നരകമാണ്. അതിൽ അവൻ ദീർഘകാലം വസിക്കുന്നതാകുന്നു. അല്ലാഹു അവന്റെ നേരെ കോപിക്കുകയും അവനെ ശപിക്കുകയും ചെയ്യുന്നതാണ്' (4:94)*** അത്തരം ഘാതകന്മാർ ദീർഘനാൾ നരകശിക്ഷക്ക് വിധേയരാകും എന്നാണ് അല്ലാഹു പറയുന്നത്. മർദ്ദിതരാവട്ടെ അല്ലാഹുവിന്റെ പാരിതോഷികങ്ങൾക്ക് പാത്രീഭൂതരായിത്തീരും.

ഇമാം ഹുസൈൻ(റ), ഇമാം ഹസൻ(റ) എന്നിവരെ സംബന്ധിച്ച് റസൂൽതിരുമേനി(സ) പറഞ്ഞത് അവർ *'സ്വർഗ്ഗത്തിൽ യുവാക്കളുടെ നേതാക്കളായിരിക്കും'* എന്നാണ്. അവരിരുവർക്കും വേണ്ടി റസൂൽ തിരുമേനി(സ) ഇപ്രകാരം ദുആ ചെയ്യാറുണ്ടായിരുന്നു. *'അല്ലാഹുവേ ഞാൻ ഇവരെ സ്നേഹിക്കുന്നു. നീയും ഇവരെ സ്നേഹിക്കേണമേ'.* റസൂൽ തിരുമേനി(സ)

യുടെ ദുആക്ക് പാത്രമാവുകയും ശഹാദത്തിന്റെ ഔന്നത്യത്തിലെത്തുകയും ചെയ്തതിനാൽ അല്ലാഹുവിന്റെ വാഗ്ദാനപ്രകാരം അവർ സ്വർഗ്ഗത്തിൽ ഉന്നതസ്ഥാനീയരായിത്തീർന്നു.

1400 വർഷങ്ങൾക്ക് മുമ്പ് മുഹറം 10നാണ് കർബല സംഭവം അരങ്ങേറിയത്. ഇമാം ഹുസൈന്റെ ശഹാദത്തിനെ പറ്റി ആലോചിക്കുമ്പോൾ നാം കിടിലം കൊണ്ടുപോകും. പിന്നീട് ഘാതകന്മാർ ആ പുണ്യശരീരത്തോട് അനുവർത്തിച്ച ക്രൂരത എന്തായിരുന്നു? ഇതിൽ നിന്നും നമുക്ക് എത്തിച്ചേരാൻ കഴിയുന്ന ഉറച്ച സത്യം കലിമ ഉച്ചരിക്കുന്നവരായിരിക്കെ തന്നെ അവർ അല്ലാഹുവിന്റെ അസ്തിത്വത്തിൽ വിശ്വാസമുള്ളവരായിരുന്നില്ല എന്നതാണ്. മാനുഷിക മൂല്യങ്ങളുടെ പ്രതിഷ്ഠാപകനായ റസൂൽ തിരുമേനി(സ) യുദ്ധത്തിൽ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പഠിപ്പിച്ചിരുന്നു. ഇസ്‌ലാമിനെ ഉന്മൂലനം ചെയ്യാൻ ഒരുങ്ങിപുറപ്പെട്ട, മൃതദേഹങ്ങളെ അനാദരിക്കുന്ന കഠിനശത്രുക്കളോട് പോലും നീതിയുടെ അതിർവരമ്പുകൾ ലംഘിക്കാൻ പാടില്ലെന്നും അവരുടെ മൃതദേഹങ്ങളെ അനാദരിക്കരുതെന്നുമാണ് അവിടുന്ന് പഠിപ്പിച്ചത്. അത്തരത്തിലുള്ള പാഠങ്ങൾ മാനവരാശിക്കു നൽകിയ അല്ലാഹുവിന്റെ പ്രിയങ്കരനായ റസൂൽ(സ)ന്റെ പ്രിയങ്കരനായ പേരക്കുട്ടിയോടു കലിമ ഉച്ചരിച്ച ഒരുകൂട്ടർ ചെയ്തതെന്താണ്?

ആർക്കെങ്കിലും ആരോടെങ്കിലും അനുരക്തിയുണ്ടെങ്കിൽ അവർ സ്നേഹിച്ചവരും അവരുടെ സ്നേഹത്തിന് പാത്രമാകുന്നു. റസൂൽതിരുമേനി(സ)യെ സ്നേഹിക്കുകയും അവിടുത്തെ സ്നേഹഭാജനത്തെ വെറുക്കുകയും ചെയ്യുക എന്നത് സംഭവ്യമല്ല. ഒരിക്കൽ ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ) വഴിമദ്ധ്യേ കുട്ടികളോടൊപ്പം കളിക്കുന്ന റസൂൽ തിരുമേനി(സ)യുടെ ചെറുമകനെ വാരിയെടുത്ത് തോളിലേറ്റി പറഞ്ഞു: *‘എന്റെ യജമാനൻ ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ)ക്ക് ഇവൻ പ്രിയങ്കരനാണ്. അതിനാലാണ് ഞാനിവനേയും ലാളിക്കുന്നത്’.* ഇതാണ് കൂറിന്റേയും സ്നേഹത്തിന്റേയും യഥാർത്ഥ പ്രകടനം.

കർബല സംഭവത്തെപറ്റി ഒരു വിവരണത്തിൽ പറയുന്നു: ശത്രുക്കൾ വിജയം വരിച്ചപ്പോൾ കുതിരയെ നദീമുഖത്തേക്ക് അദ്ദേഹം തിരിച്ചു. അപ്പോൾ *‘നദിക്കും അദ്ദേഹത്തിനുമിടയിൽ വിഘാതമായി നില്ക്കുക’* എന്ന് പറഞ്ഞ് ഒരാൾ തടസ്സം നിന്നു. അയാൾ ഇമാം ഹുസൈൻ(റ)വിന്റെ നേർക്ക് അമ്പെയ്തു. അത് അവിടുത്തെ കീഴ്താടിയിൽ തറച്ചു. ഇമാം ഹുസൈൻ(റ) ധീരനായി യുദ്ധം തുടർന്നു. എന്നെ വധിച്ചാൽ നിങ്ങളുടെ മേൽ അല്ലാഹുവിന്റെ ശാപം ഉണ്ടാകുമെന്നും ഇനിയൊരു ദൈവദാസനേയും നിങ്ങൾക്ക് വധിക്കാൻ കഴിയാത്ത വിധം അല്ലാഹു നിങ്ങളെ നിന്ദ്യരാക്കുമെന്നും നിങ്ങളിൽ രക്തപ്രളയമുണ്ടാകുമെന്നും ഇമാം ഹുസ്സൈൻ(റ) അവരെ താക്കീത് ചെയ്തു.

ഇമാം ഹുസൈനെ(റ) ശഹീദാക്കിയതിനുശേഷം കൂഫയിലുള്ളവർ ആ പുണ്യകുടുംബം താമസിച്ച ടെന്റുകൾ കൊള്ളയടിച്ചു. സ്ത്രീകളുടെ തലയിൽ നിന്നും ചാദറുകൾ വലിച്ചുമാറ്റി. സഅ്ദുബ്നു അംറ് എന്ന കശ്മലൻ വിളിച്ചുചോദിച്ചു: *‘ആരൊക്കെ തങ്ങളുടെ കുതിരകളെ കൊണ്ട് ഇമാം ഹുസൈനെ ചവിട്ടി മെതിക്കും.?’* കുതിര പട്ടാളക്കാർ അവരുടെ കുതിരകളെ



ക്കൊണ്ട് ഇമാം ഹുസൈൻ(റ)വിന്റെ പുണ്യദേഹത്തെ ചവിട്ടിമെതിക്കാൻ ധൃഷ്ടരായി. ആ തിരുശരീരം ചിന്നഭിന്നമായി. അമ്പുകൾകൊണ്ട് 45ഉം കുന്തംകൊണ്ട് 33ഉം വാളുകൊണ്ട് 43ഉം മുറിവുകൾ പറ്റി. തീർന്നില്ല. അവിടുത്തെ പുണ്യശിരസ്സ് ഉടലിൽ നിന്നും ഛേദിച്ച് കൂഫയിൽ പ്രതിഷ്ഠിച്ചു. ശേഷം യസീദിന്റെ അടുക്കലേക്കയച്ചു. ഇതായിരുന്നു റസൂൽ തിരുമേനി(സ)യുടെ പൊന്നോമനപൗത്രൻ ഹദ്റത്ത് ഇമാം ഹുസൈൻ(റ)നോട് കലിമ ചൊല്ലിയ മുസ്‌ലിംകൾ ചെയ്തത്.

കലിമ ചൊല്ലിയ അവർ വാസ്തവത്തിൽ ഇസ്‌ലാമുമായി ബന്ധമില്ലാത്ത ഭൗതികജീവികളായിരുന്നു. ഇത്തരം ആളുകളുടെ നേതൃത്വത്തിലിരുന്ന യസീദിന്റെ ഭൗതിക തല്പരത കണ്ടിട്ടുതന്നെയാണ് ഇമാം ഹുസൈൻ(റ) അദ്ദേഹത്തിന് ബൈഅത്ത് ചെയ്യാൻ വിസമ്മതിച്ചത്. ഇതിനെക്കുറിച്ച് മസീഹ് മൗഊദ് (അ) ഒരിടത്ത് പറയുന്നു. **‘അധർമ്മിയും ധിക്കാരിയുമായ ഒരാളുടെ കൈയിൽ**



**ബൈഅത്ത് ചെയ്യാൻ ഇമാം ഹുസൈൻ(റ) ഇഷ്ടപ്പെട്ടില്ല. എന്തെന്നാൽ അത് മുഖേന ദീനിന് നാശം ഉണ്ടാകുന്നു... നികൃഷ്ടനായ യസീദിന്റെ, ബൈഅത്തിൽ ധാരാളം ആളുകൾ ഒത്തുചേർന്നിരുന്നു. എന്നാൽ ഇമാം ഹുസൈനും അദ്ദേഹത്തിന്റെ ജമാഅത്തും ഇത്തരത്തിലുള്ള ഇമാമിനെ അംഗീകരിച്ചില്ല.**' എങ്കിലും അദ്ദേഹം യസീദുമായി അനുരഞ്ജനത്തിനു ശ്രമിച്ചു. യസീദിന്റെ പ്രതിനിധികളോടു താൻ യുദ്ധം ആഗ്രഹിക്കുന്നില്ല, അല്ലാഹുവിനെ ആരാധിക്കാൻ എന്നെ പോകാൻ അനുവദിക്കുക. അതല്ലെങ്കിൽ ഇസ്‌ലാമിനുവേണ്ടി യുദ്ധം ചെയ്യാൻ എന്നെ അതിർത്തിയിലേക്ക് കൊണ്ടുപോകുക. അതുമല്ലെങ്കിൽ എന്നെ യസീദിന്റെ അടുക്കലെത്തിക്കുക. എന്നാൽ പ്രതിനിധികൾ ആ അഭ്യർത്ഥനകളെല്ലാം നിഷ്ക്കരുണം തള്ളിക്കളഞ്ഞു. അവസാനം എഴുപതോ എഴുപത്തിരണ്ടോ പേർ അടങ്ങുന്ന ആ ചെറുസംഘം. യസീദിന്റെ വമ്പിച്ച സൈന്യവുമായി ഏറ്റുമുട്ടി രക്തസാക്ഷികളായി.

ഇമാം ഹുസൈൻ പറഞ്ഞത്പോലെ അല്ലാഹു പകരം ചോദിച്ചു. ഇന്ന് യസീദിനെ ആരെങ്കിലും ഓർക്കുന്നുണ്ടെങ്കിൽ വെറുപ്പോടുകൂടിയാണ് അയാൾ അനുസ്മരിക്കപ്പെടുന്നത്. മുസ്‌ലിംകളിൽ ഒരാളും തന്റെ മകന് യസീദ് എന്ന് നാമകരണം ചെയ്യുന്നില്ല. ഇമാം ഹുസൈനെ വിശ്വാസികൾ ആദരപൂർവ്വം ഓർമ്മിക്കുന്നു. അവിടുന്ന് ഹഖ് നിലനിർത്താനായിരുന്നു യത്നിച്ചത്. ചുരുക്കത്തിൽ വിജയം വരിച്ചത് ഇമാം ഹുസൈനാ(റ)ണ്, യസീദല്ല.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) തന്റെ 'ഖിലാഫത്തെ റാശിദ' എന്ന ഗ്രന്ഥത്തിൽ അസാധാരണമായ കർബലാനന്തര സംഭവം കൂടി വിവരിക്കുന്നു. യസീദിന്റെ മരണശേഷം അയാളുടെ മകൻ അധികാരത്തിലേറി. പിതൃവ്യന്റെ നാമമായ 'മുആവിയ' എന്നായിരുന്നു അദ്ദേഹത്തിന്റെ പേരും. അധികാരമേറ്റ് 40 ദിവസം അദ്ദേഹം സ്വന്തം ഭവനത്തിൽ ഏകാകിയായി കതകടച്ചിരുന്നു. അവസാനം പുറത്ത് വന്ന് മിംബറിൽ കയറി ഇപ്രകാരം പറഞ്ഞു: *''ഞാൻ നിങ്ങളിൽ നിന്നും ബൈഅത്ത് വാങ്ങിയിരിക്കുന്നു. ഇത് ഞാനതിനുള്ള അവകാശിയായിട്ടല്ല. മറിച്ച് ഞാനാഗ്രഹിച്ചത് നിങ്ങളിൽ ഭിന്നിപ്പുണ്ടാകരുതെന്നാണ്. ഇന്ന്, ഈ ദിവസം വരെ ഞാൻ ആലോചിച്ചുകൊണ്ടിരുന്നത് നിങ്ങളിൽ അതിന് അനുയോജ്യനായ ഏതെങ്കിലും വ്യക്തിയുണ്ടെങ്കിൽ ഈ ഇമാറത്ത് (നേതൃത്വം) ഞാനയാൾക്ക് കൈമാറാം എന്നാണ്. എന്നാൽ കൂലങ്കശമായി ചിന്തിച്ചിട്ടും എനിക്ക് നിങ്ങളിൽ ആരേയും കണ്ടെത്താൻ സാധിച്ചിട്ടില്ല. അതിനാൽ ജനങ്ങളേ, നന്നായി കേൾക്കുക. ഞാൻ ഈ സ്ഥാനത്തിനർഹനല്ല എന്ന് മാത്രമല്ല എന്റെ പിതാവും, പിതാമഹനും ഇതിനർഹരായിരുന്നില്ല എന്നും അറിയിക്കാൻ ഞാനാഗ്രഹിക്കുന്നു. എന്റെ പിതാവ് പദവിയിൽ ഹുസൈനെക്കാൾ വളരെ താഴ്ന്ന പടിയിലാണ്. അദ്ദേഹത്തിന്റെ പിതാവ്, ഹസൻ ഹുസൈന്റെ പിതാവിനേക്കാൾ കുറഞ്ഞ യോഗ്യതയുള്ള ആളായിരുന്നു. അലി(റ) തന്റെ കാലത്ത് ഖിലാഫത്തിന് ഏറ്റവും അർഹൻ തന്നെയാണ്. അതിനുശേഷം ഹസൻ ഹുസൈൻ എന്നിവർ എന്റെ പിതാവിനേക്കാളും പിതൃവ്യനെക്കാളും ഖിലാഫത്തിന് കൂടുതൽ അവകാശമുള്ളവരായിരുന്നു. അതിനാൽ ഞാനീ നേതൃത്വം വിട്ടൊഴിയുന്നു.''*


നോക്കുക! തന്റെ പിതാവായ യസീദിനും പിതൃവ്യനായ മുആവിയക്കും സാത്വികനായ ആ പുത്രൻ ഏല്പിച്ച പ്രഹരം എത്ര മാരകമായിരുന്നു. ഈ ഉഗ്രപ്രസ്താവന കേട്ട അദ്ദേഹത്തിന്റെ മാതാവ് *'നീ എത്ര ബുദ്ധിഹീനൻ! നീ നിന്റെ കുലമഹിമ തകർത്തിരിക്കുന്നു'* എന്ന് പറഞ്ഞപ്പോൾ *'ഞാനീ പറഞ്ഞതെല്ലാം സത്യമാണ് നിങ്ങൾക്ക് എന്ത് വേണമെങ്കിലും പറയാം'* എന്ന് പറഞ്ഞ് അദ്ദേഹം ഭവനത്തിലേക്ക് തിരിച്ചുപോയി. കുറച്ച് ദിവസങ്ങൾക്കു ശേഷം അദ്ദേഹം ദിവംഗതനാവുകയാണുണ്ടായത്. എത്ര സത്യസന്ധമായ സാക്ഷ്യമാണ് യസീദിന്റെ മകൻ അയാളുടെ ഖിലാഫത്തിനെപറ്റിയും ഇമാം ഹുസൈന്റെ പവിത്രതയെ പറ്റിയും നൽകിയത്. ഇമാം ഹുസൈന്റെ ഘാതകർക്കു ഇതിനേക്കാൾ വലിയ നിന്ദ്യത മറ്റെന്താണ്? ചുരുക്കത്തിൽ ഇമാം

ഹുസൈന്റെ രക്തസാക്ഷിത്വം ഒരുപാട് പാഠങ്ങൾ നിറഞ്ഞതാണ്.

ഹദ്റത്ത് മസീഹ് മഊദ്(അ) ഇമാം ഹുസൈനെ (റ) തന്റെ സ്ഥാനപദവിയുമായി സാദൃശ്യപ്പെടുത്തി പറഞ്ഞിട്ടുണ്ട്. മസീഹ് മൗഊദും ഇമാം ഹുസൈനും തമ്മിൽ സദൃശ്യമുണ്ടാകും എന്ന് ഇതിൽ സൂചനയുണ്ട്. എന്നാൽ മസീഹ് മഊദി(അ)ന്റെ കാലത്ത് ഇസ്‌ലാമിനെ ബലഹീനമാക്കുന്ന സംഭവങ്ങൾ ആവർത്തിക്കുകയില്ല. കാരണം ഖിലാഫത്തിന്റെ പരമ്പര അതിലുണ്ട്. അത് റസൂൽ തിരുമേനി(സ)യുടെ വാഗ്ദാനവുമാണ്. നമുക്ക് മുഹററമാസം നൽകുന്ന പാഠമതാണ്. നാം റസൂൽ തിരുമേനി(സ)യുടെ മേലും അവിടുത്തെ കുടുംബങ്ങളുടെ മേലും സലാത്ത് ചൊല്ലിക്കൊണ്ടിരിക്കുക. കാലത്തിന്റെ ഇമാമിന്റെ നേതൃത്വത്തിൽ ആത്മപരിഷ്ക്കരണത്തിനായി പരിശ്രമിച്ചുകൊണ്ടിരിക്കുക. തീർച്ചയായും യസീദിന് വിജയം വരിക്കാൻ സാധ്യമല്ല. വിജയം ഇമാം ഹുസൈന്(റ) തന്നെയായിരിക്കും.

ഹദ്റത്ത് ഇമാം ഹുസൈൻ (റ)വിന്റെ സ്ഥാനത്തെക്കുറിച്ച് ഒരു അഹ്മദി നടത്തിയ തെറ്റായ പരാമർശത്തെ ഹദ്റത്ത് മസീഹ് മഊദ്(അ) തിരുത്തിക്കൊണ്ട് പറഞ്ഞു: *'തങ്ങളെ ഈ ജമാഅത്തുമായി ബന്ധപ്പെടുത്തി പറയുന്ന ചില പാമരന്മാർ ഇമാം ഹുസൈനെക്കുറിച്ച് ഇത്തരത്തിൽ പരാമർശിക്കുന്നു. അതായത് ഇമാം ഹുസൈൻ, കാലത്തിന്റെ ഖലീഫയായ യസീദിന് ബൈഅത്ത് ചെയ്തില്ല, കുഴപ്പക്കാരനായിരുന്നുവെന്നും യസീദായിരുന്നു സത്യപാതയിൽ വർത്തിച്ചത് എന്നും, 'ലഅ്നത്തുല്ലാഹി അലൽകാദിബീൻ.' എന്റെ പ്രസ്ഥാനത്തിലെ സദ്പ്രകൃതക്കാരിൽ നിന്നും ഇത്തരം വാക്കുകൾ ഒരിക്കലും പ്രതീക്ഷിക്കുന്നില്ല."* മസീഹ് മഊദ് (അ) തുടർന്നു: *'ചുരുക്കത്തിൽ ഈ വിജ്ഞാപനം മുഖേന ഞാൻ എന്റെ ജമാഅത്തിനെ അറിയിച്ചുകൊള്ളുന്നു. നാം വിശ്വസിക്കുന്നത് യസീദ് ദുൻയാവിലെ മലീമസമായ ഒരു കീടമായിരുന്നു. ദ്രോഹിയായിരുന്നു എന്നാണ്. ഏതെങ്കിലും കാരണത്താൽ ആരെയെങ്കിലും നാം മുഅ്മിൻ എന്ന് പറയുന്നുവോ അത് അയാളിൽ ഉണ്ടായിരുന്നില്ല. മുഅ്മിനാവുക എളുപ്പമുള്ള സംഗതിയുമല്ല.'*

ഇമാം ഹുസൈൻ (റ) ദൈവത്തിന്റെ കരങ്ങളാൽ ശുദ്ധീകരിക്കപ്പെട്ട ഒരു പുണ്യാത്മാവായിരുന്നു. അദ്ദേഹം സ്വർഗ്ഗത്തിലെ നേതാക്കന്മാരിൽപ്പെട്ടയാളാണ്. അദ്ദേഹത്തോട് ശത്രുത വെച്ചുപുലർത്തിയവരുടെ ഹൃദയം നശിപ്പിക്കപ്പെട്ടു. ലോകത്തിന്റെ ദൃഷ്ടിക്ക് ഇമാം ഹുസൈനെ (റ) തിരിച്ചറിയാൻ സാധ്യമല്ല. കാരണം ആ മഹാത്മാവ് ലോകത്തിൽ നിന്നും വളരെ അകലെയുള്ളയാളാണ്. ഈ കാരണം കൊണ്ട് തന്നെയാണ് അദ്ദേഹം ശഹീദാക്കപ്പെട്ടത്. ലോകം ഒരിക്കലും സദ്‌വൃത്തന്മാരെ സ്നേഹിച്ചിരുന്നില്ല. ഇമാം ഹുസൈൻ (റ)ന് എതിരെ എന്തെങ്കിലും പരിഹാസ വാക്കുകൾ മൊഴിഞ്ഞാൽ പ്രതാപവാനായ അല്ലാഹു അയാളുടെ ശത്രുവായിത്തീരും. തിരുനബി (സ) യുടെ കുടുംബാദികളെ സ്നേഹിക്കാനുള്ള തൗഫീക്ക് അല്ലാഹു നമുക്ക് നൽകി അനുഗ്രഹിക്കട്ടെ.




## അറിയിപ്പ്

2011 ജനുവരി മുതൽ സത്യദൂതൻ പുതിയ മാറ്റങ്ങളോടെയാണ് അച്ചടിക്കുന്നത്. നേരിയ വിലവർദ്ധനവ് അനിവാര്യമായി വന്നിരിക്കയാണ്. ഈ ലക്കം മുതൽ ഒറ്റക്കോപ്പിക്ക് 20 രൂപയും വാർഷികവരിസംഖ്യ 200 രൂപയുമാണ്. വായനക്കാരുടെ പൂർണ്ണ സഹകരണം അഭ്യർത്ഥിക്കുന്നു.

സത്യദൂതന്റെ വരിസംഖ്യയും അതുപോലെ തപാൽ-സർക്കുലേഷൻ സംബന്ധമായ എല്ലാ കത്തുകളും താഴെ കാണുന്ന വിലാസത്തിലാണ് അയക്കേണ്ടത്.

**മാനേജർ**
**സത്യദൂതൻ**
**മസ്ജിദ് ഉമർ, സെന്റ് ബെനഡിക്റ്റ് റോഡ്**
**എറണാകുളം, കൊച്ചി - 682018**
**ഫോൺ : 8089574250, ഫാക്സ് : 0484 2393178**
**ഇമെയിൽ:** sathyadoothan1@gmail.com

# അവയവ വ്യവസ്ഥയും പരിണാമവും

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

**അവയവങ്ങൾ പൂർണ്ണരൂപത്തിൽ പണി തീർത്താണ് മനുഷ്യനെ സൃഷ്ടിച്ചത് എന്ന ക്രിസ്തീയ സൃഷ്ടി സങ്കല്പം വിശുദ്ധ ഖുർആന് കടകവിരുദ്ധമാണ്. പരിണാമത്തിലൂടെയാണ് മനുഷ്യശരീരം സൃഷ്ടിക്കപ്പെട്ടതെന്ന് വിശുദ്ധ ഖുർആൻ പറയുന്നു. മനുഷ്യന്റെ ചെവി അത്തരത്തിൽ സൃഷ്ടിക്കപ്പെട്ട അത്ഭുതകരമായ ഒരവയവമാണ്.**

അവയവം എന്നാൽ വൈദ്യശാസ്ത്രത്തിന്റെ സാങ്കേതികാർത്ഥത്തിൽ ഏതെങ്കിലും സവിശേഷ ധർമ്മം നിർവ്വഹിക്കുന്ന ശരീരത്തിലെ വ്യതിരിക്തമായ ഭാഗമാണ്. അഗാധപഠനം അർഹിക്കുന്ന നിരവധി അവയവങ്ങൾ മനുഷ്യശരീരത്തിലുണ്ട്. അവ വളരെ ദീർഘകാലമെടുത്ത് ക്രമേണ പരിണമിച്ചുണ്ടായതാണോ, അതല്ല ചില പുരോഹിതന്മാർ വിശ്വസിക്കുന്നത് പോലെ പൂർണ്ണ രൂപത്തിൽ പണിതീർത്ത് പെട്ടെന്ന് സൃഷ്ടിക്കപ്പെട്ടതാണോ? അവയവങ്ങൾ അതിന്റെ സവിശേഷതകളിൽ ഡാർവിന്റെ പരിണാമവാദത്തെ പരാജയപ്പെടുത്തുന്നു. എങ്കിലും നാം ഇവിടെ ഊന്നിപ്പറയുന്നത് അവ സ്വയം പരിണാമത്തെ പരാജയപ്പെടുത്തുന്നില്ല എന്നാണ്. അതായത് പരിണമിച്ചുണ്ടായതാണ്.

സൃഷ്ടിവാദികളും പ്രകൃതിവാദികളും തമ്മിലാണ് യഥാർത്ഥ തർക്കം എന്നത് പ്രകൃതി വാദികളുടെ ഭാഗത്ത് നിന്നുള്ള തികഞ്ഞ തെറ്റുധാരണയാണ്. പരിണാമവാദത്തെ എല്ലാ അർത്ഥത്തിലും നിഷേധിക്കുകയും പൊടുന്നനെ (spontaneous)യുള്ള സൃഷ്ടിപ്പിൽ വിശ്വസിക്കുകയും ചെയ്യുന്ന ചില മതതീവ്രവാദികളായ ക്രിസ്ത്യൻ പണ്ഡിതന്മാർ മതപുരോഹിതന്മാരെ പലപ്പോഴും ആകർഷിക്കാറുണ്ട്. പൊടുന്നനെ യുണ്ടാക്കുക (Spontanity) എന്ന തിനർത്ഥം ഒരു ജീവി അതിന്റെ സകല അവയവങ്ങളോടും കൂടി പൂർണ്ണരൂപത്തിൽ പ്രത്യേകമായി സൃഷ്ടിക്കപ്പെടുക എന്നാണ്. തീർച്ചയായും ഇത് ഖുർആനികമായ സൃഷ്ടി സങ്കൽപമല്ല. ക്രിസ്ത്യാനികൾക്കിടയിൽ കാണുന്ന സൃഷ്ടിവാദികളുടെ (Creationist) വീക്ഷണങ്ങളിൽ നിന്ന് ഖുർആന്റെ സങ്കൽപം തികച്ചും വിഭിന്നമാണ്. അവയവങ്ങളുടെ സൃഷ്ടിപ്പും അതിന്റെ വികാസവും ചർച്ച ചെയ്യുമ്പോൾ ഞങ്ങൾ സൃഷ്ടിവാദികളോടൊപ്പമാണെന്ന് ധരിച്ച് ആശയക്കുഴപ്പമോ തെറ്റുധാരണയോ ഉണ്ടാവരുത്. എന്തായാലും അവയവവ്യവസ്ഥയെ സംബന്ധിച്ചിടത്തോളം ഒരു കാര്യം തീർച്ചയാണ്. അതിന്റെ ഏറ്റവും പ്രാകൃതാവസ്ഥയിൽ പോലും അവ ഒരേ സമയം നാല് കാര്യങ്ങൾ പ്രദർശിപ്പിക്കുന്നു.

1. ഒരു ബാഹ്യഘടകത്തിന്റെ സൃഷ്ടിപ്പ് സ്വയം തന്നെ അവയവം എന്ന പേരിന് അർഹമായി തീരുന്നു.

2. ബാഹ്യാവയവങ്ങൾ ശേഖരിക്കുന്ന വിവരങ്ങൾ വഹിച്ചുകൊണ്ടുപോകുന്ന നെർവ് കോഡി (Nerve cord- നാഡീപാശം)ന്റെ വിനിമയ വ്യവസ്ഥയുടെ സൃഷ്ടിപ്പ്.

3. നാം മസ്തിഷ്ക്കത്തിന്റെ പ്രത്യേകഭാഗമായി വിശേഷിപ്പിക്കുന്ന, ഏറ്റവും സങ്കീർണ്ണമായ ആന്തരിക തിരിച്ചറിയൽ വ്യവസ്ഥയുടെ സൃഷ്ടിപ്പ്. വിവരങ്ങൾ സ്വീകരിക്കാനും അത് അപഗ്രഥിക്കാനും അതിലെ മുഖ്യ സന്ദേശം ശരിയായ രീതിയിൽ തിരിച്ചറിയാനും കഴിയുന്ന രൂപത്തിലാണ് അത് രൂപകൽപന ചെയ്യപ്പെട്ടിട്ടുള്ളത്.

4. ശേഖരിക്കപ്പെട്ട എല്ലാ വിവരങ്ങളും മസ്തിഷ്ക്ക കേന്ദ്രം, മസ്തിഷ്ക്കത്തിൽ തന്നെയുള്ള നിരവധി മറ്റു കേന്ദ്രങ്ങളിലേക്ക് വിനിമയം ചെയ്യേണ്ടതുണ്ട്. അവിടെ അത് രേഖപ്പെടുത്തുകയും ശരീരത്തിലെ മറ്റു ഭാഗങ്ങളിലുള്ള സമാനനാഡീ കേന്ദ്രങ്ങളിലേക്ക് അത് പുനർവിതരണം ചെയ്യുകയും ചെയ്യുന്നു.

അങ്ങേയറ്റം സങ്കീർണ്ണമായ ഈ അവയവ വ്യവസ്ഥയിലെ ഓരോ അവയവത്തിന്റെ ഘടക ങ്ങളുടേയും നിർമ്മാണത്തിലെ ഉദ്ദേശ്യവും രൂപകൽപനയും വളരെ വ്യക്തമാണ്.

നമ്മുടെ തർക്കം കണ്ണ്, കാത് മുതലായ അർത്ഥവത്തായ ധർമ്മ ങ്ങൾ നിർവ്വഹിക്കുന്ന അവയവ ങ്ങൾ ഒരു ഒറ്റപ്പെട്ട അവയവമാ ണെന്ന് തെറ്റായി വിവരിക്കപ്പെ ടുന്നു എന്നതാണ്. ഒറ്റപ്പെട്ട അവ യവം എന്ന നിലക്ക് അവക്ക് ഒരർത്ഥവുമില്ല. അവക്ക് എന്തെ ങ്കിലും അർത്ഥമുണ്ടാകണമെ ങ്കിൽ അവ ഉൾപ്പെട്ട ഒരു സമഗ്ര വ്യവസ്ഥിതിയുടെ ഭാഗമായി അതിനെ കാണണം. വീണ്ടും ഈ അവയവങ്ങളെ അതിന്റെ പരിധി ക്കുള്ളിൽ നിന്നുകൊണ്ട് സൂക്ഷ്മ മായി പരിശോധിച്ചാൽ അതിന കത്തും കൊച്ചു കൊച്ചു അവയ വങ്ങളുള്ള നിരവധി ഉപവ്യവസ്ഥ കൾ കാണാം. അങ്ങനെ അതിന്റെ സാകല്യാവസ്ഥയിൽ അവ ആപേ ക്ഷികമായി നിരവധി ഉപവ്യവസ്ഥ കളുടെ സമുച്ഛയമാണ്. അതിന്റെ ഏറ്റവും പ്രാകൃതാവസ്ഥയിൽ പോലും നേരത്തെ വിവരിച്ചത് പോലെ, നിരവധി ഘടകങ്ങളുടെ അവികലമായ സ്വരച്ചേർച്ച അതിൽ കാണാം. ഉദാഹരണ ത്തിന് മനുഷ്യൻ ജനിക്കുന്നതിന് നൂറുകണക്കിന് ദശലക്ഷം വർഷ ങ്ങൾക്ക് മുമ്പേ ജീവിച്ച മൃഗങ്ങ ളിൽ കാഴ്ചയുടെ മെക്കാനിസം പ്രവർത്തിക്കുന്നതായി കാണാം. അപ്പോഴും വളരെ നന്നായി സംഘടിപ്പിക്കപ്പെട്ട ആ നേത്രവ്യ വസ്ഥയുടെ ഇന്നത്തെ അതേ സങ്കീർണ്ണതകൾ കാണാം. അവ യുടെ ദർശനവ്യവസ്ഥിതി നിര വധി അവയവങ്ങളുടെ പൊരുത്ത മുള്ള ഒരു സമുച്ഛയമാണ്. എന്ത് യുക്തി പ്രയോഗിച്ചാണ് ഇത് പ്രകൃതി നിർദ്ധാരണമാണെന്ന് നമുക്ക് പറയാൻ കഴിയുക? മനു ഷ്യന്റെ ഗ്രാഹ്യശക്തിക്കതീതമായ എന്തെങ്കിലും ഡാർവീനിയൻ തത്ത്വങ്ങൾ ഇതിൽ പ്രയോഗിക്കാ നുണ്ടോ?

നമുക്ക് പരിചയമുള്ള ഒരു തരത്തിൽപ്പെട്ട കണ്ണിന്റെ ഉദാഹ രണം മാത്രമല്ല വായനക്കാരന് മുമ്പിൽ സമർപ്പിക്കാൻ നാം ഉദ്ദേ ശിക്കുന്നത്. മറ്റു ചില ദർശന ങ്ങളും കാണാനുതകുന്ന വ്യത്യ സ്ത രീതിയിൽ നിർമ്മിക്കപ്പെട്ട കണ്ണുകളെക്കുറിച്ചും നാം പറയാ നാഗ്രഹിക്കുന്നു. ജീവികളുടെ ആന്തരിക പ്രപഞ്ചവുമായി ബാഹ്യലോകത്തെ ബന്ധിപ്പി ക്കുന്ന വ്യത്യസ്ത രീതിയിൽ നിർമ്മിക്കപ്പെട്ട ആ കണ്ണ് കാഴ്ച യുടെ അതേ ധർമ്മം തന്നെയാണ് നിർവ്വഹിക്കുന്നത്. ഈ സാർവ്വ ത്രിക നിയമത്തിന് ഒരു മാറ്റവുമി ല്ല. വിവേകബോധമുള്ള വായന ക്കാരന് ഒരു കാര്യം മനസ്സിലാക്കി ക്കൊടുക്കുക എന്നതാണ് നമ്മുടെ ഉദ്ദേശ്യം. അതായത് ഇതിനെ സംബന്ധിച്ച ഘടനാപര മായ വിശദീകരണം നൽകാൻ ആ അന്തർദൃഷ്ടിയുടെ രൂപഘട നയെക്കുറിച്ചും അതിന്റെ സാങ്കേ തിക രൂപകൽപനയെക്കുറിച്ചും വ്യക്തമായി അറിഞ്ഞ ഒരാൾക്ക് മാത്രമേ സാധ്യമാകൂ. ഒരു കാര്യം നാമോർക്കണം. അവയവങ്ങളുടെ ഓരോ ഘടകവും പല ഉപഘടക ങ്ങൾചേർന്നതാണ്. അതാകട്ടെ അതീവ സങ്കീർണ്ണവും വളരെ യേറെ വിശദീകരണം അർഹിക്കു ന്നതുമാണ്. അതിന്റെ ആന്തരിക മായ സംഘാടനത്തിന്റെ സ്വര ചേർച്ചയോടെയുള്ള പ്രവർത്ത നത്തെക്കുറിച്ചും അത് നിർമ്മിക്ക പ്പെട്ട വസ്തുക്കളെക്കുറിച്ചും ഒരുപാട് വിശദീകരിക്കാനുണ്ട്.

ജീവികളെ അജീവി വസ്തു ക്കളിൽ നിന്ന് വേർതിരിച്ചു നിറു ത്തുന്ന ഏറ്റവും പ്രധാനപ്പെട്ട രണ്ട് അവയവങ്ങളാണ് ചെവികളും അതിന്റെ അനുബന്ധ വ്യവസ്ഥക ളും. അതുപോലെ കണ്ണുകളും അതിന്റെ അനുബന്ധ വ്യവസ്ഥക ളും. വിശുദ്ധ ഖുർആനിലെ വച നങ്ങളെ ഉപജീവിച്ചുകൊണ്ട് നമുക്ക് കേൾക്കാനുള്ള കഴിവിൽ നിന്ന് ആരംഭിക്കാം.

**“നിങ്ങൾക്ക് ഒന്നും അറി ഞ്ഞു കൂടാത്ത അവസ്ഥയിൽ അല്ലാഹു നിങ്ങളെ നിങ്ങളുടെ മാതാക്കളുടെ ഉദരങ്ങളിൽ നിന്ന് പുറത്ത് കൊണ്ടുവന്നു. അവൻ നിങ്ങൾക്ക് ചെവികളും കണ്ണു കളും ഹൃദയങ്ങളും ഉണ്ടാക്കി തരികയും ചെയ്തിരിക്കുന്നു. നിങ്ങൾ കൃതജ്ഞത കാണി ക്കാൻ വേണ്ടി.” (16:79)**


വായനക്കാരൻ ഒരു കാര്യ മോർക്കണം. ‘അൽ ഫുആദ്’ എന്ന അറബി പദം ‘ഹൃദയം’ എന്നാണ് ഇവിടെ വിവർത്തനം ചെയ്തിരിക്കുന്നത്. വാസ്തവ ത്തിൽ ‘ഹൃദയം’ എന്നതുകൊണ്ട് മനുഷ്യന്റെ ധാരണാശക്തിയുടെ അന്തിമസ്ഥാനം എന്നാണ് അർത്ഥമാക്കുന്നത്. അല്ലാതെ ശരീരാവയവമായ ഹൃദയമല്ല. പല ഖുർആനിക വചനങ്ങളും ഈ വിവക്ഷയെ പിന്തുണക്കുന്നു.

**‘(നബിയുടെ) ഹൃദയം കണ്ടത് അത് വ്യാജമാക്കിയിട്ടില്ല.’ (53:12)**

ഈ വചനം മുഹമ്മദ് നബി (സ) ദർശിച്ച ദൈവത്തിന്റെ ഗുണ ങ്ങളെ പറ്റി സൂചിപ്പിക്കുന്നു. ഇവിടെ ‘ഹൃദയം’ എന്ന തർജ്ജമ ‘മനസ്സ്’ എന്നതിന് ഭാഷയിൽ പ്രയോഗിക്കുന്ന പ്രതീകമാണ്. അത് ശരീരത്തിനകത്തെ ഹൃദയ മെന്ന അവയവമല്ല. ആ ഹൃദയം ദൈവത്തിന്റെ ഗുണങ്ങളെ ദർശി ക്കുന്ന ഹൃദയമാണ്. മനുഷ്യന്റെ മനസ്സാണ് ആ ധർമ്മം നിർവ്വഹി ക്കുന്നത്. സുപ്രധാനമായ ഈ പരാമർശം നടത്തിക്കൊണ്ട്

നമുക്ക് തുടർന്നുള്ള ചർച്ചകളി ലേക്ക് പോകാം. ചെവിയുടെ അവയവ ഘടനയെക്കുറിച്ചും പ്രതിപാദിക്കാം.

ചെവിയുടെ പുറത്തേക്ക് കാണുന്ന വിധം എഴുന്നു നിൽക്കുന്ന ഭാഗത്തെയാണ് ബാഹ്യകർണ്ണം (Auricle) എന്ന് പറയുന്നത്. ഈ പുറം ചെവി വിവിധ വ്യക്തികളിൽ വിവിധ രൂപത്തിലാണ് കാണപ്പെടുന്നത്.




ചിലർക്ക് വലുപ്പം കൂടിയതായിരിക്കും. ചിലർക്ക് ചെറുതായിരിക്കും. ശബ്ദതരംഗങ്ങളെ പിടിച്ചെടുക്കാനുള്ള സ്വീകരണിയുടെ പ്രതലവിസ്തീർണ്ണം കൂടുതലാക്കുക എന്നതാണ് പുറം ചെവി കൊണ്ടുള്ള അഥവാ ബാഹ്യ കർണ്ണം കൊണ്ടുള്ള ഉദ്ദേശ്യം. ഇങ്ങനെ സ്വീകരിക്കപ്പെടുന്ന ശബ്ദതരംഗങ്ങൾ പുറത്തെ ചെവിയുടെ ദ്വാരത്തിലേക്ക് തിരിച്ചുവിടുന്നു. ഇതാണ് കർണ്ണനാളിയുടെ (Auditory Canal) പ്രവേശന ദ്വാരം. കർണ്ണനാളിക്ക് ഒരിഞ്ചോളം നീളമുണ്ട്. ഈ കുഴൽ നേർത്ത ഒരു ചർമ്മപാളികൊണ്ട് ആവരണം ചെയ്തിരിക്കുന്നു. അതിൽ നിന്ന് മൃദുലമായ ചെവിക്കായം സ്രവിച്ചുകൊണ്ടിരിക്കും.

ഈ കർണ്ണനാളി കർണ്ണപാളിയുമായി (Ear drum OR Tympanic membrane) ബന്ധിച്ചിരിക്കുന്നു. ഇവിടെ പുറം ചെവി അഥവാ ബാഹ്യകർണ്ണം അവസാനിക്കുന്നു. ഈ കർണ്ണപാളിയാണ് പുറം ചെവിയുടേയും ഇടച്ചെവി (Middle ear) യുടേയും വിഭജന ഭിത്തി. ഈ വിഭാജക ഭിത്തിയുടെ ഇരുവശമുള്ള അറകളിലേയും വായുമർദ്ദം ഒരു പ്രത്യേക ട്യൂബിനാൽ സമതുലിതമാക്കിയിട്ടുണ്ട്. ഈ ട്യൂബിനെ യൂസ്റ്റേകിയൻ ട്യൂബ് (Eustachian tube) എന്ന് വിളിക്കുന്നു. ഇത് ഇടച്ചെവിയിലെ ദ്വാര(Cavity)വും തൊണ്ടയുമായി ബന്ധിപ്പിക്കുന്നു. ഈയൊരു സംവിധാനം അതിപ്രധാനമാണ്. അതുകൊണ്ടാണ് ചെവിയുടെ കർണ്ണപാളി ശബ്ദം കേൾക്കുമ്പോൾ ഇരുഭാഗത്തേക്കും കമ്പനം ചെയ്യുന്നത്.

ബാഹ്യകർണ്ണനാളിയുടേയും ഉൾച്ചെവിയുടേയും ഇടക്കുള്ള ഇടുങ്ങിയ ഒരു വിടവാണ് ഇടച്ചെവി. അതിൽ വായു നിറഞ്ഞിരിക്കുന്നു. കൂടാതെ ലോലമായ മൂന്ന് തരുണാസ്ഥികളുമുണ്ട് (Ossicles). അത് മൂന്നും ശൃംഖലകളായി ബന്ധിച്ചിരിക്കുന്നു. അത് കർണ്ണപാളിയിൽ നിന്ന് വരുന്ന ശബ്ദതരംഗങ്ങളെ ശക്തികൂട്ടി ഉൾച്ചെവിയിലേക്ക് പ്രേഷണം ചെയ്യുന്നു. ഈ മൂന്ന് തരുണാസ്ഥികളെ മാലിയസ് (Malleus) ഇൻകസ് (Incus) സ്റ്റേപസ് (Stapes) എന്നാണ് വിളിക്കുന്നത്. അമേരിക്കയിൽ ഈ മൂന്ന് തരുണാസ്ഥികളെ യഥാക്രമം ഹാമർ (Hammar) അൻവിൽ (Anvil) സ്റ്റിറപ്പ് (Stirrup) എന്നീ പേരുകളിലാണ് വിളിക്കുന്നത്. ഈ അസ്ഥികളിൽ ആദ്യത്തേത് കർണ്ണപാളിയുമായി ബന്ധിച്ചിരിക്കുന്നു. രണ്ടാമത്തേത് മൂന്നാമത്തേ(Stapes or Stirrup) തിനോടും ബന്ധിച്ചിരിക്കുന്നു. മൂന്നാമത്തെ അസ്ഥി അണ്ഡാകൃതിയിലുള്ള ജാലകത്തിലെ (Oval window) പാളിയുമായി ബന്ധിപ്പിച്ചിരിക്കുന്നു. അത് യഥാക്രമത്തിൽ കമ്പനം ചെയ്യുകയും ആ കമ്പനം ഉൾച്ചെവിയിലെ ദ്രാവകത്തിലേക്ക് കൈമാറ്റം ചെയ്യുകയും ചെയ്യുന്നു.

ഉൾച്ചെവി ശൃംഖലാബദ്ധമായ ധാരാളം സഞ്ചികളും ദ്രാവകം നിറഞ്ഞ കുഴലുകളുള്ള സങ്കീർണ്ണമായ ഒരു ഇടമാണ്. അവ ശ്രവണം, ശരീരസന്തുലനം എന്നീ രണ്ടു ധർമ്മങ്ങൾ നിർവ്വഹിക്കുന്നു. ഇത് ചെവിയുടെ ഏറ്റവും സങ്കീർണ്ണമായ ഭാഗമാണ്. ഇതിൽ ശംഖാകൃതിയുള്ള അസ്ഥിയുടെ (Temporal bone) ഉള്ളിലേക്ക് തള്ളി നിൽക്കുന്ന മൂന്ന് അകം പൊള്ളയായ വ്യത്യസ്ത കുഴലുകളുണ്ട്. അസ്ഥികൾ കൂടി കുഴഞ്ഞ് കിടക്കുന്ന ഇടമാണ് ഇവിടം. വെസ്റ്റിബ്യൂലെ (Vestibule) കോക്ളിയ (Cochlea) അർദ്ധ അണ്ഡാകൃതിയുള്ള കനാലുകൾ (Semiciruclar Canals) ഇവയെല്ലാം പെരി ലിംഫ് (Perilymph) എന്ന ദ്രാവകം കൊണ്ട് നിറഞ്ഞിരിക്കുന്നു. ദ്രാവകത്തിലെ സൂക്ഷ്മചലനങ്ങൾ പോലും സംവേദിച്ചറിയുന്ന തീവ്രമായ സംവേദനക്ഷമതയുള്ള നാഡികൾ കർണ്ണപാളിയിൽ രേഖകൾ പോലെ നിലകൊള്ളുന്നു.

അസ്ഥികൾ കൊണ്ട് നിർമ്മിച്ച അർദ്ധ അണ്ഡാകൃതിയിലുള്ള കനാലുകൾ സ്തരങ്ങളോടുകൂടിയ കനാലുകളാണ്. അതിൽ എൻഡോലിംഫ്സ് (Endolymphs) എന്ന ദ്രാവകം നിറഞ്ഞിരിക്കുന്നു. അതുപോലെ തന്നെ സ്തരീയമായ കോക്ക്ളിയ (Mambranious Cochlea) അസ്ഥികൾ കൊണ്ട് നിർമ്മിച്ച കോക്ളിയയുടെ (Bonery Cochlea) പെരിലിംഫ് ദ്രാവകത്തിലാണ് സ്ഥിതി ചെയ്യുന്നത്. സ്തരീയമായ കോക്ളിയായിലാകട്ടെ എൻഡോലിംഫ് എന്ന ദ്രാവകം നിറച്ചിരിക്കുന്നു. ശബ്ദതരംഗങ്ങൾ കർണ്ണപാളിയെ കമ്പനം കൊള്ളിക്കുന്നു. ഈ കമ്പനങ്ങൾ തരുണാസ്ഥികൾ വമ്പിച്ച തോതിൽ വർദ്ധിപ്പിച്ച് പെരിലിംഫിലേക്ക് വിനിമയം ചെയ്യുന്നു. പെരിലിംഫ്സ്തരത്തലൂടെ എൻഡോലിംഫിലേക്ക് സംവഹിച്ചു കൊണ്ടുപോകുന്നു. എൻഡോലിംഫിൽ പ്രവേശിക്കപ്പെടുന്ന തരംഗങ്ങൾ ചെറിയ രോമങ്ങൾ പോലെയുള്ള സ്വീകരണിയിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും അതിനെ ഉദ്ദീപിപ്പിക്കുകയും ചെയ്യുന്നു. പിന്നീട് നാഡി തന്തുക്കളിലൂടെ അത് മസ്തിഷ്ക്ക കേന്ദ്രത്തിലേക്ക് (Cerebrum) സംവഹിക്കപ്പെടുന്നു.

ശരീരത്തിനെ സന്തുലിതമാക്കി നേരെ നിറുത്തുന്ന ധർമ്മം നിർവ്വഹിക്കുന്നത് അർദ്ധ അണ്ഡാകൃതിയിലുള്ള കനാലിലെ ലൂപ് ആകൃതിയിലുള്ള മൂന്ന് കുഴലുകളാണ്. ഇവ മൂന്ന് തലങ്ങളിൽ മട്ടകോണാകൃതിയിൽ വേറെ വേറെ സ്ഥിതിചെയ്യുന്നു. തല ചരിക്കുന്നതിനനുസരിച്ച് അതിനുള്ളിലെ ദ്രാവകം ഇളകുന്നു. ചെറിയ ഒരു ചലനമായാൽ പോലും ഈ മൂന്ന് തലത്തിൽ ദ്രാവകങ്ങളിൽ അത് പ്രതിഫലിക്കുന്നു. ദ്രാവകങ്ങളുടെ ഈ ഇളക്കത്തിൽ നിന്ന് ലഭിക്കുന്ന സിഗ്നലുകൾ നിരന്തരം മസ്തിഷ്ക്കത്തിലെ സെറിബ്രത്തിലേക്ക് നാഡികളിലൂടെ പ്രേഷണം ചെയ്യപ്പെടുകയും അവിടെ അത് വ്യാഖ്യാനിക്കപ്പെടുകയും ചെയ്യുന്നു. മസ്തിഷ്ക്കത്തിന്റെ ഈ വ്യാഖ്യാനത്തിലൂടെയാണ് ഏത് അവസ്ഥയിലാണ് നമ്മുടെ ശരീരം നിലകൊള്ളുന്നതെന്നും ഏത് ദിശയിലേക്കാണ് നമ്മുടെ ശരീരം ചരിയുന്നതെന്നും അറിയുന്നത്. മുന്നോട്ടോ പിന്നോട്ടോ, വലത്തോട്ടോ ഇടത്തോട്ടോ മുകളിലോട്ടോ താഴോട്ടോ ഏത് ദിശയിലേക്കുള്ള ചലനമായിരുന്നാലും അത് സൂക്ഷ്മമമായി അറിയാൻ കഴിയുന്നു. ഒരു ദിശയിൽ നിന്ന് മറ്റൊരു ദിശയിലേക്കുള്ള ചെറിയ മാറ്റം പോലും രേഖപ്പെടുത്തി അതിനു തത്തുല്യമായ ജാഗ്രത നിർദ്ദേശം മസ്തിഷ്കം നൽകുകയും ചെയ്യുന്നു.

ചെവിയുടെ ആകൃതിയും അതിന്റെ പ്രവർത്തനങ്ങളും ഹ്രസ്വമായ രീതിയിൽ നാം വിവരിച്ചുകഴിഞ്ഞു. ഈ വിവരണം കോശങ്ങളുടേയും കലകളുടേയും പ്രവർത്തനങ്ങളെക്കൂടി പ്രതിപാദിച്ചുകൊണ്ട് ഒന്നുകൂടി വിപുലീകരിക്കാൻ കഴിയും. അവയാണ് ചെവിയുടെ ഘടകങ്ങളായി വർത്തിക്കുന്നതും അതിന്റെ സങ്കീർണ്ണമായ പ്രവർത്തനങ്ങൾ നടത്തുന്നതും. ചെവിയെപ്പറ്റി പല കാര്യങ്ങളും വിശദീകരിച്ചു. അതിൽ പുറം ചെവി എന്ന അവയവം എല്ലാ പരിണാമ സിദ്ധാന്തങ്ങളെയും, അതിന്റെ ക്രമികവും മന്ദഗതിയിലുള്ളതുമായ നിർമ്മാണ തത്ത്വങ്ങളേയും പരാജയപ്പെടുത്തുവാൻ പര്യാപ്തമായ ഒരു അവയവമാണ്. ഈ അവയവത്തിന്റെ ഒരോ ഭാഗവും കേൾവിക്ക് അനുപേക്ഷണീയമാണ്. ഏതെങ്കിലും ഒരു ഭാഗത്തിന് രോഗം ബാധിക്കുകയോ തകരാറ് സംഭവിക്കുകയോ ചെയ്താൽ കേൾവി അസാദ്ധ്യമാണ്. ജീവികളുടെ പരിണാമഗതിയുടെ കാരണവും സുപ്രധാനഘടകങ്ങളും പൂർണ്ണമായും ഡാർവിന്റെ സിദ്ധാന്തങ്ങളെ ആശ്രയിച്ചിട്ടാണെന്ന് ധരിക്കുന്ന ആളുകളെ ഞാൻ ഒരു വിശദീകരണത്തിനായി ക്ഷണിക്കുന്നു. അതായത് ഇത്തരത്തിൽ ശാസ്ത്രത്തിന്റെ അവികല പൂർണ്ണമായ ഒരു കരകൗശല വസ്തു ഡാർവീനിയൻ തത്ത്വപ്രകാരം ഘട്ടം ഘട്ടമായി സൃഷ്ടിക്കപ്പെടുവാൻ എത്ര ദശലക്ഷം അല്ലെങ്കിൽ ശതകോടി വർഷം വേണ്ടിവരും എന്നാണ് അവർ വിശദീകരിക്കേണ്ടത്. ശാസ്ത്രജ്ഞന്മാർക്ക് ഇത് സാധ്യമാവുമോ? ജീവനെപറ്റിയും, ഭൗതിക ശാസ്ത്രത്തെക്കുറിച്ചും, ആധുനിക രസതന്ത്രം എന്നിവയെക്കുറിച്ചുമുള്ള അവരുടെ ഏറ്റവും ഉന്നതമായ സാങ്കേതിക ജ്ഞാനത്തിന് ഒരു ശ്രവണാവയവം രൂപകൽപന ചെയ്യാൻ സാധിക്കുമോ? ഇന്ന് അവർക്ക് ചെവിയിലെ ഉള്ള് പൊള്ളയായ തരുണാസ്ഥിയുടെ സങ്കീർണ്ണതകളെക്കുറിച്ചറിയാം. അത് കടന്നുപോകുന്ന കെട്ടുപിണഞ്ഞ സംവിധാനങ്ങളെക്കുറിച്ചുമറിയാം. അവ തന്നെ സംശ്ലേഷിച്ചെടുത്ത ഉചിതമായ പദാർത്ഥങ്ങൾ കൊണ്ട് അവർക്കതിന്റെ മറുപതിപ്പ് നിർമ്മിക്കാനാവുമോ? അത്തരം ഒരു ഉപകരണം അവർ നിർമ്മിക്കുകയാണെങ്കിൽ അത് യാതൊരു ലക്ഷ്യവും കൂടാതെയും ഒരു പ്രവർത്തന രൂപരേഖയില്ലാതെയും അതിന്റെ സൂക്ഷ്മാംശങ്ങൾ ആരായാതെയും പ്രകൃതി നിർദ്ധാരണത്തിന്റെ സ്വാധീനത്താൽ സൃഷ്ടിക്കപ്പെടുമെന്ന് അവർ വിശ്വസിക്കുമോ? മനുഷ്യന്റെ ചെവിയെ

# ഒന്നായിത്തീരട്ടെ മാനസങ്ങൾ!

എച്ച്. എസ്. കാവശ്ശേരി



ശാശ്വതശാന്തി സന്ദായകമാം
ഈശ്വര പ്രോക്ത മതങ്ങളെല്ലാം
ആദ്യപാഠങ്ങളായോതിടുന്നു:
'ആർദ്രത, സ്നേഹം, സഹാനുഭൂതി'.

എന്നിട്ടു ചിന്തുന്നു ചോര മർത്ത്യർ
മന്നിൽ മതങ്ങൾ തൻ പേരിൽ നിത്യം!
ശാന്തിമന്ത്രങ്ങളും തീവ്രവാദ
ഭ്രാന്തമായെന്താണു ബന്ധമോർത്താൽ!

ലോകർക്കു സൗഖ്യം ഭവിപ്പതിന്നേ
യോഗീശ്വരൻമാർ കൊതിച്ചതുള്ളൂ
സ്നേഹിക്ക ശത്രുവെപ്പോലുമെന്നേ
ശ്രീയേശു ദേവൻ മൊഴിഞ്ഞതുള്ളൂ.

കാരുണ്യ ദിവ്യ പ്രവാഹമല്ലീ
കാൺമതു മുത്ത് നബിയിലും നാം
ദ്രോഹിച്ചിരുന്ന ജനതകൾക്കും
സ്നേഹത്തണലായിരുന്നു നബി!

ഏറെക്കൊടും ക്രൂരമർദ്ദനങ്ങ-
ളേല്പിച്ചിരുന്ന സമൂഹമൊന്നായ്
പറ്റെപ്പരാജിതരായൊരു നാൾ
കുറ്റങ്ങളോർത്തു ഭ്രമിച്ചു നിൽക്കെ,

നീറുന്ന നിഷ്ഠൂര മർദ്ദനത്തിൻ
നൂറു നൂറോർമ്മ നിറഞ്ഞു നിൽക്കെ,

നിർവീര്യരായ്ത്തീർന്ന ശത്രുവിന്മേൽ
സർവാധികാരിയാണിന്നു പക്ഷേ,

എന്താണു ചെയ്തതാ സാർവഭൗമൻ
ചെന്തളിർമാനസൻ പുണ്യപൂമാൻ?
എന്നേക്കുമുന്നത മാതൃകകൾ,
തന്നേച്ചുപോയ മഹാനുഭാവൻ.

ആയുധമേന്തിയില്ലക്കരങ്ങൾ
ആഛേദിച്ചില്ല ശിരസ്സുകളും
തെല്ലും പ്രതികാര ചിന്തയില്ലാ-
തെല്ലാം പൊറുത്തു നബിവരേണ്യൻ!

രാജ്യമല്ലായിരമാം ഹൃദന്ത
സാമ്രാജ്യമാണങ്ങു കീഴടക്കി!
വാൾത്തലയെന്തിന്നു സോദരരേ
വീഴ്ത്തേണ്ടതു ഹൃദയങ്ങളല്ലോ!

സർവമതങ്ങളുമേക ശക്തി
സ്രോതസ്സിൽ നിന്നുതാനുദ്ഭവിച്ചു
ദൂതന്മാരൊക്കെയുമേക സത്യ
ജ്യോതിസ്സിൻ സന്ദേശമുദ്ഘോഷിച്ചു.

അന്യോന്യം സ്നേഹിച്ചിടുക നമ്മൾ
ഒന്നായിത്തീരട്ടെ മാനസങ്ങൾ.
അന്യോന്യമാദരം നൽക നമ്മൾ
നന്നായ് വളരട്ടെ സൗഹൃദങ്ങൾ

---


പോലെ അത്ഭുതകരമായ ഒരു അവയവം പ്രകൃതിയുടെ അന്ധമായ ശക്തികൾ സുദീർഘമായ സമയം ഉപയോഗിച്ച് സൃഷ്ടിച്ചെടുത്തെങ്കിൽ അർത്ഥവത്തായ നിലയിൽ ക്രമികമായി അതിന്റെ ഘടകങ്ങൾ സംയോജിപ്പിച്ച് സംഘാടനം ചെയ്തെടുക്കാൻ അതിനേക്കാൾ പ്രയാസകരമാണ്. മനുഷ്യന്റെ ചെവി സൃഷ്ടിച്ചെടുക്കാൻ പ്രകൃതി നിയമങ്ങളെ പറ്റി പൂർണ്ണജ്ഞാനവും ബോധവുമുള്ള ഒരു നിയന്ത്രകൻ അതിനു പിന്നിൽ ഉണ്ടായിരിക്കേണ്ടത് അനിവാര്യമാണ്. ■

('വെളിപാട് യുക്തി ജ്ഞാനം സത്യം' എന്ന പുസ്തകത്തിൽ നിന്ന്)

# ലിയോ ടോൾസ്റ്റോയ്
# ഇസ്‌ലാമിനെ സ്നേഹിച്ച മഹാപ്രതിഭ

ബശാറത്ത് അഹ്മദ് ബശീർ

**വിശ്വപ്രശസ്ത നോവലിസ്റ്റായ ലിയോ ടോൾസ്റ്റോയ് ഇസ്‌ലാമിനെ സ്നേഹിക്കുകയും മുഹമ്മദ് നബി(സ)യെ ആദരിക്കുകയും ചെയ്ത ചിന്തകനും ധർമനിഷ്ഠയുള്ള ആദർശശാലിയുമായിരുന്നു. അഹ്മദിയ്യാ സാഹിത്യങ്ങൾ അദ്ദേഹത്തെ സ്വാധീനിക്കുകയുണ്ടായി.**



മഹാനായ ഒരു റഷ്യൻ ചിന്തകനും നോവലിസ്റ്റുമായിരുന്നു കൗണ്ട് ലിയോ ടോൾസ്റ്റായ് (1812 – 1910). റഷ്യക്കാരെ മാത്രമല്ലാ ലോകം മുഴുവനുമുള്ള അക്ഷരപ്രേമികളെ അദ്ദേഹത്തിന്റെ രചനകൾ സ്വാധീനിച്ചു. കുലീനമായ ഒരു റഷ്യൻ കുടുംബത്തിലാണ് ടോൾസ്റ്റോയി ജനിച്ചത്. പട്ടാളക്കാരനായി പൊതുജീവിതമാരംഭിച്ച അദ്ദേഹം അക്കാലത്ത് തന്നെ രചനകളും ആരംഭിച്ചു.

### കുട്ടിക്കാലം

ചെറുപ്രായത്തിൽ തന്നെ ടോൾസ്റ്റോയിക്ക് മാതാപിതാക്കൾ നഷ്ടപ്പെട്ടിരുന്നു. ഏകാന്തതയിൽ കൊച്ചു ടോൾസ്റ്റോയിയുടെ മനസ്സ് കൂടുതൽ ഏകാഗ്രവും സംവേദനക്ഷമതയുള്ളതുമായി മാറി. അദ്ദേഹം പൊതുവേ ഗൗരവസ്വഭാവിയും വിഷാദഭാവക്കാരനുമായിരുന്നു. കൂട്ടുകാരില്ലാത്ത ലിയോ ഏകാന്ത പ്രേമിയായിരുന്നു. മരണം മനുഷ്യനെ ആക്രമിക്കാൻ ഏതോ മൂലയിൽ പതിയിരിക്കുന്നു വെന്നചിന്ത അദ്ദേഹത്തിൽ രൂഢമൂലമായി. അതുകൊണ്ട് ജീവിതം പരമാവധി ആസ്വദിക്കാനുള്ള ഉദ്യമങ്ങളിൽ അദ്ദേഹം മുഴുകി. 'കുട്ടിക്കാലം' (Childhood) എന്ന തന്റെ പുസ്തകത്തിൽ ഈ ചിന്ത അദ്ദേഹത്തിന്റെ ജീവിതത്തെ ആ വഴിക്ക് മാറ്റുകയുണ്ടായി എന്ന് എഴുതിയിട്ടുണ്ട്.

### വിദ്യാഭ്യാസം

1837 – ൽ ടോൾസ്റ്റോയിയുടെ പിതാവ് മരിച്ചപ്പോൾ അദ്ദേഹം ഖസാനിലേക്ക് താമസം മാറ്റി. അവിടെ അദ്ദേഹം തന്റെ അമ്മായിയുടെ സംരക്ഷണയിലാണ് വളർന്നത്. വളരെയേറെ പ്രതിഭാശാലിയായ ഒരു റഷ്യക്കാരിയായിരുന്ന അവർ, ഉന്നതമായ സംസ്കാരവും അത്യുദാരമായ ആതിഥ്യമര്യാദയും പാലിച്ചിരുന്നു. ആ സ്ത്രീ അതീവ ധിഷണാശാലിയുമായിരുന്നു. ഏതൊരു വിഷയത്തെക്കു റിച്ചും ആരുമായും സംസാരിക്കാനും ചർച്ചചെയ്യാനും തന്റെ വീടിന്റെ വാതിലുകൾ എപ്പോഴും അവർ മലർക്കേ തുറന്നിട്ടിരുന്നു. ധാർമ്മിക വിഷയങ്ങളിൽ ഉദാരവീക്ഷണം പുലർത്തിയിരുന്ന അവരുടെ സാമൂഹിക ജീവിത ശൈലി ടോൾസ്റ്റോയിയുടെ ഭാവി ജീവിതത്തെ സാരമായി സ്വാധീനിച്ചു.

### മുസ്‌ലിം സംസ്കാരം

ഖസാനിലെ താമസത്തിനിടയിൽ മുസ്‌ലിം സംസ്കാരങ്ങളുമായി ഇടപഴകാനും കിഴക്കൻ ജനതകളുടെ ജീവിതം അടുത്തുനിന്ന് കാണാനും അദ്ദേഹത്തിന് അവസരം ലഭിച്ചു. മുസ്‌ലിം ജീവിതരീതി ടോൾസ്റ്റോയിയെ ഹഠാതാകർഷിക്കുകയുണ്ടായി. സംതൃപ്തിയിലും സത്യസന്ധതയിലും, ഭയഭക്തിയിലും അധിഷ്ഠിതമായിരുന്നു അവിടെയുള്ള

മുസ്ലിംകളുടെ ജീവിത രീതി. ഖസാനിലെ താമസത്തിനിടയിലെ ഓർമകൾ അദ്ദേഹം തന്റെ രചനകളിൽ പ്രതിപാദിക്കുന്നുണ്ട്.

മുസ്ലിം ഭൂരിപക്ഷ പ്രദേശമായ മദ്ധ്യേഷ്യ സാർചക്രവർത്തിമാരുടെ അധീനതയിലായിരുന്നു. അറബി, തുർക്കി, എന്നീ ഭാഷകൾക്കൊപ്പം അവരുടെ ദേശീയതയും അവരുടെ സംസ്കാരവും അവിടെ തഴച്ചു വളർന്നു. ലോകത്തെങ്ങുമുള്ള മുസ്ലിംകൾ അവരുടെ മതപരമായ മാർഗദർശനങ്ങൾക്കായി മദ്ധ്യേഷ്യയിലേക്കായിരുന്നു അന്ന് നോക്കിയിരുന്നത്. മുസ്ലിം ലോകത്തെ പ്രഗല്ഭരായ പണ്ഡിതൻമാർ റഷ്യയിലെ മദ്ധ്യേഷ്യയിൽ നിന്നുള്ളവരായിരുന്നു. ഇമാം ബുഖാരി, ഇമാം റാസി, ഇബ്നുസീന എന്നീ വിശ്വജ്യോതിസ്സുകളായ പണ്ഡിതൻമാരെല്ലാം ഈ പ്രദേശത്ത് നിന്നുള്ളവരാണ്. സാഹിത്യം, തത്ത്വശാസ്ത്രം മുതലായ വിഷയങ്ങൾ അവരുടെ ദൈനംദിന ജീവിതത്തിൽ ഗൃഹസദസ്സുകളിൽ വെച്ച് ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങളായിരുന്നു.

രാഷ്ട്രീയമായി മദ്ധ്യേഷ്യയിലെ മുസ്ലിംകൾ സാറിന്റെ ഭരണത്തിന് കീഴിലാണെങ്കിലും ചിന്താപരമായി അവർ സ്വതന്ത്രരായിരുന്നു. അവർ തങ്ങളുടെ സംസ്കാരം കാത്തുസൂക്ഷിക്കുകയും മതം ആചരിച്ചു പോരുകയും ചെയ്തു. അതുകൊണ്ട് സാർ ഭരണകൂടം മുസ്ലിം സംസ്കാരത്തെ അതിന്റെ മൂലതന്തുവിൽ നിന്നു തന്നെ നശിപ്പിക്കാനുള്ള ഗൂഢശ്രമങ്ങൾ നടത്തിയിരുന്നു. ഉദാഹരണത്തിന് അറബി ലിപികൾക്ക് പകരം റോമൻ ലിപികൾ ഉപയോഗിക്കുക എന്നതായിരുന്നു അതിലൊന്ന്. അതുവഴി അവരുടെ സംസ്കാരത്തെ നശിപ്പിക്കാനാരംഭിച്ചപ്പോൾ മുസ്ലിംകൾ സർവ്വവിധേനയും അതിനെ എതിർത്തു. അറബിഭാഷയോടുള്ള മുസ്ലിംകളുടെ സ്നേഹം അത്രമാത്രമായിരുന്നു. റഷ്യയിലെ കമ്യൂണിസ്റ്റ് വിപ്ലവത്തി(1917)ന് ശേഷം ഈ നീക്കങ്ങൾ സോവിയറ്റ് ഭരണകൂടം തുടർന്നു കൊണ്ടുപോവുകയാണുണ്ടായത്.

കമ്യൂണിസ്റ്റുകൾ റോമൻ ലിപികൾക്ക് പകരം റഷ്യൻ ലിപികളാണ് നടപ്പിലാക്കിയത്. ഈ ഭാഷാപരിഷ്കരണത്തെ കിഴക്കിന്റെ മഹാവിപ്ലവം എന്നാണ് ലെനിൻ വിശേഷിപ്പിച്ചത്. റഷ്യൻ മുസ്ലിംകളുടെ ഇസ്ലാമിനോടുള്ള അഗാധമായ കൂറ് റഷ്യൻ സംസ്കാരത്തിന് ഒരുപാട് സംഭാവനകളും പുരോഗതിയും നൽകിയിട്ടുണ്ട്. ഖസാൻ യൂണിവേഴ്സിറ്റിയിൽ ടോൾസ്റ്റോയ് പ്രവേശനത്തിന് ശ്രമിച്ചതിൽ നിന്ന്, മുസ്ലിം സംസ്കാരവും വിജ്ഞാനവും റഷ്യയിൽ എത്രമാത്രം ആദരിക്കപ്പെട്ടിരുന്നു എന്നു മനസ്സിലാക്കാം. ടോൾസ്റ്റോയ് തുർക്കിയിലും അറബിയിലുമുള്ള വിഷയങ്ങളാണ് പഠിക്കാൻ തിരഞ്ഞെടുത്തത്. ഈ രണ്ട് ഭാഷകളിലും അദ്ദേഹം പരിജ്ഞാനം നേടുകയുമുണ്ടായി. അനാരോഗ്യം കാരണം 1862-ൽ പഠനത്തിനായി ഒരു ക്യാമ്പിൽ താമസം ആരംഭിച്ചു. ബദുവിയിൽ താർത്താരികളുടെയും ബാഷ്കീർ ഗോത്രക്കാരുടേയും ഇടയിലാണ് അദ്ദേഹം ജീവിച്ചത്. അവിടെ അദ്ദേഹം കുതിരയുടെ പാലും പാൽക്കട്ടിയും കഴിച്ച് ആരോഗ്യം വീണ്ടെടുത്തു.

## സാമൂഹിക പരിഷ്കരണം

ടോൾസ്റ്റോയ് അടിസ്ഥാനപരമായി ഒരെഴുത്തുകാരനായിരുന്നു.

അതേസമയം അദ്ദേഹം സദ്ഗുണസമ്പന്നനായ ഒരു സാമൂഹിക പരിഷ്കർത്താവും കൂടിയായിരുന്നു. ധീരത, സത്യസന്ധത, സാമൂഹിക ക്ഷേമത്തിനുള്ള അഭിവാഞ്ഛ ഈ ഗുണങ്ങളെല്ലാം അദ്ദേഹത്തിൽ സമ്മേളിച്ചിരുന്നു. സാധാരണക്കാരോട് ടോൾസ്റ്റോയ് അഗാധമായ സ്നേഹം പുലർത്തി. അദ്ദേഹത്തിലെ ഈവിധ മനുഷ്യനന്മകൾ നിന്ദിതരും മൂകരുമായ പാവപ്പെട്ട റഷ്യൻ കർഷകരുടെ അഭിവൃദ്ധിക്ക് വേണ്ടി തന്റെ ജീവിതം ഉഴിഞ്ഞുവെക്കാൻ പ്രേരണ നൽകി.

1860-വരെ റഷ്യയിൽ കർഷകത്തൊഴിലാളികൾ അടിമകൾക്ക് തുല്യരായിരുന്നു. നിയമപരമായി അവർക്ക് യാതൊരു സംരക്ഷണവുമില്ലായിരുന്നു. ഭൂവുടമകൾക്ക് കർഷകരുടെ മേൽ എന്തും പ്രവർത്തിക്കുവാനുള്ള അധികാരമുണ്ടായിരുന്നു. കർഷകരുടെ മോചനത്തിന് വേണ്ടിയുള്ള ഏതൊരു ശ്രമവും ഭൂപ്രഭുത്വത്തിനെതിരെയുള്ള നിലപാടായി കണക്കാക്കി. അതുകൊണ്ട് കർഷരുടെ ജീവിത പരിഷ്കരണ സംബന്ധിയായ പ്രവർത്തനങ്ങളെ ഭൂപ്രഭുക്കന്മാർ എതിർക്കുമായിരുന്നു. ഇതൊന്നും തന്നെ ടോൾസ്റ്റോയിയെ തളർത്തിയില്ല. നിരാലംബരും അടിമകളുമായ കർഷകരുടെ മോചനത്തിന് വേണ്ടിയുള്ള ശ്രമങ്ങൾ ടോൾസ്റ്റോയ് തുടർന്നു പോന്നു. ഒടുവിൽ, സാർ ചക്രവർത്തി കർഷകരുടെ അടിമമോചനത്തിനായുള്ള പ്രഖ്യാപനം നടത്തുന്നത് വരെ അദ്ദേഹം കർഷകർക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോയി. ദീർഘകാലമായി പീഢിതരും മർദ്ദിതരുമായിരുന്ന കർഷകർ മോചിതരായപ്പോൾ അവർക്കിടയിൽ ടോൾസ്റ്റോയിയുടെ പ്രശസ്തി വളരെയേറെ വർദ്ധിച്ചു. അവർ അദ്ദേഹത്തെ തങ്ങളുടെ നായകനും വിമോചകനുമായിക്കണ്ടു. കർഷകലക്ഷ


ങ്ങൾ അദ്ദേഹത്തിനുവേണ്ടി എന്തും ചെയ്യാൻ തയ്യാറായിരുന്നു. കർഷകരുടെ മോചനം എന്ന ടോൾസ്റ്റോയിയുടെ ദീർഘകാല ആഗ്രഹം സാഫല്യത്തിലെത്തുന്നതിന് മുമ്പേ സാറിന്റെ ദുർഭരണത്തിനെതിരെ അദ്ദേഹം ആഞ്ഞടിച്ചു. അദ്ദേഹം സ്വന്തം നിലയിൽ നടത്തിയ കർഷക പരിഷ്കരണ സംരംഭങ്ങളെ ഗവൺമെൻറ് ഒരിക്കലും പ്രോത്സാഹിപ്പിച്ചില്ല. എങ്കിലും കർഷകർക്കിടയിൽ അദ്ദേഹത്തിനുള്ള വമ്പിച്ച സ്വാധീനം കാരണം ടോൾസ്റ്റോയിയെ തൊടാൻ റഷ്യൻ ഭരണകൂടം ഭയപ്പെട്ടു.

ടോൾസ്റ്റോയിയോടുള്ള വിപ്രതിപത്തി പലതവണ സാർ ചക്രവർത്തി. പ്രകടിപ്പിച്ചിട്ടുണ്ട്. റഷ്യയിലെ പൈശാചിക ബുദ്ധിജീവി' (Evil genius) യാണ് ടോൾസ്റ്റോയ് എന്ന് അദ്ദേഹം ഒരിക്കൽ പറയുകയുണ്ടായി.

### ക്രിസ്തുമതത്തോടുള്ള സമീപനം

റഷ്യയിലെ ഗ്രീക്ക് ഓർത്തഡോക്സ് സഭയായിരുന്നു കർഷകരുടെ പീഢനത്തിനു പിന്നിൽ പ്രവർത്തിച്ചത്. സാർ ചക്രവർത്തിയായിരുന്നു റഷ്യൻ ചർച്ചിന്റെ രക്ഷാധികാരി. അന്നത്തെ സാർ, സർ നിക്കോളസ് രണ്ടാമൻ മുസ്‌ലിംകളോട് ഒരുതരം പകയും വിദ്വേഷവും വെച്ചുപുലർത്തിയിരുന്ന വ്യക്തിയായിരുന്നു. കോൺസ്റ്റാന്റിനോപ്പിൾ (തുർക്കി ഖിലാഫത്തിന്റെ ആസ്ഥാനം) പിടിച്ചടക്കാനും മുസ്‌ലിം ആധിപത്യത്തെ തകർക്കാനും അയാൾ ആഗ്രഹിച്ചു. 'കോൺസ്റ്റാന്റിനോപ്പിളിനെ സംബന്ധിച്ചുള്ള എന്റെ ദീർഘകാലത്തെ അഭിലാഷങ്ങളൊന്നും പൂവണിഞ്ഞില്ല' എന്ന് തന്റെ സൈനിക ജനറലിനോട്

അദ്ദേഹം പലപ്പോഴും പരാതി പറഞ്ഞിരുന്നു. അതായത്, സെൻറ് സോഫിയാ മോസ്കിന്റെ



മേലുള്ള ചന്ദ്രക്കലയുള്ള പച്ചപ്പതാക താഴ്ത്തി, കുരിശ് നാട്ടണമെന്നായിരുന്നു സർ നിക്കോളസിന്റെ ആഗ്രഹം.

ഈ ദുരുദ്ദേശ്യത്തോടെയായിരുന്നു യൂറോപ്യൻ യുദ്ധത്തിൽ റഷ്യ പക്ഷം ചേർന്നത്. പക്ഷേ, സർ നിക്കോളസിന്റെ ഹൃദയത്തിൽ നീറിപ്പുകഞ്ഞുകൊണ്ടിരുന്ന ഈ ആഗ്രഹം ഒരിക്കലും സാക്ഷാത്കൃതമായില്ല. അതിന് മുമ്പ് സാർ ചക്രവർത്തി നിന്ദ്യമായും അതിക്രൂരമായും മരണത്തെ വരിക്കുകയാണുണ്ടായത്.

വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) സാറിന്റെ ഈ നിന്ദ്യമായ പതനത്തെപ്പറ്റി ഇപ്രകാരം ദീർഘദർശനം ചെയ്തിട്ടുണ്ട്.

"ആ സമയത്ത് സാറിന്റെ നില ഏറെ പരിതാപകരമായിരിക്കും."

സാറിന്റെ മർദ്ദക ഭരണത്തെ ടോൾസ്റ്റോയി തുറന്നെതിർത്തിട്ടുണ്ട്. അക്കാരണത്താൽ 1901-ൽ അദ്ദേഹത്തെ സഭയിൽ നിന്നു പുറത്താക്കി. മതപരിത്യാഗിയും വേദവിരുദ്ധനുമായി സഭ അദ്ദേഹത്തെ കണക്കാക്കി. ടോൾസ്റ്റോയിയേക്കാൾ ധീരത കുറഞ്ഞ ഒരാൾക്ക് അക്കാലത്തെ റഷ്യയിൽ പരീക്ഷണങ്ങളെ അതിജീവിക്കാൻ കഴിയുകയില്ലായിരുന്നു.

കേവലം പതിനാറ് വയസ്സിൽ തന്നെ ടോൾ സ്റ്റോയ് ക്രിസ്തുമതം ഉപേക്ഷിച്ചിരുന്നു. ബൈബിൾ ഒരു വെളിപാട് പുസ്തകമായി അദ്ദേഹം കണക്കാക്കിയില്ല. ക്രിസ്തുവിന് യാതൊരു ദിവ്യത്വവും അദ്ദേഹം കൽപിച്ചില്ല. പാപപരിഹാരസിദ്ധാന്തത്തിലോ ത്രിത്വത്തിലോ ഉയിർത്തെഴുന്നേൽപ്പിലോ അദ്ദേഹം വിശ്വസിച്ചില്ല. യേശു കാണിച്ച അത്ഭുതങ്ങളെല്ലാം വെറും കെട്ടുകഥകളാണെന്നതായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം.

### ഇസ്‌ലാമിനോടുള്ള പ്രേമം

ചെറുപ്പം മുതലേ അദ്ദേഹത്തിന് പരിചിതമായിരുന്ന ക്രിസ്തുമത സിദ്ധാന്തങ്ങളെ അദ്ദേഹം വെറുത്തു. ബുദ്ധമതം അദ്ദേഹത്തെ ആകർഷിച്ചില്ല. കാരണം അതിലെ സത്യത്തിന്റെ അംശം പര്യാപ്തമായിരുന്നില്ല. അതദ്ദേഹത്തെ തൃപ്തനാക്കിയില്ല. ഇസ്‌ലാമിൽ അദ്ദേഹം സജീവമായ ഒരു ജീവധാര കണ്ടെത്തുകയുമുണ്ടായി. അത് അദ്ദേഹത്തിന്റെ ദാഹിക്കുന്ന ആത്മാവിന് ശമനം വരുത്തുകയും ചെയ്തു. അദ്ദേഹം ഇസ്‌ലാമിനെ അങ്ങേയറ്റം ബഹുമാനിച്ചിരുന്നു.

ഒരിക്കൽ ഖസാനിൽ വെച്ച് ഒരു ക്രിസ്ത്യൻ പാതിരി പരിശുദ്ധ പ്രവാചകൻ മുഹമ്മദ് നബി(സ) യെപ്പറ്റി നിന്ദ്യമായ രീതിയിൽ സംസാരിക്കുകയുണ്ടായി. ടോൾസ്റ്റോയിക്കത് സഹിക്കാനായില്ല. ഇത് സാധാരണക്കാരായ ജനങ്ങളിൽ മുഹമ്മദ് നബി(സ) യെപ്പറ്റി തെറ്റിദ്ധാരണ പരത്തു

മെന്ന് അദ്ദേഹം ഭയപ്പെട്ടു. അദ്ദേഹം ക്രിസ്ത്യൻ പാതിരിയെ വെല്ലുവിളിക്കുകയും അദ്ദേഹത്തിന്റെ ദുഷ്ടലാക്ക് തുറന്ന് കാട്ടുകയും ചെയ്തു.

വിശുദ്ധ പ്രവാചകന്റെ മഹത്വത്തെ പ്രകീർത്തിച്ചുകൊണ്ട് ടോൾസ്റ്റോയ് ഒരു ലഘുപുസ്തകം 'Wisdom of Prophet' (പ്രവാചകന്റെ വിവേകം) എന്ന പേരിൽ എഴുതിയിട്ടുണ്ട്. ഇതിന്റെ അറബി വിവർത്തനം 1924 കെയ്റോയിൽ നിന്നു പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. പ്രവാചകന്റെ ജീവചരിത്രവും അൻപത്തിനാല് ഹദീസുകളും (പ്രവാചക വചനങ്ങൾ) അതിൽ അടങ്ങിയിരിക്കുന്നു. ആ പുസ്തകത്തിന്റെ ആമുഖത്തിൽ അദ്ദേഹം എഴുതി: *"ഇത് ഇസ്‌ലാമിന്റെ ന്യായപ്രമാണമാകുന്നു. (ശരീഅത്ത്) അത് സമുന്നതമായ വിധിവിലക്കുകളുടേയും ഉറച്ച ധാർമ്മികതയുടെയും സാക്ഷാൽക്കാരമാണ്. അത് മനുഷ്യനെ സന്തുലിതമായ മധ്യമാർഗ്ഗം സ്വീകരിക്കാൻ പ്രാപ്തനാക്കുന്നു. ഇസ്‌ലാം ക്രിസ്തുമതത്തെക്കാൾ എത്രയോ മേന്മ നിറഞ്ഞതാണ്"*

വീണ്ടും അദ്ദേഹം എഴുതി:

*"മുഹമ്മദ് നബി(സ) മഹാനായ ആത്മീയ പരിഷ്കർത്താവായിരുന്നു. അജ്ഞാനികളായ ജനതയെ അദ്ദേഹം ബിംബാരാധനയിൽ നിന്നും അനാചാരങ്ങളിൽ നിന്നും തടയുകയുണ്ടായി. അദ്ദേഹം അവർക്ക് ഏകദൈവത്തെ ആരാധിക്കാനുള്ള വിശിഷ്ടമായ അധ്യാപനങ്ങൾ നൽകി. അദ്ദേഹം ജനങ്ങളിൽ സ്വാതന്ത്ര്യത്തെയും സാഹോദര്യത്തെയും കുറിച്ചുള്ള അവബോധം സൃഷ്ടിച്ചു. രക്തച്ചൊരിച്ചിലും അക്രമണവും അദ്ദേഹം നിരോധിച്ചു. ഈ ലോകത്ത് മഹോന്നതനായ ഒരു പരിഷ്കർത്താവിന്റെ ദൗത്യവുമായാണ് മുഹമ്മദ് നബി(സ) വന്നത്. ഒരു മനുഷ്യനും ഇന്നുവരെ പ്രാപിക്കാൻ കഴിഞ്ഞിട്ടില്ലാത്തയത്ര മഹത്വത്തിന്റേയും ഔന്നത്യത്തിന്റേയും ഉടമയായിരുന്നു അദ്ദേഹം."*

**ടോൾസ്റ്റോയിയും അഹ്മദിയ്യത്തും**

ടോൾസ്റ്റോയിയുടെ ജീവചരിത്രം പരിശോധിക്കുമ്പോൾ അദ്ദേഹം അഹ്മദിയ്യാ സാഹിത്യവുമായി പരിചയപ്പെടുകയും അഹ്മദിയ്യത്തിനെക്കുറിച്ച് പഠിക്കുകയും ചെയ്തിട്ടുണ്ടെന്ന് മനസ്സിലാക്കാം. അഹ്മദിയ്യാ സാഹിത്യങ്ങൾ അദ്ദേഹത്തെ പ്രചോദിപ്പിച്ചിട്ടുണ്ട് എന്ന കാര്യം സ്പഷ്ടമാണ്. മുസ്‌ലിം ഭൂരിപക്ഷ വിശ്വാസത്തിനെതിരായി യേശുക്രിസ്തു മരിച്ചുപോയി എന്ന് അദ്ദേഹം വിശ്വസിച്ചു. ദൈവത്തിന്റെ അസ്തിത്വം, പരലോകജീവിതം, തിന്മയിൽ നിന്നുള്ള മോചനം, പ്രാർത്ഥനയുടെ ഫലങ്ങൾ, എന്നീ വിഷയങ്ങളിലുള്ള അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ അഹ്മദിയ്യാ സാഹിത്യങ്ങളിൽ പ്രതിപാദിക്കപ്പെട്ടത് തന്നെയായിരുന്നു. പ്രത്യേകിച്ച് 'റിവ്യു ഓഫ് റിലീജ്യൻസ്' എന്ന പ്രസിദ്ധീകരണത്തിലെ ലേഖനങ്ങൾ. 1903ൽ ഹദ്റത്ത് ഡോ. മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് (അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ മിഷ്യനറി) അദ്ദേഹത്തിന് വാഗ്ദത്ത് മസീഹ് ഹദ്റത്ത് അഹ്മദി (അ)ന്റെ ഒരു ഫോട്ടോയും യേശുവിന്റെ കശ്മീരിലുള്ള കല്ലറയുടെ ചില ഫോട്ടോകളുമടക്കം പ്രബോധനാത്മകമായ ഒരു കത്ത് അയക്കുകയുണ്ടായി. കൂടെ റിവ്യൂ ഓഫ് റിലീജ്യൻസിന്റെ ഒരു കോപ്പിയും അടക്കം ചെയ്തിരുന്നു. നസ്രേത്തിലെ യേശു മരിച്ചുപോയെന്നും അദ്ദേഹത്തിന്റെ ഖബർ ഇന്ത്യയിലെ ശ്രീനഗറിനടുത്താണെന്നും കത്തിൽ എഴുതിയിരുന്നു. ദീർഘകാലമായി കാത്തിരിക്കുന്ന മസീഹിന്റെ അവതരണം ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)ൽ പൂർത്തിയായെന്നും അദ്ദേഹത്തിന് ദൈവിക വെളിപാടുകൾ ലഭിക്കുന്നുണ്ടെന്നും അദ്ദേഹം ദൈവത്തിന്റെ ഒരു ദൂതനാണെന്നും വിശദീകരിച്ചിരുന്നു. ഹദ്റത്ത് മുഫ്തി സാഹിബ്, ഹദ്റത്ത് അഹ്മദ് (അ) ദൈവത്തിന് യാതൊരുവിധ പങ്കുകാരനില്ലെന്നും ദൈവം ഏകനാണെന്നുമുള്ള വാദത്തിന്റെ ശക്തനായ വക്താവാണെന്നും എഴുതി.

അഹ്മദിയ്യാ സാഹിത്യങ്ങളും എഴുത്തും ലഭിച്ച ടോൾസ്റ്റോയ് ഇപ്രകാരം മറുപടി എഴുതി:

*പ്രിയപ്പെട്ട മുഫ്തി മുഹമ്മദ് സാദിഖ്, താങ്കളയച്ച കത്തും ഹദ്റത്ത് മിർസാ ഗുലാം അഹ്മദിന്റെ ഫോട്ടോയും റിവ്യൂ ഓഫ് റിലീജ്യൻസും കിട്ടി. യേശുവിന്റെ മരണം തെളിയിക്കാൻ വേണ്ടി അദ്ദേഹത്തിന്റെ ഖബർ തിരയുക എന്നത് നിഷ്പ്രയോജനകരമാണ്. കാരണം ബുദ്ധിയുള്ള ഒരു മനുഷ്യനും യേശു ഇപ്പോഴും ജീവിച്ചിരിക്കുന്നു എന്ന് വിശ്വസിക്കാനാവില്ല. നമുക്ക് ഇന്ന് ആവശ്യം യുക്തിഭദ്രമായ മതാദ്ധ്യാപനങ്ങളാണ്. ഹദ്റത്ത് മിർസാ ഗുലാം അഹ്മദിന് പുതുതായി എന്തെങ്കിലും നൽകാനുണ്ടെങ്കിൽ ഞാനതിൽ നിന്നു ഫലമെടുക്കുന്നതിൽ അതീവ സന്തുഷ്ടനായിരിക്കും. റിവ്യൂ ഓഫ് റിലീജ്യൻസിലെ രണ്ട് ലേഖനങ്ങളും എന്നെ വളരെയേറെ ആകർഷിക്കുകയുണ്ടായി. 'തിന്മയിൽ നിന്നുള്ള മോചനവും, മരണാനന്തരജീവിതവും' ആണ് അവ. ഗഹനസത്യത്തിലധിഷ്ഠിതമായ മഹത്വമേറിയ ആശയങ്ങൾ അവ ഉൾക്കൊള്ളുന്നു. മാഗസിനും കത്തും അയച്ചതിന് നന്ദി*

*രേഖപ്പെടുത്തുന്നു. ആത്മാർത്ഥത യോടെ, ഒപ്പ്*
*ജൂൺ 5, 1903 ടോൾസ്റ്റോയ്*

താമസിയാതെ ടോൾസ്റ്റോയ് അഹ്മദിയ്യാ സാഹിത്യങ്ങളുമായി കൂടുതൽ പരിചയപ്പെട്ടു. അദ്ദേഹം അതിൽ ആകൃഷ്ടനാവുകയുണ്ടായി. അതിന്റെ ഫലങ്ങൾ അദ്ദേഹത്തിന്റെ പിൽക്കാല രചനകളിൽ ദൃശ്യമാണ്. വാഗ്ദത്ത മസീഹ് (അ) ദൈവത്തിന്റെ അസ്തിത്വത്തെക്കുറിച്ചും മരണാനന്തര ജീവിതത്തക്കുറിച്ചും ഇപ്രകാരം പറഞ്ഞു.

“പരലോകത്തെ സംബന്ധിച്ച നമ്മുടെ ബോധം നിശ്ചയജ്ഞാനാവസ്ഥ പ്രാപിക്കുന്നത് നമുക്കു തന്നെ നേരിട്ട് ദൈവബോധനം ലഭിക്കുകയും നാം അവന്റെ സ്പഷ്ടമായ ശബ്ദം ശ്രവിക്കുകയും അവന്റെ ദിവ്യമായ വെളിപാട് ദർശിക്കുകയും ചെയ്യുമ്പോഴാകുന്നു.

സത്യസ്വരൂപനും സർവ്വസമ്പൂർണ്ണനും സർവ്വജ്ഞനും സജീവനുമായ ദൈവത്തെ സംബന്ധിച്ച വെറും പുരാവൃത്തങ്ങളെ അടിസ്ഥാനമാക്കിയുള്ള മിഥ്യാവിശ്വാസം കൊണ്ട് നമുക്ക് തൃപ്തിപ്പെടാമോ? അതോ ദൈവത്തെക്കുറിച്ച് ഇതുവരെ അപൂർണ്ണവും ന്യൂനവുമായ ഒരു ബോധമല്ലാതെ മറ്റൊന്നും പ്രദാനം ചെയ്യാൻ കഴിയാത്ത യുക്തിപരമായ അന്വേഷണത്തിൽ നാം സന്തുഷ്ടപ്പെടുകയോ വേണ്ടത്?”

മേൽകൊടുത്ത ആശയസാരം ടോൾസ്റ്റോയ് തന്റെ രചനകളിൽ പ്രകടിപ്പിച്ചിട്ടുണ്ട്. ‘എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക’ അദ്ദേഹത്തിന്റെ വാക്കുകൾ ഉദ്ധരിച്ചത് ഇങ്ങനെയാണ്. “ദൈവത്തെ അന്വേഷിക്കുക എന്നത് യുക്തിയുടെ പ്രവർത്തനമല്ല. അതൊരു അനുഭൂതിയാണ്.”

ആത്മാവിന് മരണത്തിന് ശേഷം എന്ത് സംഭവിക്കുന്നു എന്നതിനെക്കുറിച്ച് വാഗ്ദത്ത മസീഹ് (അ) ഇപ്രകാരം എഴുതി.

“മരണാന്തര സ്ഥിതി എന്നത് കേവലം നൂതനമായ ഒരവസ്ഥയല്ല. അത് യഥാർത്ഥത്തിൽ ഐഹിക ജീവിതത്തിലെ നമ്മുടെ ആത്മീയ അവസ്ഥയുടെ സമ്പൂർണവും സ്പഷ്ടവുമായ ഒരു പ്രതിഫലനമാണ്.”

‘‘താത്ത്വികമായി ശരീരം ആത്മാവുമായി നിത്യബന്ധിതമാണ്. എന്നാൽ നശ്വരശരീരം ആത്മാവിൽനിന്നും വേർപെടുന്നതാണ്.”

ഈ വിഷയത്തിൽ ടോൾസ്റ്റോയിയുടെ അഭിപ്രായം എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക രേഖപ്പെടുത്തുന്നതിപ്രകാരമാണ്:

“ശരീരത്തിന്റെ നാശത്തോടെ ജീവൻ നിലക്കുന്നു. എന്നാൽ ദൈവികമായ ആത്മാവ് നിലനിൽക്കുന്നു. അതുകൊണ്ട് മരണം എന്നാൽ സമ്പൂർണ്ണ നാശമല്ല. അത് ആത്മാവിന്റെ വിമോചനമാണ്. മരണം എന്നത് നവ്യമായ ഒരു അവസ്ഥയിലേക്കുള്ള രൂപാന്തരമാണ്. ആത്മീയസത്തിന്റെ മറ്റൊരവസ്ഥയിലുള്ള പ്രകാശനം.”

ടോൾസ്റ്റോയി ജീവിതത്തിലുടനീളം സൃഷ്ടിപ്പിന്റെ പൊരുളിനെക്കുറിച്ചും മനുഷ്യസൃഷ്ടിയുടെ ലക്ഷ്യത്തെക്കുറിച്ചുമുള്ള അഗാധചിന്തയിൽ മുഴുകിയിരുന്നു. വാഗ്ദത്ത മസീഹിന്റെ ‘ഇസ്‌ലാം മതതത്ത്വജ്ഞാനം’ എന്ന ഗ്രന്ഥം അദ്ദേഹത്തെ യഥാർത്ഥത്തിൽ സ്വാധീനിച്ചിരുന്നു എന്നതിന് ശക്തമായ തെളിവുകളുണ്ട്. ഈ പുസ്തകത്തിൽ മനുഷ്യജീവിതത്തിന്റെ ലക്ഷ്യത്തെക്കുറിച്ചും ലക്ഷ്യപ്രാപ്തിക്കുള്ള മാർഗങ്ങളെക്കുറിച്ചും സമഗ്രവും വിശദവുമായ വിവരണങ്ങളുണ്ട്.

എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക വരച്ചുകാട്ടിയ ടോൾസ്റ്റോയിയുടെ ചിത്രം ഇങ്ങനെയായിരുന്നു.

“ജീവിതത്തിന്റെ പ്രഹേളിക നിർദ്ധാരണം ചെയ്യാൻ പറ്റിയ ഒരു സിദ്ധാന്തവും തന്റെ പക്കലില്ല എന്ന ചിന്തയാൽ അദ്ദേഹം അസ്വസ്ഥനും അസന്തുഷ്ടനുമായിരുന്നു. ചിലപ്പോൾ അദ്ദേഹം ഞാൻ എന്തിനാണ് ജീവിക്കുന്നത്? ഞാൻ എങ്ങനെയാണ് ജീവിക്കേണ്ടത് എന്നിങ്ങനെ ആത്മഗതം ചെയ്യാറുണ്ടായിരുന്നു.”

അല്ലാഹു അയക്കുന്ന പ്രവാചകന്മാർ ഈ ലോകത്ത് പ്രത്യക്ഷപ്പെടുമ്പോൾ അത് ആത്മീയതയുടെ പ്രസരണകാലമായിരിക്കും. ആ സന്ദർഭത്തിൽ ചില ആളുകളുടെ ഹൃദയങ്ങളിൽ പ്രചോദനങ്ങൾ സൃഷ്ടിക്കപ്പെടുന്നു. ഗുപ്തമായ അവരുടെ ആത്മീയമായ കഴിവുകൾ ഉണരുന്നു. ക്രിസ്തീയ പുരോഹിതന്മാരുമായി ഇസ്‌ലാമിനുവേണ്ടി പടപൊരുതിയ ലിയോ ടോൾസ്റ്റോയ് അത്തരത്തിലുള്ള കഴിവുകൾ കൊണ്ടനുഗൃഹീതനും വാഗ്ദത്ത മസീഹിന്റെ സമകാലികനുമായിരുന്ന ഒരു മഹാനായിരുന്നു.

## റഷ്യയും അഹ്മദിയ്യത്തും

വാഗ്ദത്ത മസീഹിന്റെ (അ) റഷ്യയെ സംബന്ധിച്ചുള്ള ഒരു സ്വപ്നം:

“അതേ രാത്രി ഞാനൊരു സ്വപ്നം കണ്ടു. റഷ്യൻ ചക്രവർത്തി സാറിന്റെ ചെങ്കോൽ ഞാൻ കയ്യിൽ പിടിച്ചിരിക്കുന്നു. ആവശ്യമുള്ളപ്പോൾ പ്രയോഗിക്കാൻ അതിന്റെ ഉള്ളിൽ ഒളിഞ്ഞിരിക്കുന്ന ഒരു തോക്കിൻ കുഴൽ

ഉണ്ട്. അതിനുശേഷം അക്കാലത്ത് ഭരിച്ചിരുന്ന ബുഅലിസീന (ഇബ്നുസീന)യുടെ വില്ല് എന്റെ കൈയിൽ ഉള്ളതായി കണ്ടു. ഞാൻ ഒരു കടുവക്ക് നേരെ ഒരു അമ്പെയ്തു. അപ്പോൾ ബൂഅലിസീനയും രാജാവും എന്റെ കൂടെ പ്രത്യക്ഷരായി." (തദ്കിറ.)

ഹദ്റത്ത് അഹ്മദി(അ)ന്റെ മറ്റൊരു ദർശനം ഇങ്ങനെയാണ്. "റഷ്യയിൽ എന്റെ ജമാഅത്തിലെ അംഗങ്ങൾ എണ്ണമില്ലാത്ത മണൽത്തരികൾപോലെ ആവും."

**ഉപസംഹാരം**

1910 നവം. 7ന് ലിയോ ടോൾസ്റ്റോയ് അന്തരിച്ചു. മുസ്‌ലിം ലോകം ആകമാനം ആ മഹാന്റെ വേർപാടിൽ ശോകമൂകമായി. ഈജിപ്തിലെ കവി അഹ്മദ് ബിൻ ശൗഖി, ആഫിസ് ഇബ്രാഹിം എന്നിവർ ടോൾസ്റ്റോയിയുടെ വേർപാടിൽ വിലാപകാവ്യങ്ങൾ രചിച്ചു. ചില വരികൾ ഇപ്രകാരമായിരുന്നു.

*"ഓ, ടോൾസ്റ്റോയ് അങ്ങ് ജ്ഞാനത്തിന്റെ മുദ്രയായിരുന്നു.*
*ഗതിയറ്റവർ തീവ്രനോവിനാൽ കണ്ണീരണിഞ്ഞു.*
*ആലംബഹീനരുടെ സ്നേഹിതാ അങ്ങ് കൺമറഞ്ഞല്ലോ!*
*അശരണർക്ക് അതുപോലൊരു ദിനവും ഇനി വരാനില്ല." **(അഹ്മദ് ശൗഖി)***

*"അങ്ങ് ദുർബലരുടെ കൂട്ടുകാരനായിരുന്നു. ഞാനോ വെറുമൊരു അബലൻ"*
*എന്റെ ജീവിതത്തിൽ എന്നെ സഹായിക്കാനിനിയാരാണ്? **(ഇബ്റാഹിം ആഫിസ്)***


Humanity First




Our mission is to serve disaster struck and socially disadvantaged individuals and families in the poorer communities of the world.

**Humanity First International**
22 Deer Park Road, South Wimbledon
London, SW19 3AH
Tel: +44 (0)20 8417 0082, Fax: +44 (0)20 8417 0110

# ഇമാം മഹ്ദിയും മസീഹും ഒരാൾ തന്നെ

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് (റ)

**ഇമാം മഹ്ദി മുസ്‌ലിം സമുദായത്തിൽ നിന്നും മസീഹ് ആകാശത്ത് നിന്നും വരുന്നതാണ് എന്ന വിശ്വാസം അബദ്ധമാണ്. മഹ്ദിയും മസീഹും ഒരാളുടെ രണ്ട് വിശേഷണങ്ങളാണ്.**

തന്റെ ഖലീഫമാരെ സംബന്ധിച്ച് നബിതിരുമേനി(സ)അൽഖുലഫാ ഉർറാശിദൂനൽ മഹ്ദിയ്യൂൻ - "മഹ്ദികളായ ഖലീഫമാർ" എന്ന് പറഞ്ഞിട്ടുണ്ട്. നബി തിരുമേനി (സ) യുടെ ഖലീഫമാരെല്ലാം മഹ്ദികളാണെന്നു ഇതിൽ നിന്നു വ്യക്തമാകുന്നുണ്ട്. വാഗ്ദാനം ചെയ്യപ്പെട്ട മസീഹാണെങ്കിൽ നബിതിരുമേനി(സ)യുടെ ഖലീഫമാരിൽ സവിശേഷ സ്ഥാനമലങ്കരിക്കുന്ന ആളാണ്. അതിനാൽ, അദ്ദേഹം എല്ലാവരിലും വലിയ മഹ്ദിയാകുന്നു. എല്ലാവരിലും വലിയ മഹ്ദിയായതുകൊണ്ട് വാഗ്ദാനം ചെയ്യപ്പെട്ട മഹ്ദിയും അദ്ദേഹം തന്നെയാണ്. നബിതിരുമേനി(സ)യുടെ തിരുമൊഴിയനുസരിച്ച് എല്ലാ ഖലീഫമാരും മഹ്ദികളാകുമ്പോൾ, അവരിൽ പ്രത്യേകമായി പ്രസ്താവിക്കപ്പെട്ട ആളായിരിക്കണം വാഗ്ദാനം ചെയ്യപ്പെട്ട മഹ്ദിയെന്നത് തീർച്ചയാണ്. അതുകൊണ്ട്, മറ്റു ഖലീഫമാരും മഹ്ദിയാണെങ്കിലും അവരിൽ പ്രത്യേകമായി വാഗ്ദാനം ചെയ്യപ്പെട്ട ആൾ മസീഹും കൂടിയാണെന്ന് വ്യക്തമാകുന്നു.

നബിതിരുമേനി(സ) ഇപ്രകാരം പറയാറുണ്ടായിരുന്നുവെന്ന് ഹദീസിൽ രേഖപ്പെടുത്തിയിരിക്കുന്നു.

''ഞാൻ ആരംഭത്തിലും ഈസബ്നുമർയം അവസാനത്തിലും ഉണ്ടായിരിക്കുന്ന ഒരു ജനം എങ്ങനെ നാശമടയാനാണ്!'' വീണ്ടും നബിതിരുമേനി(സ)പറഞ്ഞിരിക്കുന്നു.

''ഈ ജനതയിൽ നല്ലവർ ആദ്യകാലത്തും അവസാനകാലത്തും ഉള്ളവരാണ്. ആദ്യകാലത്തെ ജനങ്ങളിൽ അല്ലാഹുവിന്റെ റസൂൽ തന്നെയുണ്ടായിരിക്കും. അവസാനകാലത്തെ ജനങ്ങളിൽ ഈസബ്നുമർയമും. അതിന്നിടയിലുള്ളവർ വക്രതയുള്ളവരായിരിക്കും. ഞാൻ അവരിൽ നിന്നുള്ളവനോ അവർ എന്നിൽ നിന്നുള്ളവരോ ആയിരിക്കുകയില്ല."

അവസാനകാലത്ത് വരുമെന്ന് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള മഹ്ദി, മസീഹിൽ നിന്ന് വ്യത്യസ്തനായ ഒരാളായിരുന്നുവെങ്കിൽ രണ്ടാളെപ്പറ്റിയും അവർ അവസാനകാലത്ത് വന്ന് തന്റെ ഉമ്മത്തിന്റെ നേതൃത്വം വഹിക്കുമെന്ന് നബിതിരുമേനി (സ)പറയുമായിരുന്നു. എന്നാൽ അങ്ങനെ ചെയ്യാതെ മസീഹിന്റെ പേര് മാത്രം പറയുകയാണ് ചെയ്തത്. മസീഹും മഹ്ദിയും ഒരേ ആളാണെന്ന് ഇതിൽ നിന്നു സ്പഷ്ടമാകുന്നു. അതുകൊണ്ടാണ് മസീഹിന്റെ പേര് മാത്രം പറഞ്ഞു നബിതിരുമേനി(സ)മതിയാക്കിയത്. ഇതു നല്ലതുപോലെ ആലോചിക്കേണ്ട ഒരു കാര്യമാണ്. മഹ്ദി, ഇമാമായിരിക്കുകയും മസീഹ് മഅ്മൂമായിരിക്കുകയും ചെയ്യുമെന്ന് പറയപ്പെട്ടിരിക്കുന്ന സ്ഥിതിക്ക് ഉമ്മത്തിന്റെ പരിപാലനത്തെക്കുറിച്ച് പ്രതിപാദിച്ചേടത്ത് നബിതിരുമേനി(സ) മഅ്മൂമിന്റെ പേര് മാത്രം പറഞ്ഞുകൊണ്ടു ഇമാമിനെ ഉപേക്ഷിച്ചുകളഞ്ഞത് ആശ്ചര്യകരമല്ലയോ? വീണ്ടും നോക്കുക, മറ്റൊരു ഹദീസിൽ ''രണ്ടു കൂട്ടർ മാത്രമാണ് സന്മാർഗ്ഗം പ്രാപിച്ചവരും നല്ലവരു"മെന്ന് നബിതിരുമേനി(സ)പറഞ്ഞിരിക്കുന്നു - ഒരു കൂട്ടർ നബിതിരുമേനി(സ)യിൽ നിന്നും നേരിട്ടു ജ്ഞാനം നേടിയവരും മറ്റൊരു കൂട്ടർ മസീഹ് മൗഊദിന്റെ അനുയായികളും. എന്നാൽ മഹ്ദിയുടെ അനുയായികളെപ്പറ്റി സൂചിപ്പിക്കുകപോലും ചെയ്യുന്നില്ല. മറിച്ച് ആ രണ്ടു കൂട്ടർക്കും ഇടയിലുള്ളവർ വക്രതയുള്ളവരും വഴിപിഴച്ചവരുമായിരിക്കു

മെന്നു പറയുകയും ചെയ്തിരിക്കുന്നു. മഹ്ദി, മസീഹിൽ നിന്ന് വ്യത്യസ്തനായ ഒരു വ്യക്തിയല്ലെന്നും രണ്ട് അവസ്ഥകളെ മുൻനിറുത്തി രണ്ട് നാമങ്ങൾ നൽകപ്പെട്ട ഒരേ ആളാണെന്നും ഇതുകൊണ്ട് സ്ഥാപിതമാകുന്നു.

പോരെങ്കിൽ ഹദീസിൽ മസീഹ് മൗഊദിനു എന്തൊരു കർത്തവ്യം നിശ്ചയിക്കപ്പെട്ടിരിക്കുന്നുവോ മിക്കവാറും അതേ കർത്തവ്യം തന്നെയാണ് മഹ്ദിക്കും നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. മസീഹും മഹ്ദിയും ഒരാളാണെന്നതിന് ഇതും ഒരു തെളിവാകുന്നു. കൂടാതെ, വരാനിരിക്കുന്ന മസീഹിന്റെയും മഹ്ദിയുടെയും രൂപാകൃതിയും ഹദീസിൽ വിവരിക്കപ്പെട്ടിരിക്കുന്നതു ഒന്നുതന്നെയാണ് (മുസ്നദ് അഹ്മദ്). അപ്പോൾ അവർ രണ്ടു വ്യത്യസ്ത വ്യക്തികളാകുന്നതെങ്ങനെ? കൂടാതെ സത്യവാനായ ഒരു ഖലീഫ ജീവിച്ചിരിക്കുമ്പോൾ മറ്റൊരാൾ ഖിലാഫത്തുവാദം പുറപ്പെടുവിക്കുകയാണെങ്കിൽ രണ്ടാമത്തെ ആളെ കൊന്നുകളയണമെന്നും ഹദീസിൽ പറഞ്ഞിട്ടുണ്ട്. അതിന്റെ സാരം യുദ്ധസ്ഥിതിയിലാണെങ്കിൽ അയാളെ എതിർത്തു കൊല്ലുകയും അല്ലാത്ത അവസ്ഥയിലാണെങ്കിൽ മരിച്ചവനെപ്പോലെ കണക്കാക്കി അയാളുമായുള്ള ബന്ധം വേർപ്പെടുത്തുകയും ചെയ്യണമെന്നാണ്. ഈ ഉപദേശത്തിന്റെ വെളിച്ചത്തിൽ ഒരേ സമയത്ത് രണ്ട് ഖലീഫമാരുണ്ടാകുമെന്ന് എങ്ങനെ വിശ്വസിക്കാൻ സാധിക്കും? ഇസ്ലാമികാദ്ധ്യാപനമനുസരിച്ച് ഒരു സമയത്ത് ഒരു ഇമാം മാത്രമേ ഉണ്ടാവാൻ പാടുള്ളൂ. മസീഹും മഹ്ദിയും രണ്ട് വ്യത്യസ്തവ്യക്തികളല്ലെന്നും നേരെ മറിച്ച്, അവസാനകാലത്ത് നബിതിരുമേനി(സ)യുടെ ഖലീഫയായിരിക്കുന്ന ഒരേ വ്യക്തിയുടെ രണ്ട് പേരുകളാണവ എന്നും ഉള്ളതിലേക്ക് ഇതും ഒരു തെളിവാണ്.

ഇതുവരെയും നാം തെളിവായി സ്വീകരിച്ചതു നിഗമനപ്രധാനങ്ങളായ രേഖകളാണ്. ഇനി മസീഹും മഹ്ദിയും ഒരാളാണെന്നു നബിതിരുമേനി(സ) സ്പഷ്ടമായി പറയുന്ന ഒരു ഹദീസ് വായനക്കാരുടെ മുമ്പിൽ വെക്കാം. നബിതിരുമേനി(സ)പറയുകയാണ്.

"വാഗ്ദത്ത മഹ്ദി ഈസയല്ലാതെ മറ്റാരുമല്ല"

എത്ര വ്യക്തവും സ്പഷ്ടവുമായ വാക്കുകൾകൊണ്ടാണ് നബിതിരുമേനി(സ) മസീഹും മഹ്ദിയും രണ്ട് വ്യക്തികളല്ലെന്നും വാഗ്ദാനം ചെയ്യപ്പെട്ട മസീഹ് തന്നെയാണ് വാഗ്ദാനം ചെയ്യപ്പെട്ട മഹ്ദിയെന്നും വിധികല്പിച്ചിരിക്കുന്നത്. നബിതിരുമേനി(സ)യിൽ വിശ്വാസമുള്ളവർക്കാർക്കും തിരുമേനിയുടെ ഈ വാക്കുകളുടെ മുമ്പിൽ തലകുനിക്കാതിരിക്കാൻ നിവൃത്തിയില്ല. പക്ഷേ ഹൃദയത്തിൽ വക്രതയുള്ളവർ ആയിരമായിരം എതിർന്യായങ്ങൾ ഉന്നയിക്കും. അത്തരക്കാരോട് ഞങ്ങൾക്കൊന്നും പറയാനില്ല. നബിതിരുമേനി(സ)യുടെ വിധിക്ക് തലചായ്ക്കുന്നത് മോക്ഷമാണെന്ന പാഠം ആദ്ധ്യാത്മിക വിദ്യാലയത്തിൽ നിന്ന് പഠിച്ചിട്ടുള്ള ആളുകളെ മാത്രമാണ് ഞങ്ങൾ സംബോധന ചെയ്യുന്നത്.

ഇനിയും മസീഹ് മൗഊദ് ഇമാം മഹ്ദിയാണെന്ന് വ്യക്തമായി കാണിക്കുന്ന നബിതിരുമേനി(സ)യുടെ മറ്റൊരു ഹദീസ് കൂടിയുണ്ട്. തിരുമേനി(സ) പറയുകയാണ്:

"നിങ്ങളിൽ ഏതൊരുവൻ ജീവിച്ചിരിക്കുന്നുവോ അവൻ ഈസബ്നുമർയമിനെ കാണും – ഇമാം മഹ്ദിയും നീതിയുള്ള വിധികർത്താവുമായിട്ട്. അദ്ദേഹം കുരിശിനെ മുറിക്കുകയും പന്നിയെ കൊല്ലുകയും ചെയ്യും...."

നോക്കുക. എത്ര സ്പഷ്ടമായ നിലയിലാണ് ഈസാനബി തന്നെയാണ് ഇമാം മഹ്ദിയെന്ന് നബിതിരുമേനി(സ) ഈ ഹദീസിൽ പറഞ്ഞിരിക്കുന്നത്! എന്നാൽ അത്ഭുതം! നബി തിരുമേനി(സ)യുടെ പ്രബോധനത്തിൽ വിശ്വസിച്ചതിനാൽ ഇന്ന് ഞങ്ങളെ കാഫിറെന്നും മുർത്തദ്ദെന്നും അവർ വിളിച്ചുകൊണ്ടിരിക്കുന്നു! അതേസമയം നബിതിരുമേനി(സ)യുടെ അധ്യാപനങ്ങളെ കീറക്കടലാസ്സ് പോലെ അവർ അവഗണിക്കുകയും ചെയ്യുന്നു! കഷ്ടം!

മസീഹും മഹ്ദിയും ഒരാളാണെന്ന് മേൽകാണിച്ച രേഖകൾ കൊണ്ടു സൂര്യപ്രകാശം പോലെ തെളിയുന്നുണ്ട്. അവർ വ്യത്യസ്ത വ്യക്തികളല്ലെന്ന് സംശയത്തിന്നിടയില്ലാത്തവിധം വ്യക്തമായി നബിതിരുമേനി പറഞ്ഞിരിക്കെ, അവർ വ്യത്യസ്ത വ്യക്തികളാണെന്ന് മുസ്‌ലിംകൾ വിശ്വസിക്കാൻ കാരണമെന്തെന്ന് ചോദിക്കാം. അതിനുള്ള സമാധാനമിതാണ്: ഈസാനബി(സ) ജീവനോടുകൂടി ആകാശത്തിലേക്ക് ഉയർത്തപ്പെട്ടിരിക്കയാണെന്നും അദ്ദേഹം അവസാനകാലത്ത് ഭൂമിയിലേക്ക് ഇറങ്ങിവരുമെന്നുമുള്ളത് മുസ്‌ലിംകളുടെ പൊതുവിശ്വാസമായിത്തീർന്നു. അതേ സമയത്ത് മഹ്ദിയെ സംബന്ധിച്ച് അവരുടെ ഏകകണ്ഠമായ വിശ്വാസം അദ്ദേഹം മുസ്‌ലിം സമുദായത്തിൽ നിന്നുതന്നെയുള്ള ഒരാളായിരിക്കുമെന്നാണ്. അതിനാൽ, ഈസാനബി ആകാശത്തുനിന്ന് ഇറങ്ങുവരുമെന്ന തെറ്റായ വിശ്വാസത്തിൽ മുസ്‌ലിംകൾ നിൽക്കുന്നേടത്തോളം കാലം മസീഹും

മഹ്ദിയും ഒരാളാണെന്ന് സമ്മതിക്കാൻ അവർക്ക് സാധിക്കുകയില്ല. ഈസാനബിയെ സംബന്ധിച്ചുള്ള തെറ്റായ വിശ്വാസം അവർ കയ്യൊഴിയുകയും അദ്ദേഹം മരിച്ചുപോയെന്ന് സമ്മതിക്കുകയും ചെയ്യുകയാണെങ്കിൽ വാഗ്ദാനം ചെയ്യപ്പെട്ട മസീഹും മഹ്ദിയും ഒരാളാണെന്ന് വിശ്വസിക്കുക അവർക്ക് എളുപ്പമായിരിക്കും. എന്നാൽ, ഭൂമിയിൽ നിന്ന് ജനിക്കുന്ന ആളും ആകാശത്തിൽ നിന്ന് ഇറങ്ങി വരുന്ന ആളും ഒന്നാണെന്ന് വിശ്വസിക്കുക സാധ്യമല്ല. ഒരാൾക്ക് രണ്ട് വ്യത്യസ്ത പേരുകൾ നൽകാൻ കാരണമെന്തെന്ന് മുമ്പ് വിവരിച്ചു കഴിഞ്ഞിരിക്കയാൽ ഇവിടെ അത് ആവർത്തിക്കേണ്ടതില്ല. ചുരുക്കത്തിൽ, വരാനിരിക്കുന്ന ആൾ വിവിധോദ്ദേശ്യത്തോടുകൂടിയാണ് വരേണ്ടത്. ആ ഉദ്ദേശ്യങ്ങളിൽ പ്രധാനപ്പെട്ടത് രണ്ടാകുന്നു –കുരിശിന്റെ ഖണ്ഡനവും മുസ്‌ലിം സമുദായത്തിന്റെ ഉദ്ധാരണവും. അതിനാൽ കുരിശിനെ മുറിക്കുന്ന ആൾ എന്ന നിലയിൽ അദ്ദേഹത്തിന്നു ഈസാ മസീഹെന്നും മുസ്‌ലിം സമുദായത്തിന്റെ ഉദ്ധാരകൻ എന്ന നിലയിൽ മഹ്ദി എന്നും പേർ നൽകപ്പെട്ടു.

മസീഹ് ഇറങ്ങുന്നതിന്നുമുമ്പായി മഹ്ദി ലോകത്ത് ആവിർഭവിക്കുമെന്നും, മഹ്ദി, ഇമാമും മസീഹ് മഅ്മൂമും ആകുമെന്നും മറ്റും ഹദീസിൽ പറഞ്ഞിരിക്കുന്നതുകൊണ്ട് മസീഹും മഹ്ദിയും രണ്ട് വ്യത്യസ്ത വ്യക്തികളാണെന്ന് വ്യക്തമാകുന്നുണ്ടെന്ന് ചിലർ പറയുന്നുണ്ട്. അവരുടെ ഈ അനുമാനം ശരിയല്ല. എന്തെന്നാൽ, മസീഹിന്റെ കാലത്ത് മറ്റൊരു മഹ്ദിയുണ്ടാവാൻ പാടില്ലെന്ന് ശക്തിമത്തായ രേഖകളാൽ സ്ഥാപിതമായിരിക്കുമ്പോൾ മേൽപറഞ്ഞ വചനങ്ങൾ അതിന്റെ ബാഹ്യാർത്ഥത്തിൽ സ്വീകരിക്കാൻ സാധിക്കുകയില്ല. തീർച്ചയായും മറ്റു വ്യക്തമായ ഹദീസുകൾക്കു വിരുദ്ധമല്ലാത്ത ഒരർത്ഥം അതിന്നു നൽകേണ്ടി വരും. ഈ യാഥാർത്ഥ്യത്തെ മുൻനിറുത്തി നോക്കുകയാണെങ്കിൽ വിഷമമൊന്നുമുണ്ടാവുകയില്ല. എന്തെന്നാൽ വാഗ്ദാനം ചെയ്യപ്പെട്ട ആൾ മഹ്ദിയെന്ന പദവിയിൽ നബിതിരുമേനി(സ)യുടെ സദൃശനും പ്രതിരൂപവുമാണ്. ആ സ്ഥിതിക്ക് അദ്ദേഹത്തിന്റെ മഹ്ദിയ്യത്തിന്റെ ഗുണം മസീഹിയ്യത്തിന്റെ ഗുണത്തേക്കാൾ മികച്ചതാണെന്ന് സംശയിക്കാനെന്തുണ്ട്? ഈ നിലപാടിനെയാണ് ആലങ്കാരികമായി മഹ്ദി, ഇമാമും മസീഹ് മഅ്മൂമും ആയിരിക്കുമെന്ന വചനത്തിൽ പ്രകാശിപ്പിച്ചിട്ടുള്ളത്. ഒന്നുകൂടി വ്യക്തമാക്കിപ്പറയുകയാണെങ്കിൽ, വാഗ്ദാനം ചെയ്യപ്പെട്ട ആളുടെ മഹ്ദിയ്യത്തിന്റെ പദവി മസീഹിയ്യത്തിന്റെ പദവിയുടെ മുന്നിലായിരിക്കുമെന്നും അദ്ദേഹത്തിന്റെ മസീഹിയ്യത്തുഗുണം മഹ്ദിയ്യത്തുഗുണത്തെ അനുഗമിക്കുമെന്നും സാരം. മഹ്ദി ആദ്യം വരുമെന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം വാഗ്ദാനം ചെയ്യപ്പെട്ട പരിഷ്ക്കർത്താവ് മഹ്ദിയെന്ന പദവിയിൽ ആദ്യം പതിനാലാം നൂറ്റാണ്ടിലെ മുജദ്ദിദാണെന്ന വാദം മാത്രം – അതാണ് മഹ്ദിയ്യത്തിന്റെ സ്ഥാനം – പുറപ്പെടുവിക്കാനും അവിടന്ന് എത്രയോ കൊല്ലങ്ങൾ കഴിഞ്ഞതിന്നുശേഷം മസീഹ് മൗഊദ് എന്ന വാദം ചെയ്യുവാനും അല്ലാഹു ഇടയാക്കി. സത്യാന്വേഷകർക്ക് ഇത് ഗ്രഹിക്കാവുന്നതേയുള്ളൂ.

മേൽപറഞ്ഞ വിവരണത്തിൽ നിന്ന് താഴെ പറയുന്ന സംഗതികൾ തെളിയുന്നു. ഒന്നാമത്, മഹ്ദിയെ സംബന്ധിച്ചുള്ള പരസ്പര വിരുദ്ധങ്ങളായ പ്രസ്താവനകൾ ദ്യോതിപ്പിക്കുന്നത് ഒന്നുകിൽ നബിതിരുമേനി(സ) പല മഹ്ദികളെ സംബന്ധിച്ച് പ്രവചനം ചെയ്യുകയും നിർഭാഗ്യവശാൽ അതെല്ലാം ഒരാളെപ്പറ്റിയാണെന്ന് തെറ്റിദ്ധരിപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നുവെന്നോ, അല്ലെങ്കിൽ ഇതുസംബന്ധിച്ചുള്ള ഹദീസുകളിൽ ചിലത് തെറ്റും നിർമ്മിതങ്ങളും ആണെന്നോ ആണ്. വാസ്തവത്തിൽ, നബിതിരുമേനി പല മഹ്ദികളെക്കുറിച്ചും പ്രവചിച്ചിട്ടുണ്ടെന്നും മഹ്ദിയെ സംബന്ധിച്ചുള്ള ചില ഹദീസുകൾ നിർമ്മിതങ്ങളാണെന്നുള്ളതും ശരിയാണ്. രണ്ടാമത്, മസീഹ് മൗഊദിന്റെ കാലത്ത് വേറൊരു മഹ്ദി ഉണ്ടാവുകയില്ലെന്നും മസീഹിനെയും മഹ്ദിയെയും സംബന്ധിച്ച വാഗ്ദാനം ഒരേ വ്യക്തിയുടെ ആവിർഭാവത്തിൽ പൂർത്തിയാകുമെന്നും സ്ഥാപിതമായിരിക്കുന്നു. ഇനി മഹ്ദിയെ സംബന്ധിച്ചു ഒരു സംശയവും ബാക്കിയുണ്ടാവുകയില്ല. അതിനാൽ, മഹ്ദിയെപ്പറ്റിയുള്ള ചർച്ച പൂർത്തിയാകുന്നതിനുവേണ്ടി ആ സംശയത്തിന്നുള്ള ഉത്തരവും ഇവിടെ ചേർത്തുകൊള്ളാം. വാഗ്ദാനം ചെയ്യപ്പെട്ട മഹ്ദി വാളുമായി വന്ന് അവിശ്വാസികളെയെല്ലാം കൊന്നൊടുക്കുമോ, അതോ സമാധാനത്തോടുകൂടി വെളിപ്പെട്ട് യുക്തിവാദമാകുന്ന വാളാൽ ഇസ്‌ലാമിനെ വിജയിപ്പിക്കുമോ എന്നതാണ് ആ സംശയം. മഹ്ദി എല്ലാ അവിശ്വാസികളുമായി പടവെട്ടുമെന്നും അദ്ദേഹം ജിസ്‌യ സ്വീകരിക്കുകയില്ലെന്നും അവിശ്വാസികൾക്ക് ഒന്നുകിൽ ഇസ്‌ലാം മതം സ്വീകരിക്കുകയോ അല്ലെങ്കിൽ വാളിന്നിരയാവുകയോ ചെയ്യേണ്ടിവരുമെന്നുമാണ് ഈ കാലത്തെ മുസ്‌ലിംകൾ പൊതുവിൽ വിശ്വസിച്ചുവരുന്നത്. എന്നാൽ ഞങ്ങളുടെ അഭിപ്രായത്തിൽ ഈ വിശ്വാസം തെറ്റാണെന്ന് മാത്രമല്ല ഇസ്‌ലാമിന്ന് ദുഷ്കീർത്തിയുണ്ടാക്കുന്നത് കൂടിയാണ്.

# അമേരിക്കയിലെ മതസ്വാതന്ത്ര്യം

അംജദ് മഹ്മൂദ്ഖാൻ
ലോസ് ആഞ്ചലസ്, യു. എസ്. എ.



**മതത്തിൽ ഒരു വിധത്തിലുള്ള ബലപ്രയോഗ വുമില്ല. തീർച്ചയായും സന്മാർഗ്ഗം ദുർമാർഗ ത്തിൽ നിന്നും വ്യതിരിക്തമായിരിക്കുന്നു. വിശുദ്ധ ഖുർൻ. (2:257)**

അമേരിക്ക ഒരു രാഷ്ട്രം എന്ന നിലക്ക് അതിന്റെ 234-ാമത് വാർഷികം കൊണ്ടാടുകയു ണ്ടായി. അഹ്മദിയ്യാ മുസ്‌ലിം സമൂഹവും ഈ ആഘോഷങ്ങളിൽ അഭിമാനത്തോടെ പങ്കെടു ക്കുകയും ചെയ്തു. ചില അമേരിക്കക്കാർ അമേരിക്കൻ മുസ്‌ലിംകളുടെ ഈ ദേശ സ്നേഹ പ്രകടനം കണ്ട് അത്ഭുതപ്പെടുന്നുണ്ടാ വാം. കാരണം അമേരിക്ക രണ്ട് മുസ്‌ലിം രാഷ്ട്രങ്ങളോട് യുദ്ധം ചെയ്ത രാജ്യമാണ്. (ഇ റാഖ്, അഫ്ഗാനിസ്ഥാൻ) ഈയടുത്ത കാല ത്തായി നടന്ന ഗാലപ്പ് പോളുകളിൽ അമേരി ക്കൻ മുസ്‌ലിംകൾ തങ്ങളുടെ രാജ്യത്ത് അഭൂ തപൂർവ്വമാംവിധം വിവേചനത്തിന് വിധേയമാ കുന്നതായി സൂചിപ്പിക്കുന്നു. അതുകൊണ്ട് തങ്ങളുടെ രാജ്യത്തിന്റെ പേരിൽ അഭിമാനം കൊള്ളാൻ ഒരു അമേരിക്കൻ മുസ്‌ലിമിന് പ്രയാസകരം തന്നെയായിരിക്കും എന്നവർ കരുതുന്നു.

ഇത്തരത്തിലുള്ള സകല വിവേചന ങ്ങൾക്കും പക്ഷപാതിത്വങ്ങൾക്കും മാധ്യമ ങ്ങളുടെ നിഷേധാത്മക പ്രചരണങ്ങൾക്കും നടുവിൽ ഒരു അമേരിക്കക്കാരനായിരിക്കുന്ന തിൽ ഒരു മുസ്‌ലിമിന് അഭിമാനിക്കാൻ കഴി യാത്ത ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കു ന്നത്. എങ്കിലും കഴിഞ്ഞ ഏതാനും മാസങ്ങ ളായി യൂറോപ്പിലെ മുസ്‌ലിംകളുടെ മതസ്വാത ന്ത്ര്യത്തിന്റെ സ്ഥിതി നമുക്ക് പരിശോധിക്കാം. കഴിഞ്ഞ നവംബറിൽ സ്വിറ്റ്സർലാന്റിൽ മുസ്‌ലിം പള്ളികൾക്ക് മിനാരം നിർമ്മിക്കുന്നത് നിരോധിച്ചുകൊണ്ടുള്ള ഒരു ഭരണഘടനാ ഭേദ ഗതിക്ക് അനുകൂലമായി അവിടത്തെ 57.5 ശത മാനം ആളുകൾ വോട്ടുചെയ്യുകയുണ്ടായി. ജൂൺ മാസത്തിൽ നെതർലാണ്ടിൽ (ഹോളണ്ട്) എം.പി. ഗീർത്ത് വിൽഡേഴ്സി ന്റെ ആന്റി

ഇസ്‌ലാം ഫ്രീഡം പാർട്ടി പാർലമെന്റിൽ 23 സീറ്റുകൾ നേടി. വിശുദ്ധഖുർആൻ നിരോധിക്കണമെന്നും മുസ്‌ലിം സ്ത്രീകൾ ധരിക്കുന്ന ശിരോവസ്ത്രത്തിന് നികുതി ചുമത്തണമെന്നും വാദിക്കുന്നയാളാണ് വിൽഡേഴ്സ് എന്ന് നാമോർക്കണം.

ജൂലായ് മാസത്തിൽ ഫ്രഞ്ച് പാർലമെന്റ് ഒന്നിനെതിരെ 336 വോട്ടുകൾ രേഖപ്പെടുത്തി മുസ്‌ലിം സ്ത്രീകളുടെ വസ്ത്രമായ ബുർക്ക നിരോധിക്കുകയുണ്ടായി. ബുർക്ക നിരോധനം യൂറോപ്പിൽ വ്യാപകമായ പ്രചാരണം നേടിക്കൊണ്ടിരിക്കുകയാണ്. എന്നാൽ യൂറോപ്യൻ മുസ്‌ലിംകളെ അപേക്ഷിച്ച് അമേരിക്കൻ മുസ്‌ലിംകൾക്ക് കുറേക്കൂടി മതപരമായ സ്വാതന്ത്ര്യം ലഭിക്കുന്നു എന്നതാണ് വാസ്തവം.

കഴിഞ്ഞ വർഷം അമേരിക്കൻ പ്രസിഡണ്ട് ബറാക്ക് ഒബാമ മുസ്‌ലിം ലോകത്തോടായുള്ള കെയ്റോ പ്രഭാഷണത്തിൽ ഈയൊരു വസ്തുത വെളിപ്പെടുത്തുകയുണ്ടായി. അദ്ദേഹം പറഞ്ഞു.

*'അമേരിക്കയിൽ ഒരു മതം അതിന്റെ വിശ്വാസാചാരങ്ങൾ അനുഷ്ഠിക്കുന്നത് മതസ്വാതന്ത്ര്യത്തിന്റെ അവിഭാജ്യഘടകമാണ്. ഞങ്ങളുടെ രാജ്യത്ത് എല്ലാ സംസ്ഥാനങ്ങളിലും കൂടി 1200 ൽ അധികം പള്ളികൾ ഉണ്ട്. അമേരിക്കയിലെ സ്ത്രീകൾക്കും പെൺകുട്ടികൾക്കും 'ഹിജാബ്' ധരിക്കാനുള്ള അവകാശത്തിനു വേണ്ടി ഗവൺമെന്റ് കോടതിയിൽ പോയത് ഹിജാബ് ധരിക്കുന്നത് തടയുന്നവരെ ശിക്ഷിക്കുന്ന നിയമമുള്ളത് കൊണ്ടാണ്.*

ഫ്രാൻസിലോ, സ്വിറ്റ്സർലന്റിലോ മറ്റ് യൂറോപ്യൻ രാജ്യങ്ങളിലോ ഉള്ളതുപോലെ അമേരിക്കയിൽ ഒരു സംസ്ഥാനത്തും പള്ളികൾക്ക് മിനാരം പണിയുന്നതോ, ശിരോവസ്ത്രം ധരിക്കുന്നതോ മറ്റേതെങ്കിലും തരത്തിലുള്ള ഇസ്‌ലാമികാചാരം അനുഷ്ഠിക്കുന്നതോ നിരോധിച്ചുകൊണ്ടുള്ള ഒരു നിയമവുമില്ല. 2004ൽ ഓക്‌ലോഹോമ സംസ്ഥാനത്ത് പബ്ലിക് സ്കൂളിൽ ശിരോവസ്ത്രം ധരിക്കുന്നത് നിരോധിച്ചുകൊണ്ടുള്ള ഒരു നിയമം പാസാക്കുകയുണ്ടായി. എന്നാൽ ഫെഡറൽ കോടതി അത് ഭരണഘടനാവിരുദ്ധമാണെന്ന് പറഞ്ഞ് ആ നിയമനിർമ്മാണം റദ്ദാക്കുകയാണുണ്ടായത്. ഓറിഗോൺ സംസ്ഥാനത്ത് അദ്ധ്യാപികമാർ ശിരോവസ്ത്രം ധരിക്കുന്നത് തടഞ്ഞുകൊണ്ടുള്ള 87 വർഷം പഴക്കമുള്ള ശിരോവസ്ത്ര നിരോധനമാണ് അമേരിക്കൻ സുപ്രീംകോടതിയുടെ ഈ വിധി മുഖേന റദ്ദാക്കപ്പെട്ടത്.

ലോകത്ത് മറ്റുള്ള സ്ഥലങ്ങളിലുള്ളതിനേക്കാൾ സ്വതന്ത്രമായി അമേരിക്കൻ മുസ്‌ലിംകൾക്ക് അവരുടെ വിശ്വാസം ആചരിക്കാൻ പ്രാപ്തമാക്കുന്ന ഘടകങ്ങൾ ഏതൊക്കെയാണ്?

അമേരിക്കൻ രാഷ്ട്രത്തിന്റെ ശില്പികൾ തന്നെ മതസ്വാതന്ത്ര്യത്തോട് അഗാധമായ പ്രതിബദ്ധതയുള്ളവരായിരുന്നു. മതസ്വാതന്ത്ര്യം തേടിക്കൊണ്ടായിരുന്നു 17-ാം നൂറ്റാണ്ടിൽ യൂറോപ്പിൽ നിന്നും വടക്കൻ അമേരിക്കയിലേക്ക് ആളുകൾ കുടിയേറിയത്. അമേരിക്കയിലെ ആദിമ കുടിയേറ്റക്കാർ മുഖ്യധാരാ ക്രിസ്തുമതത്തിൽ നിന്നും വിഭിന്നമായി ചില പ്രത്യേകതകളോടെ ക്രിസ്തുമതം ആചരിച്ച കറകളഞ്ഞ ക്രിസ്തുമത വിശ്വാസികളായിരുന്നു. മസാച്ചുസെറ്റിനെ അവർ പുതിയ ഇസ്രയേലായി കരുതി. ദൈവവും വിശ്വാസികളും തമ്മിൽ ഒരു പുതിയ കരാറിലൂടെ ബന്ധം പുതുക്കിയ സ്ഥലമായി അവർ മസാച്ചുസെറ്റിനെ കണ്ടു.



സെന്റ് കാതറിൻ ചർച്ച്, സീനായ്

പക്ഷേ, മസാച്ചുസെറ്റിലെ ഈ ക്രിസ്തുമതസംഘത്തിന്റെ 'വിശുദ്ധസമൂഹം' എന്ന വീക്ഷണം ഉടൻ തന്നെ വിമർശ

നത്തിന് വിധേയമായി. അവരുടെ ഏറ്റവും പ്രശസ്തനും പ്രഗല്ഭനുമായ വിമർശകൻ റോജർ വില്യംസ് ആയിരുന്നു. അദ്ദേഹം സ്വയം ഒരു പ്യൂരിറ്റൻ ക്രിസ്തുമതവിശ്വാസിയായിരുന്നു. സ്റ്റേറ്റ് മതത്തിൽ ഇടപെടുന്നതിനെ അദ്ദേഹം നഖശിഖാന്തം എതിർത്തു. എല്ലാവർക്കും മനസ്സാക്ഷി സ്വാതന്ത്ര്യം അനുവദിക്കണമെന്ന പ്രശ്നം ആദ്യമായി ഉന്നയിച്ചത് റോജർ വില്യംസ് ആയിരുന്നു. അദ്ദേഹമാണ് എല്ലാ മതവിശ്വാസികൾക്കും സ്വാതന്ത്ര്യം അനുവദിച്ചുകൊണ്ടുള്ള ആദ്യത്തെ അമേരിക്കൻ കോളണിയായ 'റോഡ് അയലന്റ്' സ്ഥാപിച്ചത്.



ആദ്യകാല അമേരിക്കയിൽ 'റോഡ് അയലന്റ്' ആശയം വളർന്നു വികസിക്കുകയായിരുന്നു. ഉദാഹരണത്തിന് വില്യം പെൻ എന്ന ക്വേക്കർ* സഭാംഗമായിരുന്നു, എല്ലാ മതവിശ്വാസികൾക്കും സ്വാതന്ത്ര്യം നൽകുന്ന 'ഹോളി എക്സ്പെരിമെന്റ്' പ്രസ്ഥാനത്തിന് രൂപം നല്കികൊണ്ട് പെൻസിൽവാനിയാ കോളനി അമേരിക്കയിൽ സ്ഥാപിച്ചത് ഇദ്ദേഹമാണ്.

** ക്വേക്കർ. ഇംഗ്ലണ്ടിൽ 17-ാം നൂറ്റാണ്ടിൽ സ്ഥാപിക്കപ്പെട്ട ഒരു ക്രൈസ്തവ വിശ്വാസസമൂഹം. യുദ്ധവാരണി, സമാധാനകാംക്ഷ, ലളിതജീവിതം ഇതാണ് ക്വേക്കറുകളുടെ മുഖമുദ്ര. വിവ:*

1776 ലാണ് മഹത്തായ സ്വാതന്ത്ര്യ പ്രഖ്യാപനത്തോടെ അമേരിക്കൻ രാഷ്ട്രം നിലവിൽ വന്നത്. ആ പ്രഖ്യാപനത്തിൽ എല്ലാവർക്കും സമത്വം അസന്നിഗ്ദ്ധമാം വിധം പ്രഖ്യാപിച്ചിരുന്നു. പക്ഷേ, ആ പ്രഖ്യാപനത്തിലും മതസ്വാതന്ത്ര്യത്തെപ്പറ്റി വ്യക്തമായ വാഗ്ദാനങ്ങളില്ലായിരുന്നു.

അമേരിക്കയുടെ രാഷ്ട്രസ്ഥാപകൻമാർ തുടർന്നുവന്ന 11 വർഷങ്ങളിൽ മതസ്വാതന്ത്ര്യം എന്ന ആശയവുമായി മല്ലിട്ടുകൊണ്ടിരുന്നു. അത് ഭരണഘടനയിൽ ഉൾപ്പെടുത്താൻ അവർ തലപുകഞ്ഞാലോചിച്ചു. ജെയിംസ് മാഡിസൺ എന്ന മഹാൻ മതസ്വാതന്ത്ര്യം എന്നത് യാതൊരർത്ഥത്തിലും ഒരിക്കലും തടയാൻ പാടില്ലാത്ത അവകാശമാണെന്ന പ്രചാരണത്തിന് ശക്തമായ ആരംഭം കുറിച്ചു. അദ്ദേഹത്തിന്റെ ആശയങ്ങളാണ് 1791 ലെ മതസ്വാതന്ത്ര്യം സംബന്ധമായി അമേരിക്കയിലുണ്ടായ ആദ്യത്തെ ഭരണഘടനാ ഭേദഗതിക്ക് നിദാനം.



റോജർ വില്യംസ്    വില്യം പെൻ

1785 നവംബർ 14ന് ചെസ്റ്റർഫീൽഡ് കൗണ്ടിയിലെ പൗരന്മാർ മതസ്വാതന്ത്ര്യത്തിനു വേണ്ടി അസാധാരണവും അഭൂതപൂർവ്വവുമായ ഒരു പെറ്റീഷൻ വിർജീനിയ സ്റ്റേറ്റ് അസംബ്ലിയിൽ സമർപ്പിച്ചു. ലിബർട്ടി ഓഫ് കോൺഗ്രസ് ഈ പെറ്റീഷൻ അവരുടെ പുരാവസ്തു ശേഖരത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

*'ജൂതന്മാർക്കും, മുഹമ്മദീയർക്കും, ക്രിസ്ത്യാനികൾക്കും സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും മതസ്വാതന്ത്ര്യം അനുവദിക്കുക..... നിർമ്മാണരംഗത്തുള്ള മനുഷ്യരുടെ അദ്ധ്വാനം അതായത് അവരുടെ കടലിലൂടെയും കരയിലൂടേയുമുള്ള സേവനമാണ് നമ്മുടെ രാജ്യത്തിന്റെ ധനസ്ഥിതി വർദ്ധിപ്പിച്ചത്. അവരുടെ മതവിശ്വാസമല്ല വർദ്ധിപ്പിച്ചത്. അതുകൊണ്ട് അവരുടെ താല്പര്യങ്ങൾക്കനുഗുണമായി പൗരന്മാരെ രാഷ്ട്രവുമായി ബന്ധിപ്പിക്കുക. ജൂതന്മാരെയും മുഹമ്മദീയരേയും ക്രിസ്ത്യാനികളേയും എല്ലാ വിഭാഗക്കാരേയും*

*അവർക്ക് ഗുണകരമായ രീതിയിൽ നിങ്ങളുടെ നിയമത്തിനു കീഴിൽ ജീവിക്കാനനുവദിക്കുക'.*

കുറച്ച് വർഷങ്ങൾക്ക് ശേഷം ഈ വികാരം ബിൽ ഓഫ് റൈറ്റ്സ് (Bill of Rights) പ്രഖ്യാപനമായി സാക്ഷാൽക്കരിക്കപ്പെട്ടു. മതത്തെ സംബന്ധിക്കുന്ന രണ്ട് ഉപാധികൾ പ്രതിപാദിച്ചുകൊണ്ടാണ് ബിൽ ഓഫ് റൈറ്റസ് ആരംഭിക്കുന്നത്. **'കോൺഗ്രസ് ഒരു മതസ്ഥാപനത്തേയും ബഹുമാനിക്കുകയോ അതിന്റെ സ്വതന്ത്രപ്രവർത്തനത്തെ നിരോധിക്കുന്നതോ ആയ യാതൊരു നിയമവും നിർമ്മിക്കുന്നതല്ല'** എന്നതാണ് ആ പ്രാരംഭ വചനങ്ങൾ. ഇവ രണ്ടും മതത്തിന്റെ സ്വാതന്ത്ര്യം സംരക്ഷിക്കുകയും ഗവൺമെന്റിന്റെ ഇരുസഭയിൽ നിന്നും നിയന്ത്രണങ്ങളിൽ നിന്നും മതവിശ്വാസത്തിന് പരിരക്ഷ നൽകുകയും ചെയ്യുന്നു.

220 വർഷങ്ങൾക്ക് ശേഷവും ആദ്യത്തെ ഭരണഘടനാഭേദഗതിയുടെ ഉപാധികൾ അതേപടി തന്നെ തുടരുകയാണ്. എല്ലാ മത വിശ്വാസങ്ങളുടെയും അതിന്റെ ആചരണങ്ങളുടെയും മേൽ ഭരണക്രമത്തിന്റെ വിലക്കോ ഇടപെടലുകളോ നിയന്ത്രണങ്ങളോ ഇല്ലാതെ ഇപ്പോഴും തുടരുന്നു. മത സ്വാതന്ത്ര്യാവകാശത്തിന് അമേരിക്കയിൽ സമ്പന്നമായ ഒരു പാരമ്പര്യമുണ്ട്.

ഈ സ്വാതന്ത്ര്യസങ്കല്പങ്ങളെല്ലാം തന്നെ ഇസ്‌ലാമിന്റെ മത സ്വാതന്ത്ര്യത്തിന്റെ ആശയങ്ങളിൽ പ്രതിദ്ധ്വനിക്കുന്നു. വാസ്തവത്തിൽ അമേരിക്ക കണ്ടുപിടിക്കുന്നതിനും ആയിരം കൊല്ലങ്ങൾക്ക് മുമ്പ് ഇസ്‌ലാമാണ് ഈ സങ്കല്പം ആദ്യമായി ലോകത്ത് അവതരിപ്പിച്ചത്.

**"മതത്തിൽ ഒരു വിധത്തിലുള്ള ബലപ്രയോഗവുമില്ല. തീർച്ചയായും സന്മാർഗ്ഗ. ദുർമാർഗ്ഗത്തിൽ നിന്നും വ്യതിരിക്തമായിരിക്കുന്നു."** (2:257)

മതഗ്രന്ഥങ്ങളിൽ വെച്ച് ഖുർആൻ മാത്രമാണ് ഇത്രയും വ്യക്തമായി മതസ്വാതന്ത്ര്യത്തെക്കുറിച്ച് പറഞ്ഞിട്ടുള്ളത്. യാതൊരുവിധത്തിലും മതത്തിൽ നിർബന്ധം അനുവദനീയമല്ല. മതം എന്നത് തികച്ചും വൈയക്തികമായ ഒരു കാര്യമാണ്. ഒരാളുടെ ഉത്തമ ബോധ്യങ്ങളിൽ നിന്നും സ്വതന്ത്രമായി ഉരുത്തിരിയുന്നതാണ് മതം. ഇസ്‌ലാം മതത്തിൽ വിശ്വസിക്കാൻ ആരേയും നിർബന്ധിക്കാൻ പാടില്ല. ഒരു മുസ്‌ലിമിന് അതിനുള്ള അവകാശം ഇസ്‌ലാം വകവെച്ചുകൊടുക്കുന്നില്ല. ഓരോരുത്തരും വിശ്വാസകാര്യങ്ങളിൽ അവനവന്റെ പാത കണ്ടെത്തണം.

**'നിന്റെ നാഥൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഭൂതലത്തിലുള്ള എല്ലാവരും ഒന്നടങ്കം വിശ്വസിച്ചേനെ, എന്നിരിക്കെ ആളുകൾ വിശ്വാസികളായിത്തീരുന്നതിന്നായി നീ അവരെ നിർബന്ധിക്കുകയോ.?** (10:100).

മതസ്വാതന്ത്ര്യം എന്നത് അല്ലാഹു ഇഛാപൂർവ്വം ഇസ്‌ലാമിൽ സന്നിവേശിപ്പിച്ച ഒരു ആശയമാണ്. വിശ്വാസകാര്യത്തിൽ ഒരിക്കലും തന്നെ നിർബന്ധം ചെലുത്താൻ പാടില്ല എന്ന് അല്ലാഹു മുസ്‌ലിംകളെ താക്കീത് ചെയ്യുന്നു. നിർബന്ധം ചെലുത്തി ഉണ്ടാക്കിയ വിശ്വാസം വിശ്വാസമല്ല.

അവസാനമായി ഖുർആനിലെ സൂറ: കാഫിറൂൻ (109) എന്ന അദ്ധ്യായം മുഴുവൻ മുസ്‌ലിംകൾ അവിശ്വാസികളോട് എങ്ങിനെ പെരുമാറണം എന്ന് പ്രതിപാദിച്ചിരിക്കുന്നു. മതകാര്യത്തിൽ ആരേയും തങ്ങൾ നിർബന്ധിക്കില്ലെന്ന് പ്രഖ്യാപിക്കാൻ വിശ്വാസികളോട് അല്ലാഹു കല്പിക്കുന്നു. **'നിങ്ങൾക്ക് നിങ്ങളുടെ മതം എനിക്ക് എന്റെ മതം'** ഇത് മത സഹിഷ്ണുതയെ സംബന്ധിച്ച് ഇസ്‌ലാമിന്റെ ശക്തവും വ്യക്തവുമായ അദ്ധ്യാപനമാണ്.

ഈ ഖുർആനിക വചനം വെറും സൈദ്ധാന്തികമായ ഒരു വാചാടോപമല്ല. അത് ഇസ്‌ലാമിന്റെ ഭരണ നൈതികതയുടെയും മതസ്വാതന്ത്ര്യത്തിന്റെയും അടിസ്ഥാനമാണ്. തീർച്ചയായും റസൂൽ തിരുമേനി (സ) ഈ ഖുർആനികാദ്ധ്യാപനങ്ങളെ അങ്ങേയറ്റം സ്നേഹിക്കുകയും അദ്ദേഹത്തിന്റെ ജീവിതത്തിലുടനീളം അത് പ്രാവർത്തികമാക്കുകയും ചെയ്തു.

അറേബ്യയിൽ താമസിച്ചിരുന്ന എല്ലാ അമുസ്‌ലിം ന്യൂനപക്ഷങ്ങളോടും പ്രവാചകൻ സമാധാനം, സഹിഷ്ണുത, സഹാനുഭൂതി എന്നിവ പ്രദർശിപ്പിച്ചു. തന്റെ അനുയായികളോട് കേവലം മതസഹിഷ്ണുത കാട്ടാൻ ആവശ്യപ്പെടുക മാത്രമായിരുന്നില്ല റസൂൽ(സ)തിരുമേനി ചെയ്തത്. അവിടുത്തെ പ്രവർത്തനങ്ങൾ (സുന്നത്ത്) നിയമപരമായും ഭരണഘടനാപരമായും ന്യൂനപക്ഷങ്ങൾക്ക് പരിരക്ഷ നൽകുന്നതായിരുന്നു.

റസൂൽതിരുമേനി(സ) മദീനയിലെ മുസ്‌ലിംകളും, യഹൂദികളും അമുസ്‌ലിം അറബികളുമായുണ്ടാക്കിയ ഔദ്യോഗിക കരാർ, ഒരു ദേശീയ രാഷ്ട്രത്തിന്റെ ലോകത്തിലെ ഒന്നാമത്തെ ലിഖിത ഭരണഘടനയാണ്. ഇംഗ്ലീഷ് മാഗനകാർട്ടയെക്കാളും ആറ് നൂറ്റാണ്ടുകൾക്ക് മുമ്പ് എഴുതപ്പെട്ടതാണത്. 10 വർഷം അത് നടപ്പാക്കുകയും നിർവ്വഹിക്കപ്പെടുകയുമുണ്ടായി. (എ.ഡി. 622 മുതൽ 632 വരെ) അപ്പോൾ മദീനയിൽ 10,000 ആളുകൾ താമസിച്ചിരുന്നു. അതിൽ 45 ശതമാനം ആളുകൾ അമുസ്‌ലിംകളായിരുന്നു. 40 ശത

മാനം ആളുകൾ ജൂതന്മാരായിരുന്നു. 15 ശതമാനം മാത്രമേ മുസ്ലിംകളുണ്ടായിരുന്നുള്ളൂ. മദീനയിൽ നടത്തിയ ഒരു സെൻസസ് മുഖേന റസൂൽതിരുമേനി (സ) തന്നെയാണ് ഈ സ്ഥിതിവിവരക്കണക്ക് രേഖപ്പെടുത്തിയത്. ഒരു ന്യൂനപക്ഷ ഭരണകൂടമായിക്കൊണ്ടാണ് മുഹമ്മദ് നബി (സ) ഈ ചാർട്ടറിന് രൂപം കൊടുത്തത്. അദ്ദേഹത്തിന്റെ ലക്ഷ്യം ബഹുമത ബഹുസ്വരഭരണകൂടമായിരുന്നു.

47 നിയമവകുപ്പുകളുണ്ടായിരുന്ന ഒരു ദേശീയ പരമാധികാര രാഷ്ട്രത്തിൽ എല്ലാവർക്കും പൊതു പൗരത്വമായിരുന്നു നൽകിയിരുന്നത്. സമത്വം, സഹകരണം, മതസ്വാതന്ത്ര്യമടക്കം എല്ലാ പൗരന്മാരുടേയും മൗലികാവകാശങ്ങൾ ചാർട്ടർ സംരക്ഷിച്ചിരുന്നു. 25–ാം വകുപ്പിൽ യഹൂദികൾക്കും അമുസ്ലിംകൾക്കും അറബികൾക്കും അവരുടെ വിശ്വാസങ്ങൾ നിർബാധം ആചരിക്കാൻ പരിപൂർണ്ണ സ്വാതന്ത്ര്യമുണ്ടായിരുന്നു. ചുരുക്കത്തിൽ ചരിത്രത്തിലാദ്യമായി എല്ലാ പൗരന്മാരുടേയും മതസ്വാതന്ത്ര്യം പരിരക്ഷിച്ച ആദ്യത്തെ ഭരണഘടനയായിരുന്നു റസൂൽ തിരുമേനി (സ) യുടെ മദീനാ പ്രഖ്യാപനം. വളരുന്ന ഇസ്ലാമിക ശക്തിയോടുള്ള അസഹിഷ്ണുത മദീനക്ക് ചുറ്റുമുള്ള ഗോത്രങ്ങളിൽ പ്രകടമായിരുന്നു. സമാധാന സഹകരണമാണ് തന്റെ ലക്ഷ്യമെന്ന് കാണിച്ച് റസൂൽതിരുമേനി (സ) മദീനക്ക് ചുറ്റുമുള്ള രാജാക്കന്മാർക്കും കത്തെഴുതുകയുണ്ടായി. സീനാമലയിലെ സെന്റ് കാതറിൻ സന്യാസിമഠത്തിലേക്ക് റസൂൽ തിരുമേനി (സ) അയച്ച ഒരു കത്ത് ഇപ്രകാരമാണ്.

*'വിദൂരസ്ഥരും സമീപസ്ഥരുമായ ക്രിസ്തുമത വിശ്വാസികളോടൊപ്പമാണ് തങ്ങൾ എന്നതിന്റെയടിസ്ഥാനത്തിൽ നാം സ്വീകരിച്ച കരാർപ്രകാരം അബ്ദുല്ലയുടെ മകൻ മുഹമ്മദിൽ നിന്നുള്ള ഒരു സന്ദേശമാണിത്. തീർച്ചയായും ഞാനും എന്റെ സേവകരും സഹായികളും അനുയായികളും ക്രിസ്ത്യാനികളെ സംരക്ഷിക്കുന്നതാണ്. കാരണം അവർ നമ്മുടെ പൗരന്മാരാണ്. അല്ലാഹുവാണ, അവർക്ക് വിഷമമുണ്ടാക്കുന്നവയിൽ നിന്നും ഞാൻ ഒഴിഞ്ഞു നില്ക്കുന്നതായിരിക്കും. അവർക്ക് മേൽ യാതൊരു നിർബന്ധവും ചെലുത്തുന്നതല്ല. അവരുടെ ന്യായാധിപന്മാരെയോ സന്യാസി മഠങ്ങളിലെ സന്യാസികളെയോ തൽസ്ഥാനത്ത് നിന്നും മാറ്റുന്നതല്ല. ആരും തന്നെ അവരുടെ മതപരമായ ഒരു സ്ഥാപനവും നശിപ്പിക്കുന്നതല്ല. അവ കേടുവരുത്തുന്നതുമല്ല. അതിൽ നിന്ന് ഏതെങ്കിലുമൊരു ജംഗമവസ്തുവും മുസ്ലിംകൾ എടുത്തുകൊണ്ട് പോകുകയോ ചെയ്യില്ല. ആരെങ്കിലും ഇത്തരം കാര്യങ്ങൾ ചെയ്തെങ്കിൽ അയാൾ ദൈവത്തിന്റെ കരാർ ലംഘിക്കുകയും ദൈവദൂതനെ അനുസരിക്കാതിരിക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും ക്രിസ്ത്യാനികൾ നമ്മുടെ സഖ്യകക്ഷിയാണ്. അവർ വെറുക്കുന്നതിൽ നിന്നെല്ലാം നാം അവരെ സംരക്ഷിക്കും. ആരും തന്നെ അവരെ യാത്ര ചെയ്യാനോ യുദ്ധം ചെയ്യാനോ നിർബന്ധിക്കില്ല. മുസ്ലിംകൾ അവർക്കുവേണ്ടി യുദ്ധം ചെയ്യും. ഒരു ക്രിസ്ത്യൻ സ്ത്രീ മുസ്ലിമിനെ വിവാഹം ചെയ്യുകയാണെങ്കിൽ അതിന് അവളുടെ സമ്മതമുണ്ടായിരിക്കണം. അവളുടെ ചർച്ചിൽ ആരാധന നടത്താൻ പോകുന്നത് തടയാൻ പാടില്ല. അവരുടെ ചർച്ചുകൾ ബഹുമാനിക്കപ്പെടണം. അന്ത്യനാൾ വരെ ഈ രാജ്യത്തിലെ (മുസ്ലിം രാജ്യം) ആരും തന്നെ ഈ കരാർ ലംഘിക്കരുത്.'*

പാശ്ചാത്യ ഇസ്ലാമിക പണ്ഡിതനായ മാർമഡ്യൂക് പിക്താൾ നബി തിരുമേനി (സ)യുടെ ഈ പ്രഖ്യാപനത്തെ പറ്റി പറയുന്നു:

*'സീനായിലെ ക്രിസ്ത്യൻ സന്യാസിമാർക്ക് മുഹമ്മദ് നൽകിയ പ്രഖ്യാപനവാഗ്ദാനം ഒരു സജീവരേഖയാണ്. നിങ്ങൾ അത് വായിക്കുകയാണെങ്കിൽ അവാച്യമായ ആനന്ദം മാത്രമല്ല യഥാർത്ഥ സ്നേഹവും നിങ്ങൾക്ക് അനുഭവവേദ്യമാകും. മുസ്ലിംകൾക്ക് അദ്ദേഹം നൽകിയതെന്തോ അത് തന്നെയാണ് ജൂതന്മാർക്കും നൽകിയത്. അവർ അദ്ദേഹത്തോട് അത്രയും വിശ്വസ്തരായിരുന്നു. ഒരു തരത്തിൽപ്പെട്ട ആളുകളോടും അദ്ദേഹം മോശമായി പെരുമാറിയില്ല. ക്രിസ്ത്യാനികളും സൊറോസ്ട്രിയൻ മതക്കാരും അദ്ദേഹത്തെ സന്ദർശിച്ചതിന്റെ വ്യക്തമായ രേഖകളുണ്ട്. അവരോടൊന്നും തന്നെ മതപരമായ അസഹിഷ്ണുതയുടെ ഒരു ലാഞ്ചന പോലും കാണിച്ചില്ല.'*

സീനായിലെ സെയിൻറ് കാതറിൻ മോണാസ്ട്രി ഇന്നും ഈജിപ്തിലുണ്ട്. UNESCO അത് വേൾഡ് ഹെറിറ്റേജ് സ്മാരകമാക്കി പ്രഖ്യാപിച്ചിട്ടുണ്ട്. സെയിൻറ് കാതറിൻ മൊണാസ്ട്രിയുടെ വെബ്സൈറ്റിൽ അഭിമാനപൂർവ്വം റസൂൽ തിരുമേനി(സ)യുടെ പ്രസ്തുത സംരക്ഷണക്കത്ത് പ്രദർശിപ്പിച്ചിട്ടുണ്ട്. കത്തിന്റെ യഥാർത്ഥ കോപ്പി തുർക്കിയിൽ കോൺസ്റ്റാന്റനോപ്പിളിലെ റോയൽ ട്രഷറിയിലാണ് സൂക്ഷിച്ചത്. ഇക്കാര്യം വാഗ്ദത്ത മസീഹിന്റെ നാലാം ഖലീഫ


ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്) അദ്ദേഹത്തിന്റെ നിരവധി എഴുത്തുകളിലും പ്രഭാഷണത്തിലും രേഖപ്പെടുത്തിയിട്ടുണ്ട്. 1400 വർഷങ്ങൾക്ക് മുമ്പ് റസൂൽ തിരുമേനി(സ) നൽകിയ ഈ സംരക്ഷണ വാഗ്ദാനത്തിന്റെയടിസ്ഥാനത്തിൽ സെയിന്റ് കാതറിൻ പള്ളി ഇപ്പോഴും അവിടെയുണ്ട്.

അമേരിക്കയുടെ ഭരണഘടനയും ഇത്തരം സഹിഷ്ണുതാപരമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. അത് തികച്ചും സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനത്തിലുള്ളതാണ്. രാഷ്ട്രത്തിന്റെ നിയന്ത്രണത്തിൽ നിന്നും മുക്തവുമാണ്. മത സ്വാതന്ത്ര്യത്തെ പറ്റി ഇന്നത്തെ മുസ്‌ലിം രാജ്യങ്ങളിൽ കണ്ടുവരുന്നത് റസൂൽ തിരുമേനി(സ)യുടെ മാതൃകക്ക് കടകവിരുദ്ധമാണ്. ഇന്തോനേഷ്യ, ഈജിപ്ത്, പാകിസ്ഥാൻ മുതലായ രാജ്യങ്ങൾ മത ന്യൂനപക്ഷങ്ങളെ ശ്വാസം മുട്ടിക്കുകയാണ്. ലാഹോറിൽ 86 അഹ്മദികളെ രക്തസാക്ഷികളാക്കിയ ക്രൂരമായ ആക്രമണം ഒറ്റപ്പെട്ടതല്ല. ഇത് രാഷ്ട്രം മതത്തിൽ ഇടപെട്ടുകൊണ്ട് നടത്തുന്ന ന്യൂനപക്ഷ പീഢനത്തിന്റെ ഭാഗമാണ്. മുസ്‌ലിം ആരാണെന്ന് നിർവ്വചിച്ച് പാർലമെന്റിൽ നിയമം പാസാക്കിയ രാജ്യമാണ് പാകിസ്ഥാൻ. ന്യൂനപക്ഷങ്ങളുടെ അവകാശം കവർന്നെടുത്ത് ഒരു വിഭാഗത്തെ സ്വയം മുസ്‌ലിമാണെന്ന് വിളിക്കുന്നതിൽ നിന്നും ഭരണഘടനാപരമായി അവരെ തടയുന്നു. മൗലികമായ മതസ്വാതന്ത്ര്യം വധശിക്ഷയർഹിക്കുന്ന കുറ്റമാക്കി മാറ്റിയ ഒരേയൊരു മുസ്‌ലിം രാജ്യമാണ്പാകിസ്ഥാൻ അതായത് അവരുടെ പാസ്പോർട്ട് അപേക്ഷകളിൽ മതവിശ്വാസം വെളിപ്പെടുത്തണം. ഒരു ന്യൂനപക്ഷ വിഭാഗത്തിന്റെ പ്രസ്ഥാന സ്ഥാപകരെ വ്യാജനാണെന്ന് (ദൈവം പൊറുക്കട്ടെ) പ്രഖ്യാപിക്കുകയും ചെയ്യണമെന്ന് വ്യവസ്ഥ ചെയ്ത ഒരേയൊരു രാജ്യമാണ് പാകിസ്ഥാൻ.

റസൂൽ തിരുമേനി(സ) ഉണ്ടായിരുന്നെങ്കിൽ എങ്ങനെയാണ് ഈ അവസ്ഥയോട് പ്രതികരിക്കുക? അവിടുന്ന് പാകിസ്ഥാനെ ഒരു ഇസ്‌ലാമിക രാജ്യമായി അംഗീകരിക്കുമോ? വെള്ളിയാഴ്ച പള്ളികളിൽ പ്രാർത്ഥന നടക്കുമ്പോൾ അവിടെ ബോംബ് സ്ഫോടനമുണ്ടാക്കി കൂട്ടക്കൊല നടത്താൻ കൗമാരക്കാരായ ബാലന്മാരെ അയക്കുന്ന മതനേതാക്കന്മാരോട് റസൂൽ തിരുമേനി(സ)യുടെ പ്രതികരണമെന്തായിരിക്കും? പാകിസ്താനിലെ ഗോജ്റയിൽ 11 ക്രിസ്ത്യാനികളെ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ ചുട്ടുകൊല്ലുകയും ലാഹോറിലെ സൂഫി ദർഗയിൽ ബോംബ് വെച്ച് കൂട്ടക്കൊല നടത്തുകയും ചെയ്ത മുസ്‌ലിം തീവ്രവാദികളോടുള്ള റസൂൽ തിരുമേനി(സ)യുടെ നിലപാടെന്തായിരിക്കും? മനുഷ്യസ്വാതന്ത്ര്യത്തിന്റെ ഏറ്റവും വലിയ വക്താവായ റസൂൽ തിരുമേനി (സ)യുടെ പേരിലാണ് മേൽപറഞ്ഞ അതിക്രമങ്ങൾ നടക്കുന്നത്. **'അഭിപ്രായ വ്യത്യാസങ്ങൾ എന്റെ സമുദായത്തിന്റെ അനുഗ്രഹമാണ്'** എന്ന് പറഞ്ഞ റസൂൽ തിരുമേനി(സ)യുടെ മാതൃക എപ്പോഴാണ് പാകിസ്താൻ ഓർക്കുക?.

അമേരിക്കൻ അഹ്മദി മുസ്‌ലിമിന്റെ കടമയെന്താണ്? ഞങ്ങൾ അമേരിക്കക്കാരാണ് എന്നതിൽ അഭിമാനിക്കുന്നു. അതുകൊണ്ട് ഗവൺമെൻറ്, എടുക്കുന്ന എല്ലാ തീരുമാനങ്ങളും ഞങ്ങൾ അംഗീകരിക്കുന്നു എന്നർത്ഥമില്ല. ഒരു രാജ്യത്തെ പൗരൻ എന്ന നിലക്ക് ആ രാജ്യത്തോട് പൂർണ്ണ വിശ്വസ്തത കാണിക്കണം എന്നാണ് റസൂൽ തിരുമേനി(സ)യുടെ ഉപദേശം. ഭൂമിയിലെ മറ്റേതൊരു രാജ്യത്തും അനുഭവിക്കാത്തയത്ര മതസ്വാതന്ത്ര്യം ഞങ്ങളീ നാട്ടിൽ അനുഭവിക്കുന്നു. എല്ലാ മതസ്ഥർക്കും ആരാധനാലയങ്ങൾ പണിയാനും അവരുടെ വിശ്വാസം ഇഷ്ടമുള്ള രീതിയിൽ പ്രചരിപ്പിക്കാനും അമേരിക്കയിൽ സ്വാതന്ത്ര്യമുണ്ട്. എന്നാൽ ചില മുസ്‌ലിം രാജ്യങ്ങളിൽ മസ്ജിദ് നിർമ്മിക്കാൻ മാത്രമേ അനുവാദമുള്ളൂ. റസൂൽ തിരുമേനി(സ) എല്ലാവർക്കും ഈ സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. ലോകം മുഴുവൻ മതസ്വാതന്ത്ര്യം ഹനിക്കപ്പെടുന്നതായി നാം കാണുന്നു. അഹ്മദികൾ കൂട്ടക്കൊല ചെയ്യപ്പെടുന്നു. പക്ഷേ ഇതൊന്നും വെറുതെയാവില്ല. നാം അഹ്മദികൾ റസൂൽ തിരുമേനി(സ)യുടെ യഥാർത്ഥ അദ്ധ്യാപനം ലോകത്തിന് വിശേഷിച്ചും മുസ്‌ലിം നാടുകൾക്ക് പഠിപ്പിച്ചുകൊടുക്കാൻ ബാദ്ധ്യസ്ഥരാണ്. അതിനായി നമുക്ക് പരിശ്രമിക്കാം.

*വിവ: എ.എം.*





# മരണത്തിന് ശേഷമുള്ള മനുഷ്യാവസ്ഥ

മുഹമ്മദ് സഫറുല്ലാഹ് ഖാൻ

**പരലോകജീവിതം അനിഷേധ്യമായ ഒരു യാഥാർത്ഥ്യമാണ്. മരണത്തിനുശേഷം ആത്മാവിന് സംഭവിക്കുന്ന പരിണാമവികാസങ്ങളെപറ്റി...**

വിശുദ്ധ ഖുർആൻ മരണാനന്തര ജീവിതത്തിലുള്ള വിശ്വാസത്തിന് ഊന്നൽ നൽകുന്നു. മനുഷ്യൻ തന്റെ ജീവിതത്തിന്റെ അനിവാര്യമായ ഈ പരിണിതി അംഗീകരിക്കാൻ വിമുഖനാണ്. മനുഷ്യൻ പറയുന്നു: **'ജീവിതമെന്നത് ഐഹികജീവിതം മാത്രമാണ്. നാം മരിക്കുകയും ജീവിക്കുകയും ചെയ്യുന്നു. 'നാം പുനരുത്ഥാനം ചെയ്യപ്പെടുന്നവരല്ല തന്നെ'** (വിശുദ്ധ ഖുർആൻ 23:38) അവൻ എപ്പോഴും ചോദിച്ചുകൊണ്ടിരിക്കുന്നു. **'ഞാൻ മരിച്ചു കഴിഞ്ഞാൽ പിന്നെ എന്നെ ജീവനോടെ പുറത്തുകൊണ്ടുവരുമെന്നോ? ഇതിന് മുമ്പ് ഒന്നുമല്ലാത്ത അവസ്ഥയിൽ നാം അവനെ സൃഷ്ടിച്ചിരിക്കുന്നു എന്ന വസ്തുത അവൻ ഓർക്കുന്നില്ലേ?'** (വി. ഖുർആൻ 19:67, 68)

അവർ ചോദിക്കുന്നു: **'ഞങ്ങൾ അസ്ഥികളും ജീർണ്ണിച്ച തുണ്ടങ്ങളും ആയിക്കഴിഞ്ഞ ശേഷം വീണ്ടും ഒരു പുതിയ സൃഷ്ടിയായി എഴുന്നേൽപ്പിക്കപ്പെടുമോ? പറയുക, നിങ്ങൾ കല്ലോ ഇരുമ്പോ ആയിത്തീരുക. അല്ലെങ്കിൽ നിങ്ങളുടെ ഹൃദയങ്ങളിൽ വലുതായി തോന്നുന്ന മറ്റെന്തെങ്കിലും ഒരു സൃഷ്ടിയായിത്തീരുക. അപ്പോൾ അവർ പറയും: 'ആരാണ് ഞങ്ങളെ തിരിച്ചുകൊണ്ടുവരുന്നത്'? പറയുക, 'ഒന്നാമത്തെ പ്രാവശ്യം നിങ്ങളെ സൃഷ്ടിച്ചവൻ തന്നെ' അപ്പോൾ അവർ നിന്റെ നേരെ തങ്ങളുടെ തലയാട്ടും. അത് എപ്പോഴായിരിക്കും എന്ന് അവർ ചോദിക്കുകയും ചെയ്യും. പറയുക അത് അടുത്ത് തന്നെ സംഭവിച്ചേക്കാം.'** (വി.ഖു. 17:50–52)

മരണാനന്തര ജീവിതം എന്നത് മൃതശരീരത്തിന്റെ എല്ലുകളും പരമാണുക്കളും കൂടിച്ചേർന്ന് ശരീരം വീണ്ടും പുനഃസംഘടിപ്പിക്കുക എന്നതല്ല. മനുഷ്യന്റെ ശരീരം ഈ ഭൂമിയിലെ ജീവിതത്തിന് അനുയോജ്യമായ രീതിയിൽ മാത്രമാണ് സംഘടിപ്പിക്കപ്പെട്ടിട്ടുള്ളത്. മനുഷ്യശരീരത്തിന്റെ ജീർണ്ണനവും വിഘടനവും മരണാനന്തരജീവിതത്തിന്റെ സാധ്യതകൾക്ക് മുമ്പിൽ തികച്ചും അപ്രസക്തമാണ്.

മരണാനന്തരം ആത്മാവിന്റെ പുനർജന്മത്തെപറ്റിയുള്ള പ്രതിഭാസം വിശദീകരിച്ചുകൊടുക്കാൻ ഖുർആൻ, ഭൂമിയിലെ മനുഷ്യന്റെ ജനനത്തിലേക്ക് ആവർത്തിച്ച് ശ്രദ്ധ ക്ഷണിക്കുന്നു. **'മനുഷ്യൻ അറിഞ്ഞിട്ടില്ലേ? നാം അവനെ ഒരു രേതഃസ്കണത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നുവെന്ന്. ഇപ്പോൾ അതാ അവൻ കടുത്ത താർക്കികനായി തീർന്നിരിക്കുന്നു. നമുക്ക് അവൻ ഒരു ഉപമ എടുത്തുകാണിക്കുകയും അവന്റെ സൃഷ്ടിപ്പിനെ അവൻ മറക്കുകയും ചെയ്തിരിക്കുന്നു. അസ്ഥികൾ ദ്രവിച്ചിരിക്കെ ആരാണവയെ ജീവിപ്പിക്കുക? എന്നവൻ ചോദിക്കുന്നു. പറയുക: 'ആദ്യഘട്ടത്തിൽ അവയെ സൃഷ്ടിച്ചവൻ (തന്നെയാണ് വീണ്ടും) അവയെ ജീവിപ്പിക്കുക.**

**അവൻ എല്ലാ സൃഷ്ടികളെക്കുറിച്ചും നല്ലവണ്ണം അറിവുള്ളവനത്രെ'** (വി. ഖു. 36:78–80)

**'മനുഷ്യന് നാശം അവനെന്തൊരു കൃതഘ്നൻ! അവനെ ഏത് വസ്തുവിൽ നിന്നാണ് അവൻ (അല്ലാഹു) സൃഷ്ടിച്ചത്? ഒരു രേതസ്കണത്തിൽ നിന്നാണ് അവൻ അവനെ സൃഷ്ടിച്ചിട്ടുള്ളത്. എന്നിട്ടവൻ (അല്ലാഹു) അവന് അളവ് നിർണ്ണയിച്ചു. പിന്നെ അവൻ, അവന് മാർഗം സുഗമമാക്കിക്കൊടുത്തു. പിന്നീടവൻ അവനെ മരിപ്പിക്കുന്നു. എന്നിട്ടവൻ അവനെ ഖബ്റടക്കുന്നു. പിന്നീടവൻ ഇച്ഛിക്കുമ്പോൾ അവനെ ഉയിർത്തെഴുന്നേൽപ്പിക്കുന്നു.'** (80:18–23)

മനുഷ്യനെ വീണ്ടും ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുന്ന സംഗതി ഉണർത്തുമ്പോഴെല്ലാം ഖുർആൻ മനുഷ്യന്റെ ഭൗമിക ജീവിതത്തിനനുസൃതമായ അവന്റെ ശരീരത്തിന്റെ സൃഷ്ടിപ്പിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മാംസം, എല്ല്, രക്തം, പേശികൾ, മസ്തിഷ്കം എന്നിവയും മനുഷ്യന്റെ എല്ലാ കഴിവുകളും അതിസങ്കീർണ്ണവും എന്നാൽ അത്ഭുതകരമായ നിലയിൽ മനുഷ്യശരീരത്തിൽ ഏകോപിപ്പിക്കപ്പെട്ടതുമാണ്. മനുഷ്യശരീരമാകുന്ന ഈ സമ്പൂർണ്ണ പ്രപഞ്ചസംഗ്രഹം ജീവത്തായ രീതിയിൽ നിസ്സാരമായ ഒരു തുള്ളി ഇന്ദ്രിയദ്രവത്തിന്റെ തുച്ഛമായ കണികയിൽ സംക്ഷേപിച്ചിരിക്കുന്നു. സർവ്വജ്ഞാനിയായ സ്രഷ്ടാവിന്റെ അളവറ്റ അനുഗ്രഹകേദാരത്തിൽ വെച്ച് ആ ഒരു ഇന്ദ്രിയകണം ഒരു പുതിയ സൃഷ്ടിയായി ജന്മമെടുക്കുകയും പരിപക്വമായ ഒരു ധൈഷണിക മനുഷ്യനായി രൂപാന്തരപ്പെടുകയും ജീവിതത്തിന്റെ സർവ്വമണ്ഡലങ്ങളിലും നേട്ടങ്ങൾ കൈവരിക്കുകയും ചെയ്യുന്നു. ഈ പ്രതിഭാസങ്ങളുടെയെല്ലാം കേന്ദ്രബിന്ദു ആത്മാവാണ്. ആത്മാവിന്റെ കഴിവുകൾ പ്രകടിതമാവാൻ ശരീരമെന്ന മാധ്യമം ആവശ്യമാണ്. അത് അവന്റെ ജീവിതാവസ്ഥക്കനുസരിച്ച് ക്രമീകരിക്കപ്പെടുകയും വ്യവസ്ഥപ്പെടുത്തുകയും ചെയ്യുന്നു. ഒരു തലം വരെ ശരീരവും ആത്മാവും സംയുക്തമായി സംഘടിപ്പിക്കപ്പെട്ട പരസ്പരം വേർപിരിയാത്ത ഒരു ഏകകമാണ്. ശരീരവും ആത്മാവും വേർപിരിയുമ്പോൾ ഭൂമിയിൽ മനുഷ്യജീവിതം അവസാനിക്കുന്നു. പക്ഷേ അത് ജീവിതത്തിന്റെ അവസാനമാകുന്നില്ല. മരണത്തോടെ മനുഷ്യശരീരത്തിന്റെ പ്രവർത്തനം നിലക്കുന്നു. പക്ഷേ നാം മൃതദേഹത്തോട് ആദരവും മാന്യതയും പ്രദർശിപ്പിക്കുന്നത് ആ ശരീരത്തിൽ വസിച്ചിരുന്ന ആത്മാവിനോടുള്ള ബഹുമാനസൂചകമായിട്ടാണ്, ശരീരത്തോടു മാത്രമായിട്ടുള്ളതല്ല.

മരണത്തിനു ശേഷം ആത്മാവ് പുനർജനനത്തിന്റെ പ്രക്രിയയിലേക്ക് പ്രവേശിക്കുന്നു. ഈ ഘട്ടത്തിൽ ആത്മാവിന് പുതിയ ഒരാവരണം സംജാതമാവുന്നു. പിന്നീട് പുതിയ ജീവിതസാഹചര്യങ്ങൾക്കനുസൃതമായി ഒരു പുതിയ സൃഷ്ടിരൂപമെടുക്കുന്നു. അങ്ങിനെ അതിന്റെ അസ്ഥികൾ അതിൽനിന്നും ഉദ്ദീപനത്തോടെ വളരുന്നു. പക്ഷേ അവ വളരുന്നത് ആത്മീയ ശരീരത്തിൽ നിന്നുതന്നെയായിരിക്കും. *'അവൻ എല്ലാതരം സൃഷ്ടികളെക്കുറിച്ചും നന്നായറിയുന്നു'* എന്ന ഖുർആൻ വചനം ഗർഭപാത്രത്തിലെ ഭ്രൂണത്തിന്റെ ഉത്തേജിത വളർച്ചപോലെ തന്നെ മരണാനന്തരമുള്ള ജീവിതവും പുതിയ ഒരു സൃഷ്ടിയാണ് എന്നാണ് സൂചിപ്പിക്കുന്നത്.

മരണത്തോടെ ആത്മാവിന് ആസന്നമായ ഒരു പൂർണ്ണ ജീവിതം കാത്തുനില്പുണ്ട്. മരണത്തിന് ശേഷമുള്ള ആത്മാവിന്റെ അവസ്ഥയെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ ഖുർആൻ മാതാവിന്റെ ഗർഭപാത്രത്തിലെ ഭ്രൂണാവസ്ഥയെക്കുറിച്ച് പറയുന്നു. ഗർഭപാത്രത്തിലെ ഭ്രൂണത്തെപോലെ, മരണാനന്തരം പരലോകപരിതസ്ഥിതിക്കനുസരിച്ച് ഉചിതമായ ശക്തിവിശേഷങ്ങൾ ആത്മാവിൽ ഉടലെടുക്കുന്നു. ഇത്തരത്തിലുള്ള പ്രക്രിയയിലൂടെയാണ് ആത്മാവ് പുതിയ ഒരു ജീവിതത്തിലേക്ക് ജന്മമെടുക്കുന്നത്. അതിനെയാണ് പുനരുജ്ജീവനമെന്ന് പറയുന്നത്.

**'മനുഷ്യൻ അനിയന്ത്രിതമായി വിടപ്പെടുമെന്ന് അവൻ വിചാരിക്കുന്നുവോ? തെറിപ്പിക്കപ്പെടുന്ന ശുക്ലത്തിൽ നിന്നുള്ള ഒരു കണമായിരുന്നില്ലേ അവൻ? പിന്നെ അത് ഒട്ടിപ്പിടിക്കുന്ന ഒരു രക്തപിണ്ഡമായിത്തീർന്നു. അങ്ങനെ അവൻ അതിനെ രൂപപ്പെടുത്തി പരിപൂർണ്ണമാക്കി. എന്നിട്ട് അവൻ (അല്ലാഹു) അതിൽ നിന്ന് ആൺ, പെൺ എന്നീ രണ്ട് ഇണകളെ സൃഷ്ടിക്കുകയും ചെയ്തു. അങ്ങനെയുള്ളവൻ മരിച്ചവരെ ജീവിപ്പിക്കാൻ കഴിവുള്ളവനല്ലേ?** (75:37–41)

മരണാനന്തരജീവിതം നിഷേധിക്കുന്നവർ അപ്രകാരം ചെയ്യുന്നതിന് കാരണം ഇഹലോകജീവിതത്തിൽ താൻ ചെയ്തുകൂട്ടുന്ന പ്രവർത്തനങ്ങളുടെ കണക്കെടുപ്പിന് അധികാരമുള്ള ഒരു സ്രഷ്ടാവിന്റെ സാധ്യത അംഗീകരിക്കാൻ തങ്ങളുടെ അഹങ്കാരം സമ്മതിക്കാത്തത് കൊണ്ടാണ്.

**'പരലോകജീവിതത്തെ നിഷേധിക്കുന്നവർ യാഥാർത്ഥ്യം അറിയാത്തവരാണ്. അവർ അഹ**

**ങ്കാരികളത്രെ സംശയമില്ല. അവർ രഹസ്യമാക്കുന്നതും പരസ്യമാക്കുന്നതുമെല്ലാം അല്ലാഹു അറിയുന്നു. നിശ്ചയമായും അവൻ അഹങ്കാരികളെ ഇഷ്ടപ്പെടുന്നില്ല. നിങ്ങളുടെ നാഥൻ എന്താണ് അവതരിപ്പിച്ചത് എന്നവരോട് ചോദിക്കപ്പെടുമ്പോൾ (ഇത്) പൂർവ്വികരുടെ കെട്ടുകഥകളാണ് എന്നവർ പറയും'** (വി.ഖു. 16:23–25)

ഈ ലോകജീവിതവുമായി പരലോകജീവിതം താരതമ്യം ചെയ്യുമ്പോൾ പരലോകജീവിതത്തിലെ അവസ്ഥ തികച്ചും ആത്മീയമാണ്. എങ്കിലും ആ ജീവിതാനുഭവങ്ങൾ ഇഹലോകജീവിതത്തെക്കാൾ കൂടുതൽ തീവ്രമായി ബോധാത്മകവും അനുഭവവേദ്യവും സാക്ഷാൽക്കരിക്കപ്പെടുന്നതുമായിരിക്കും. പരലോകജീവിതത്തിലെ യഥാർത്ഥ അനുഭവങ്ങൾ ഇപ്പോഴത്തെ സംവേദനേന്ദ്രിയങ്ങളിലൂടെ സാക്ഷാത്കരിക്കാൻ സാധ്യമല്ല.

**'തങ്ങൾ പ്രവർത്തിച്ച്കൊണ്ടിരുന്നതിന്റെ പ്രതിഫലമായി കണ്ണുകളെ കുളിർപ്പിക്കുന്ന എന്തെല്ലാം അനുഗ്രഹങ്ങളാണ് അവർക്ക് വേണ്ടി മറച്ചുവെക്കപ്പെട്ടിട്ടുള്ളതെന്ന കാര്യം ഒരാളും അറിയുന്നില്ല'** (വി.ഖു. 32:18)

ഓരോ മനുഷ്യാത്മാവും പരലോകജീവിതത്തിൽ ഗുണദോഷങ്ങൾക്കും ആസ്വാദനങ്ങൾക്കും ആധാരമായ മനുഷ്യാത്മാവിന്റെ നന്മയും തിന്മയും ഈ ലോകജീവിതത്തിലെ സ്വഭാവം മുഖേന വളർത്തിയെടുക്കുന്നു. അതായത് ആരോഗ്യമുള്ള ഒരാൾ ഇഹലോകജീവിതത്തിൽ അനുയോജ്യമാം വിധം പ്രതികരിച്ചുകൊണ്ട് സന്തോഷത്തിലും സന്തുഷ്ടിയിലും കഴിഞ്ഞുകൂടുന്നു. എന്നാൽ രോഗാതുരനായ ഒരാൾ ജീവിതാവസ്ഥകളോട് വേദനാജനകമായിട്ടായിരിക്കും പ്രതികരിക്കുക.

**'മനുഷ്യാത്മാവിനെക്കൊണ്ടും അതിനെ അന്യൂനമാക്കിയിരിക്കുന്ന വിധത്തെക്കൊണ്ടും സത്യം. എന്നിട്ടവൻ (അല്ലാഹു) അതിന് അതിന്റെ അധാർമ്മികതയും സാത്വികതയും ബോധനം ചെയ്തു. അതിനെ പരിശുദ്ധമാക്കിയവൻ തീർച്ചയായും വിജയം പ്രാപിച്ചു. അതിനെ ദുഷിപ്പിച്ചവൻ തീർച്ചയായും പരാജയപ്പെടുകയും ചെയ്തു' (91:8–11). 'യാഥാർത്ഥ്യമിതാണ്. ഏതൊരാൾ തന്റെ നാഥന്റെ അടുക്കൽ കുറ്റവാളിയായുംകൊണ്ട് ഹാജരാകുന്നുവോ തീർച്ചയായും അവന് നരകമാണ് ലഭിക്കുക. അവനതിൽ മരിക്കുകയുമില്ല ജീവിക്കുകയുമില്ല. വല്ലവരും സൽക്കർമ്മങ്ങൾ പ്രവർത്തിച്ചനിലയിൽ സത്യവിശ്വാസികളായും കൊണ്ട് അവന്റെയടുക്കൽ ചെല്ലുന്നതായാൽ അക്കൂട്ടർക്ക് തന്നെയാണ് സമുന്നതമായ പദവികൾ ലഭിക്കുക. അതായത് നിത്യവാസത്തിന്റെ ഉദ്യാനങ്ങൾ. അവയുടെ താഴോരത്ത് കൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കും. അവരതിൽ എന്നും താമസിച്ചു കൊണ്ടിരിക്കുന്നതാണ്. പരിശുദ്ധിയാർജിച്ചവന്റെ പ്രതിഫലമത്രെ ഇത്.'** (20:75–77).

**'വല്ലവനും ഈ ലോകത്ത് അന്ധനായിരുന്നാൽ അവൻ പരലോകത്തും അന്ധനായിരിക്കും. മാത്രമല്ല കൂടുതൽ വഴിപിഴച്ചവനുമായിരിക്കും.' (17:73) 'എന്നാൽ അവർ ഭൂമിയിൽ സഞ്ചരിച്ചുനോക്കിയിട്ടില്ലേ? എങ്കിൽ അവർക്ക് ചിന്തിച്ചു മനസ്സിലാക്കുന്ന ഹൃദയങ്ങളും കേട്ടു മനസ്സിലാക്കുന്ന ചെവികളും ഉണ്ടാകുമായിരുന്നു. എന്തെന്നാൽ കണ്ണുകൾ അന്ധമാകുന്നില്ല; പക്ഷേ നെഞ്ചുകളിലുള്ള ഹൃദയങ്ങളാണ് അന്ധമാകുന്നത്'** (22:47) ഇതിനർത്ഥം വസ്തുതകൾ നിരീക്ഷിക്കുന്നതിലും അതിനെപറ്റി അഗാധമായി ചിന്തിക്കുന്നതിലും മനുഷ്യൻ പരാജയപ്പെടുമ്പോൾ ക്രമേണ ഒരാളുടെ ആത്മീയമായ അന്തർദൃഷ്ടി വിനഷ്ടമായി പോവുന്നു. അയാൾ ആത്മീയമായി അന്ധനായി മാറുന്നു. അത്തരം ആളുകളെ, താൻ ഇഹലോകജീവിതത്തിൽ അവഗണിച്ചു കൊണ്ടിരുന്ന തന്റെ അലസതക്കെതിരെ അഭിമുഖമായി കൊണ്ടുവരുമ്പോൾ അവൻ അത്ഭുതത്തോടെ പറയും. **"ഞങ്ങൾ (പ്രവാചകന്റെ സന്ദേശം) കേൾക്കുകയോ ചിന്തിച്ചു മനസ്സിലാക്കുകയോ ചെയ്തിരുന്നെങ്കിൽ ഞങ്ങൾ ഈ ജ്വലിക്കുന്ന തീയിൽ എരിയുന്നവരിൽ ഉൾപ്പെടുമായിരുന്നില്ല"** (67:11)

ആരാണോ ശ്രദ്ധാപൂർവ്വം വസ്തുതകളെ സംബന്ധിച്ച് നിരീക്ഷണം നടത്തുന്ന കഴിവു വികസിപ്പിച്ചെടുക്കുകയും അതിനെ സംബന്ധിച്ച് ഗാഢമായി ചിന്തിക്കുകയും ശരിയായ തീരുമാനത്തിലെത്തുകയും ചെയ്യുന്നത് അയാളുടെ ആത്മീയ അന്തർദൃഷ്ടി തീക്ഷ്ണമാവുകയും പരലോകജീവിതപരിതസ്ഥിതി സന്തുഷ്ടിയോടെ ആസ്വദിക്കാനുള്ള പ്രാപ്തി കൈവരികയും ചെയ്യുന്നു. അതേപ്രകാരം ആരാണോ ദൈവിക സന്മാർഗ്ഗത്തിൽ നിന്നും മുഖം തിരിക്കുകയും അതിനു നേരെ കണ്ണടക്കുകയും ചെയ്യുന്നത് അയാളുടെ ആത്മീയദൃഷ്ടി നശിച്ചുപോകുന്നു. **'ഏതൊരാൾ എന്റെ ഉൽബോധനത്തിൽ നിന്ന് മുഖം തിരിച്ചുകളയുന്നുവോ തീർച്ചയായും അവന് ഇടുങ്ങിയ ജീവിതമാണ് ഉണ്ടാവുക. നാം അവനെ പുനരുത്ഥാന നാളിൽ**

അന്ധനായി എഴുന്നേൽപ്പിക്കുന്നതുമാണ്. അവൻ പറയും: 'എന്റെ നാഥാ എന്തിനാണ് നീ എന്നെ അന്ധനായി എഴുന്നേൽപ്പിച്ചത്? ഞാൻ നല്ല കാഴ്ചയുള്ളവനായിരുന്നുവല്ലോ? അവൻ പറയും: 'അങ്ങനെ തന്നെ, നമ്മുടെ ദൃഷ്ടാന്തങ്ങൾ നിനക്കു വന്നു. എന്നിട്ട് നീ അത് മറന്നുകളഞ്ഞു. അതേപ്രകാരം ഇന്ന് (ദൈവികാനുഗ്രഹങ്ങൾ വിതരണം ചെയ്യപ്പെടുന്ന ദിവസം) നീയും വിസ്മരിക്കപ്പെടുന്നു' (20–:125–127)

മനുഷ്യന്റെ എല്ലാ പ്രവർത്തനങ്ങളും മനുഷ്യന്റെ ആത്മാവിൽ ഒരു മുദ്ര പതിപ്പിക്കുന്നു. അങ്ങിനെ പതിഞ്ഞ മുദ്രകളുടെ സാകല്യാവസ്ഥ വരാനിരിക്കുന്ന ജീവിതത്തിൽ പ്രവർത്തിച്ചു തുടങ്ങും. 'എല്ലാ ഓരോ മനുഷ്യന്റേയും കർമ്മഫലം നാം അവന്റെ കഴുത്തിനോട് ബന്ധിച്ചിരിക്കുന്നു. പുനരുത്ഥാനനാളിൽ ഒരു പുസ്തകം അവനുവേണ്ടി നാം പുറത്ത് കൊണ്ടുവരുകയും ചെയ്യും. അത് തുറന്നുവെക്കപ്പെട്ടതായി അവൻ കാണുന്നതാണ്. നിന്റെ പുസ്തകം വായിക്കുക. ഇന്ന് നിനക്കെതിരായി കണക്ക് ബോധിപ്പിക്കുന്നവൻ എന്ന നിലയിൽ നിന്റെ ആത്മാവ് തന്നെ മതി. വല്ലവനും നേർമാർഗ്ഗം പ്രാപിക്കുന്നുവെങ്കിൽ അവന്റെ ആത്മാവിന്റെ ഗുണത്തിന് വേണ്ടി തന്നെയാണ് അവൻ നേർമാർഗ്ഗം പ്രാപിക്കുന്നത്. ഇനി വല്ലവനും വഴിപിഴച്ചുപോകുന്നുവെങ്കിൽ അതിന്റെ ദോഷവും അതിനു തന്നെയാണ്. ഒരു ഭാരം ചുമക്കുന്ന ആത്മാവും മറ്റൊന്നിന്റെ ഭാരം ചുമക്കുന്നില്ല. (17:14–16)

ആ ശിക്ഷ അവരെ അഭിമുഖീകരിക്കുമ്പോൾ 'അവരുടെ കാതുകളും അവരുടെ കണ്ണുകളും അവരുടെ ചർമ്മങ്ങളും അവർ പ്രവർത്തിച്ചുകൊണ്ടിരുന്ന ചെയ്തികളെ സംബന്ധിച്ച് അവർക്കെതിരെ സാക്ഷി പറയുന്നതാണ്. അവർ തങ്ങളുടെ ചർമ്മങ്ങളോട് ചോദിക്കും: 'നിങ്ങളെന്തിനാണ് ഞങ്ങൾക്കെതിരിൽ സാക്ഷി പറഞ്ഞത്? ആ ചർമ്മങ്ങൾ പറയും: 'സർവ്വ വസ്തുക്കളേയും സംസാരിപ്പിച്ച അല്ലാഹു ഞങ്ങളേയും സംസാരിപ്പിക്കുന്നു. അവനാണ് ആദ്യതവണ നിങ്ങളെ സൃഷ്ടിച്ചത്. അവനിലേക്ക് തന്നെ നിങ്ങൾ തിരിച്ചുകൊണ്ടുപോകപ്പെടുന്നതുമാണ്. (നിങ്ങൾ പാപം ചെയ്യുമ്പോൾ) നിങ്ങളുടെ കാതുകളോ കണ്ണുകളോ ചർമ്മങ്ങളോ നിങ്ങൾക്കെതിരെ സാക്ഷി പറയാതിരിക്കാൻ നിങ്ങൾ (അവയിൽ നിന്നും) സ്വയം മറഞ്ഞുനിൽക്കുന്നവരായിരുന്നില്ല. പക്ഷേ നിങ്ങൾ പ്രവർത്തിക്കുന്നതിൽ പലതും അല്ലാഹു അറിയുന്നില്ലെന്ന് നിങ്ങൾ ധരിച്ചു. നിങ്ങളുടെ നാഥനെ സംബന്ധിച്ച് നിങ്ങൾ ധരിച്ച ധാരണയാണത്. അത് നിങ്ങളെ നശിപ്പിച്ചു. തന്നിമിത്തം നിങ്ങൾ നഷ്ടപ്പെട്ടവരുടെ കൂട്ടത്തിൽ ഉൾപ്പെട്ടവരായിത്തീർന്നു' (41:21–24)

ദൈവം തന്നെ സദാസമയവും കാണുന്നു എന്ന പൂർണ്ണ ബോധ്യത്തോടെ ജീവിച്ച ഒരാൾ പൂർണ്ണമായ ആത്മീയ ആരോഗ്യത്തോടെ മരണാനന്തര ജീവിതത്തിലേക്ക് പ്രവേശിക്കുന്നതായിരിക്കും. അവരുടെ സർവ്വവിധ പരലോകജീവിതപ്രതികരണവും സന്തോഷകരമായിരിക്കും.

'തങ്ങളുടെ നാഥനെ ഭയപ്പെട്ടവർ കൂട്ടംകൂട്ടമായി സ്വർഗ്ഗത്തിലേക്ക് നയിക്കപ്പെടും. അങ്ങിനെ അവർ അവിടെ എത്തുകയും അതിന്റെ കവാടങ്ങൾ തുറക്കപ്പെടുകയും ചെയ്യും. അവരോട് അതിന്റെ കാവൽക്കാർ പറയും: "നിങ്ങൾക്ക് സമാധാനം. നിങ്ങൾ സന്തുഷ്ടരാവുക. നിത്യവാസികളായി വസിക്കുമെന്ന നിശ്ചയത്തോടെ നിങ്ങളതിൽ പ്രവേശിച്ചുകൊള്ളുക. അവർ പറയും: 'തന്റെ വാഗ്ദാനം സാക്ഷാത്കരിച്ച് തരികയും ഈ സ്ഥലം തങ്ങൾക്ക് അവകാശമായി നൽകുകയും ചെയ്ത അല്ലാഹുവിന് സർവ്വസ്തുതിയും. സ്വർഗ്ഗത്തിൽ ഞങ്ങൾ ഉദ്ദേശിക്കുന്ന ഏത് സ്ഥലവും തങ്ങൾക്ക് വാസസ്ഥലമാക്കാം. അപ്പോൾ, സൽക്കർമ്മങ്ങളനുഷ്ഠിച്ചവരുടെ പ്രതിഫലം എത്ര ഉൽകൃഷ്ടം.' (39:74, 75)

## ആത്മാവ്

വാസാംസി ജീർണ്ണാനി യഥാവിഹായ
നവാനി ഗൃഹ്ണാതി നരോപരാണി
തഥാ ശരീരാണി വിഹായ ജീർണ്ണാ
ന്യന്യാനി സംയാതി നവാനി ദേഹീ.

ഉപയോഗശൂന്യമായ വസ്ത്രം കളഞ്ഞ് ശുദ്ധമായ വസ്ത്രം സ്വീകരിക്കുന്നത് പോലെ ആത്മാവ് ഉപയോഗശൂന്യമായ ദേഹങ്ങളെ യഥാവസരം വിട്ട് കർമ്മഫലത്തെ അനുഭവിക്കത്തക്കവിധം മറ്റു ശരീരങ്ങളെ സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

(ഭഗവത് ഗീത: 2:22)



# പോണ്ടിയസ് പിലാത്തോസ്

ഷീലാ അഹ്മദ്

**ക്രിസ്തുവിനെ വിചാരണ ചെയ്ത നീതിമാനായ പിലാത്തോസിനെക്കുറിച്ച് അക്കാലത്തെ യഹൂദ ചരിത്രകാരന്മാർ മോശമായിട്ടാണ് ചിത്രീകരിച്ചത്. ഇത് പിലാത്തോസിനോടുള്ള അവരുടെ വിരോധവും മുൻവിധിയും കൊണ്ടാണ്.**

**ഈ**സ്റ്റർ ക്രിസ്ത്യാനികൾക്ക് വ്രതകാലമാണ്. യേശു നിർവ്വഹിച്ച പരമത്യാഗത്തിന്റെ അനുസ്മരണമായിക്കൊണ്ടാണ് അവർ ഈസ്റ്റർ ആഘോഷിക്കുന്നത്. സുവിശേഷങ്ങളിൽ വിവരിക്കപ്പെട്ട യേശുവിന്റെ വിചാരണ, ക്രൂശീകരണം, യേശുവിന്റെ ശരീരം നീക്കം ചെയ്തത് മുതലായ കഥകൾ ലോകത്തെല്ലായിടത്തുമുള്ള ചർച്ചുകളിലും ഈ നാളുകളിൽ പ്രഘോഷിക്കപ്പെടുന്നു. ആ കഥകളില്ലെല്ലാം പോണ്ടിയസ് പിലാത്തോസിനെ യഹൂദന്മാരുടെ രാഷ്ട്രീയ കളികളിൽ അകപ്പെട്ട ജൂദിയായിലെ നിഷ്പക്ഷമതിയായ റോമൻ പോക്യുറേറ്റർ ആയിട്ടാണ് ചിത്രീകരിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ബൈബിൾ സുവിശേഷങ്ങൾ മാത്രമല്ല ഈ സംഭവങ്ങളുടെ വിവരസ്രോതസ്സായുള്ളത്. ഈയടുത്ത കാലത്ത് കണ്ടെടുത്ത പുരാവസ്തു രേഖകളുടെ വ്യാഖ്യാനങ്ങളിൽ ഇത് സംബന്ധിച്ചുള്ള യഹൂദവിവരണങ്ങളുണ്ട്. ചില ചരിത്രസംഭവങ്ങളുടെ സ്രോതസ്സായി മുസ്ലിംകൾ ആശ്രയിക്കുന്ന വിശുദ്ധ ഖുർആനും പിലാത്തോസിനെ പറ്റി മൗനം ദീക്ഷിക്കുന്നു.

ജൂദിയായിലെ പിലാത്തോസിന്റേയും യഹൂദികളുടേയും ചരിത്രം സംഘർഷഭരിതവും ഉപജാപങ്ങൾ നിറഞ്ഞതും, പരസ്പരം ഗൂഢാലോചനയുടേതുമായിരുന്നു. അതുകൊണ്ട് നിഷ്പക്ഷമായി കാര്യം ഗ്രഹിക്കാനും അസാധ്യമാണ്. ഈ പശ്ചാത്തലത്തിലാണ് യേശുവിന്റെ ക്രൂശീകരണ സംഭവത്തിന്റെയും യഹൂദ കലാപങ്ങളുടെയും യാഥാർത്ഥ്യം എന്താണെന്ന് മനസ്സിലാക്കാൻ ഖുർആൻ നമ്മെ സഹായിക്കുന്നത്. ഖുർആൻ പറയുന്നു.

*“അവർ (യേശുവിന്റെ ശത്രുക്കൾ) അദ്ദേഹത്തിന്നെതിരിൽ ചില ഗൂഢതന്ത്രങ്ങൾ പ്രയോഗിച്ചു. അല്ലാഹുവും (മറു) തന്ത്രം പ്രയോഗിച്ചു. തന്ത്രം പ്രയോഗിക്കുന്നവരിൽ അല്ലാഹു ഏറ്റവും ഉത്തമനാണ്. (3:55)*

യേശുവിനെതിരെയുള്ള ഗൂഢാലോചന സംബന്ധിച്ച് നമുക്ക് ലഭിച്ച രേഖകളെപ്പറ്റി ചർച്ച ചെയ്യുകയും അത്തരം രേഖകളുടെ ആധികാരികത അതിന്റെ കർത്താക്കളുടെ വീക്ഷണകോണിൽ വിശദീകരിക്കുകയുമാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം. ജൂദിയായിലെ ഏറ്റവും പ്രശസ്തനായ ഗവർണറായിരുന്ന പിലാത്തോസിന്റെ രേഖപ്പെടുത്തപ്പെട്ട ചരിത്രത്തിന്റെ വിമർശനാത്മകമായ പരിശോധനയും ഈ ലേഖനത്തിന്റെ പരിധിയിൽ വരുന്നു.

ഇത് സംബന്ധമായി നമുക്ക് ലഭിച്ച ഏറ്റവും സമ്പൂർണ്ണമായ പുരാതനരേഖ ഫ്ളേവിയസ്, ജോസഫസിന്റെ ‘ബെല്ലം ജൂഡായിക്കം (Bellum Judaicum)

അഥവാ യഹൂദ യുദ്ധം (Jewish War) എന്ന പുസ്തകമാണ്. 37 എ.ഡി.യിൽ ജൂദിയായിൽ ജനിച്ച ഫ്ളോവിയസ് ജോസഫസ് ഒരു യഹൂദ പുരോഹിതനായി ജീവിതം നയിച്ചയാളാണ്. ഫരീസികളുടെ പാരമ്പര്യത്തിൽപ്പെട്ട ജോസഫസ് അമ്മൂമ്മ വഴി ഹെരോദിയൻ കുടുംബത്തിൽപ്പെട്ട യഹൂദ പുരോഹിതനാണെന്ന് അവകാശപ്പെടുന്നു. ജോസഫസിന്റെ പുരോഹിത പരിശീലനകാലത്ത് യഹൂദികളുടെ മുഖ്യവിഭാഗത്തെപ്പറ്റി അദ്ദേഹത്തിന് വിശദമായി പഠിക്കാൻ കഴിഞ്ഞു. ഇതിന്റെ ഫലമായിട്ടാണ് ഫരീസികളുടെയും സദൂക്യരുടെയും എസ്സീനികളുടെയും വിശ്വാസത്തെപ്പറ്റി യും ആചാരങ്ങളെപ്പറ്റിയും വളരെ വിശദമായ വിവരങ്ങൾ നൽകാൻ അദ്ദേഹത്തിന് സാധിച്ചത്.

ജോസഫസിന്റെ വിവരണങ്ങൾ സൂക്ഷ്മങ്ങളായിരുന്നു എന്ന് ചാവുകടൽ ചുരുളുകൾ സാക്ഷ്യം വഹിക്കുന്നു. അദ്ദേഹം താനൊരു ഫരിസ്യനാകാൻ തീരുമാനിച്ചതിന്റെ കാരണങ്ങളും ഫരീസ്യനായി കഴിഞ്ഞതിനുശേഷം അദ്ദേഹത്തിന്റെ സ്വാധീനം ഉപയോഗപ്പെടുത്തിയതിനെക്കുറിച്ചും ഗലീലിയായിലെ അയൽപ്രദേശങ്ങളിലെ ഭരണത്തെപ്പറ്റിയുമെല്ലാം അതിൽ വിവരിക്കുന്നു. ഗലീലിയയായിരുന്നുവല്ലോ യേശു തന്റെ ദൗത്യം നിർവ്വഹിച്ച പ്രദേശം. അദ്ദേഹത്തിന്റെ വിശദമായ ചരിത്രവിവരണങ്ങളിലൊന്നും യേശുവിനെപ്പറ്റി യാതൊരു പരാമർശവുമില്ല എന്നത് അത്ഭുതകരം തന്നെ. അവിടെ ധാരാളം കള്ളപ്രവാചകന്മാർ ഉണ്ട് എന്ന് ഒരു പ്രസ്താവന മാത്രമാണ് ജോസഫസ് നടത്തുന്നത്.

അക്കാലത്തെ ഫരീസികളുടെ നേതാവായിരുന്ന ഫിലോ, പീലാത്തോസിനെക്കുറിച്ച് റോമൻ ചക്രവർത്തിയായിരുന്ന ഗയൂസ് കലിഗുളക്കയച്ച കത്തിൽ സുപ്രധാനമായ വിവരണങ്ങൾ നൽകുന്നുണ്ട്. മറ്റൊരു വശത്ത് പീലാത്തോസിനെക്കുറിച്ചും അദ്ദേഹം യേശുവിന്റെ ക്രൂശീകരണത്തിൽ നിർവ്വഹിച്ച പങ്കിനെക്കുറിച്ചും സുവിശേഷങ്ങളും വിവരിക്കുന്നു. അപ്പോക്രിഫാ ഇനത്തിൽപ്പെട്ട പീലാത്തോസിന്റെ നടപടികൾ (Act of Pilate) എന്ന ഗ്രന്ഥത്തിലും ക്രൂശീകരണത്തെക്കുറിച്ച് വിവരണമുണ്ട്. ജോസഫസിന്റെ വിവരണപ്രകാരം പീലാത്തോസ് എ.ഡി. 26ലാണ് ജൂദിയയിലെ 5–ാമത്തെ പ്റോക്യൂറേറ്ററായി നിയമിതനായത്. സെജാനൂസ് ആണ് അദ്ദേഹത്തെ നിയമിച്ചത്. സെജാനൂസ് തിബെരിയാസ് ചക്രവർത്തിയുടെ ഉപദേശകനും കടുത്ത യഹൂദവിരോധിയുമായിരുന്നു. പ്രോക്യൂറേറ്റർ എന്ന നിലക്ക് റോമിന്റെ അധീനതയിലുള്ള ഈ പ്രോവിൻസിൽ അധികമാളുകളും അവരുടെ പുരാതനവിശ്വാസവും ആചാരങ്ങളും അനുസരിച്ചായിരുന്നു ജീവിച്ചത്. ബഹുവിധത്തിലുള്ള മതാനുയായികൾ അധിവസിച്ചിരുന്ന റോമാ സാമ്രാജ്യത്തിൽ അതെല്ലാം സഹിഷ്ണുതാപൂർവ്വം അനുവദിക്കപ്പെട്ടിരുന്നു.

അതുപോലെ തന്നെ ജൂതന്മാർ റോമാ സാമ്രാജ്യവുമായി പരസ്പരം സംഘർഷത്തേക്കാൾ കൂടുതലായി സഹകരിച്ചുകൊണ്ടാണ് കഴിഞ്ഞത്. അവർ രാഷ്ട്രത്തിന് നികുതി കൊടുക്കുന്നതുപോലെ ആരാധനാലയങ്ങൾക്കുള്ള വരിപ്പണവും നൽകി. അവരുടെ മതപരമായ ബലികൾ നൽകിയിരുന്നതുപോലെ റോമൻ ചക്രവർത്തിക്കും ബലികൾ നൽകി. ആരാധിക്കുന്നതിനേക്കാൾ കൂടുതലായി ചക്ര



വർത്തിയെ അനുസരിച്ചു. ജൂതന്മാർ അവരുടേതായ ആഘോഷങ്ങളും നടത്താറുണ്ടായിരുന്നു. അത് റോമൻ പട്ടാളക്കാർ സഹിഷ്ണുതയോടെ അനുവദിച്ചു. സമാധാന ഭംഗമുണ്ടാക്കരുത് എന്ന ഒറ്റ ഉപാധി മാത്രമേ ഉണ്ടായിരുന്നുള്ളൂ. എങ്കിലും റോമൻ ഭരണത്തിനു കീഴിലായിരുന്ന യഹൂദികളുടെ ചില ആവശ്യങ്ങളോട് റോമൻ ഭരണാധികാരികൾ വളരെ ഉദാസീനമായിട്ടാണ് പ്രതികരിച്ചത്. ഉദാഹരണത്തിന് കഴിഞ്ഞുപോയ റോമൻ ചക്രവർത്തിമാരുടെ മരണാനന്തര ക്രിയകൾക്ക് വലിയ തോതിലുള്ള പണപ്പിരിവും റോമൻ ദേവാലയങ്ങളുടെ നടത്തിപ്പും അവർക്ക് വിസമ്മതമായിരുന്നു. അവിശ്വാസികളായ വിദേശിയരുടെ അടിമത്തത്തിൽ നിന്നും തങ്ങളെ മോചിപ്പിക്കാൻ രക്ഷകനായി മിശിഹാ വന്നെത്തുമെന്നും ജൂതന്മാർ അഗാധമായി വിശ്വസിച്ചു.

ജോസഫസിന്റെ അഭിപ്രായത്തിൽ പീലാത്തോസ് തന്റെ പത്ത് വർഷത്തെ ഭരണത്തിന്



തുടക്കത്തിൽ തന്നെ ജൂതവിരുദ്ധമായ നയങ്ങളായിരുന്നു സ്വീകരിച്ചിരുന്നത്. ജൂദിയായിലെ സീസേറിയ മറിട്ടിമയിൽ രാത്രിയിൽ പിലാത്തോസ് എത്തിയപ്പോൾ താൻ അവിടെ എത്തിയതായി ജെറുസലേം നിവാസികളെ അറിയിക്കാൻ തന്റെ പട്ടാളക്കാരോട് അദ്ദേഹം ആജ്ഞാപിച്ചു. ജോസഫസ് എഴുതുന്നു:

'രാത്രിയിൽ രഹസ്യമായി സ്റ്റാൻഡേർഡ് എന്ന് വിളിക്കപ്പെടുന്ന സീസറിന്റെ ബിംബം അദ്ദേഹം ഗൂഢമാർഗത്തിൽ ജറുസലേമിൽ കൊണ്ടുവന്നു സ്ഥാപിച്ചു.' (B) 11.165)

രാജ്യത്തുള്ള ജൂതന്മാർ ജെറുസലേമിൽ തടിച്ചുകൂടി സീസേറിയയിൽ എത്തിയ പിലാത്തോസിനോട് 'സ്റ്റാൻഡേർഡ്' നീക്കം ചെയ്യാൻ അഭ്യർത്ഥിച്ചു. അത് അവരുടെ ആചാരങ്ങളെയും വിശ്വാസത്തേയും അപമാനിക്കുന്നതായിരുന്നു. പീലാത്തോസ് യാതൊന്നും ചെയ്യുന്നില്ല എന്ന് കണ്ടപ്പോൾ അഞ്ച് രാവും പകലും അദ്ദേഹത്തിന്റെ വസതിക്ക് ചുറ്റും വളഞ്ഞുനിന്നു. അവസാനം ആൾക്കൂട്ടത്തെ സമീപത്തുള്ള സ്റ്റേഡിയത്തിലേക്ക് വിളിപ്പിച്ചു അദ്ദേഹം ന്യായപീഠത്തിലിരുന്നു. ജൂതന്മാർ അദ്ദേഹത്തിൽ നിന്നും എന്തെങ്കിലും ആശാവഹമായ പ്രതികരണം ഉണ്ടാവുമെന്ന് പ്രതീക്ഷിച്ചു. ജോസഫസിന്റെ റിപ്പോർട്ട് പ്രകാരം പിലാത്തോസിന്റെ പട്ടാളക്കാർ ആൾക്കൂട്ടത്തിനു ചുറ്റുമായി മൂന്നുവരിയായി വലയം ചെയ്തുനിന്നിരുന്നു. സ്റ്റാൻഡേർഡിന്റെ സ്വീകരിക്കണമെന്നും തിബരിയാസ് ചക്രവർത്തിയെ ആരാധിക്കണമെന്നും പിലാത്തോസ് കൽപിച്ചു. പക്ഷേ യഹൂദന്മാർ അത് നിരസിക്കുകയും നിലത്ത് കിടന്നുകൊണ്ട് തങ്ങൾ മരിക്കാൻ തയ്യാറാണെന്ന് പ്രഖ്യാപിക്കുകയുമാണുണ്ടായത്. ഇതായിരുന്നു യഹൂദികളുമായുള്ള പിലാത്തോസിന്റെ ആദ്യത്തെ ഏറ്റുമുട്ടൽ. അവസാനം പിലാത്തോസ് സ്റ്റാൻഡേർഡ് അവിടെ നിന്നും നീക്കാൻ ഉത്തരവിട്ടു. ഈ വിഗ്രഹം അവിടെ നിന്നും നീക്കാൻ കാരണം യഹൂദികളുടെ പ്രതിഷേധമായിരുന്നു എന്നാണ് ജോസഫസ് വായനക്കാരോട് പറയാൻ ആഗ്രഹിച്ചത്.

യേശുവിന്റെ ക്രൂശീകരണ വേളയിലെ സംഭവങ്ങളാണ് പിലാത്തോസിനെ അത്യധികം താല്പര്യമുളവാക്കുന്ന ഒരു കഥാപാത്രമാക്കി മാറ്റിയത്. അപോക്രിഫ ഇനത്തിൽ പെട്ട 'പിലാത്തോസിന്റെ പ്രവൃത്തികൾ' (Act of Pilate) എന്ന പുസ്തകത്തിൽ ഈ സംഭവം നടന്നത് തിബെരിയാസ് ചക്രവർത്തിയുടെ 19–ാം വർഷത്തിലാണെന്നാണ് രേഖപ്പെടുത്തിയത് (AD33). ഇത് വിശ്വസനീയമാകണമെന്നില്ല. എങ്കിലും നമുക്ക് മറ്റ് രേഖകളൊന്നും ലഭ്യമില്ലെന്നിരിക്കെ യേശുവിന്റെ ജീവിതത്തിലെ രേഖപ്പെടുത്തപ്പെട്ട മറ്റു സംഭവങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഈ തീയ്യതി ശരിയായിരിക്കാനുള്ള സാധ്യതയുമുണ്ട്.

യേശുവിനെ അറസ്റ്റ് ചെയ്യുന്നതിനോടനുബന്ധിച്ചുള്ള രംഗങ്ങൾ മറ്റുള്ള സംഭവങ്ങളെക്കാൾ വിശദമായി സുവിശേഷങ്ങളിൽ വിവരിച്ചിരിക്കുന്നു. ഈ സംഭവത്തിൽ ശ്രദ്ധേയമായ ഭാഗങ്ങൾ സിനോപ്റ്റിക്ക് സുവിശേഷങ്ങളിൽ (സമാന സുവിശേഷങ്ങളിൽ) മാത്രമേ (മത്താ 22:18, ലൂക്ക് 20:25, മാർക്ക് 12:15) കാണുന്നുള്ളൂ. ഇവിടെ പരീശികൾ തങ്ങളുടെ ശിഷ്യന്മാരേയും, ഹെറോദികളേയും അയച്ച് യേശുവിന്റെ സ്വന്തം വചനങ്ങളിലൂടെ തന്നെ അദ്ദേഹത്തെ കെണിയിലാക്കുവാനാണ് ശ്രമിക്കുന്നത്. പരീശികളുടെ വർഗ്ഗത്തിൽപ്പെട്ട ആൾ തന്നെയാണ് ജോസഫസ് എന്ന കാര്യം നാം മറക്കരുത്. പരീശികൾ അയച്ച ആളുകൾ യേശുവിന്നടുത്ത് വന്ന് യഹൂദികൾ 'സീസറിന് നികുതി കൊടുക്കുന്നത് നിയമാനുസൃതമാണോ എന്ന് ചോദിച്ചു. യേശുവിന്റെ പ്രതികരണം ഇപ്രകാരമായിരുന്നു. *'സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുക്കുക.'*. (മത്താ. 22:21)

യേശു തന്റെ അനുയായികളോട് ഒരിക്കലും നിയമം ലംഘിക്കാൻ പ്രോത്സാഹനം നൽകിയിട്ടില്ലെന്ന് വായനക്കാരനെ ധരിപ്പിക്കാൻ സുവിശേഷകാരകന്മാർ ഉദ്ദേശിച്ചിരുന്നതായി ഇതിൽനിന്ന് വ്യക്തമാകുന്നു. യഹൂദനേതാക്കന്മാരുടെ നിലപാടുകളെ താൻ ഒരിക്കലും പിന്തുണച്ചില്ല എന്ന് യേശുവിന്റെ മറുപടിയിൽ നിന്നും വ്യക്തമാവുന്നു.

യേശുവിന്റെ അറസ്റ്റിലേക്ക് നയിച്ച പിന്നീടുണ്ടായ സംഭവങ്ങൾ വളരെ കൗതുകകരമാണ്.

യേശുവിനെ സുനേദ്രം (യഹൂദന്മാരുടെ ഉന്നതസഭ) ചോദ്യം ചെയ്യുന്ന ഭാഗം നാലു സുവിശേഷങ്ങളും വിവരിക്കുന്നു. 'പിലാത്തോസിന്റെ പ്രവൃത്തികൾ' എന്ന സുവിശേഷത്തിൽ സുനേദ്രം കൗൺസിലിലെ ചില അംഗങ്ങളുടെ പേരുകളും രേഖപ്പെടുത്തിയിട്ടുണ്ട്. അന്നാസ്, കയ്യഫാസ്, സെമെൻ, ദത്തായിയാസ്, ഗമാലിയേൻ ജൂദാസ്, ലെവി, നെപ്താലിം, അലക്സാണ്ടർ, ജാരിയൂസ് എന്നിവരാണ് അവർ. ഇതിൽ കയ്യഫാസ് ജൂദിയായിലെ ഉന്നത പുരോഹിതനായിരുന്നു. അയാളാണ് യേശു കുറ്റവാളിയാണെന്നും ആയതിനാൽ ക്രൂശിക്കണമെന്നും വിധിച്ചത്. റോമൻ ഗവർണറായ പിലാത്തോസിന്റെ അരികിൽ യേശുവിനെ കൊണ്ടുവന്നു. യഹൂദ സഭ രാജ്യദ്രോഹക്കുറ്റത്തിന് യേശുവിനെ ശിക്ഷിക്കണമെന്ന് അദ്ദേഹത്തോട് ആവശ്യപ്പെട്ടു. പിലാത്തോസിന്റെ മുന്നിൽ കൊണ്ടുവരപ്പെട്ട യേശുവിനെ ചോദ്യം ചെയ്യുമ്പോൾ സുനേദ്രത്തിലെ യഹൂദ പുരോഹിതന്മാരായിരുന്നു നേതൃത്വം നൽകിയത്. പക്ഷേ, പിലാത്തോസ് അദ്ദേഹത്തിൽ മരണശിക്ഷക്ക് വിധിക്കേണ്ട യാതൊരു കുറ്റവും കണ്ടില്ല. യേശുവിന്റെ കാര്യത്തിൽ യഹൂദികൾക്കനുകൂലമായി വിധി പ്രസ്താവിക്കാതെ തന്നെ അവരെ തൃപ്തിപ്പെടുത്തിക്കൊണ്ടുള്ള തീരുമാനം കൈക്കൊള്ളണമെന്ന ആവശ്യവുമായി പിലാത്തോസിന്റെ ഭാര്യ ക്ലോഡിയ പിലാത്തോസിനു മേൽ സമ്മർദ്ദം ചെലുത്തുകയുണ്ടായി. സംഗതികൾ അപ്പോഴേക്കും പിലാത്തോസിന്റെ നിയന്ത്രണത്തിൽ നിന്നും വിട്ടുപോയി. ബൈബിൾ പറയുന്നു:

*"അവർ ന്യായസനത്തിൽ ഇരിക്കുമ്പോൾ അയാളുടെ ഭാര്യ ആളെ അയച്ചു. ഇങ്ങനെ പറയിക്കുകയും ചെയ്തിരുന്നു. "ആ നീതിമാന്റെ കാര്യത്തിൽ ഇടപെടരുത്. കാരണം, അവൻ നിമിത്തം ഞാൻ സ്വപ്നത്തിൽ വളരെ ക്ലേശം അനുഭവിച്ചു. (മത്താ 1:27:19)*

പിന്നീടുള്ള ബൈബിൾ വിവരണത്തിൽ പിലാത്തോസ് കുറച്ച് വെള്ളം എടുത്ത് കൈകഴുകിയതായും പിന്നീട് യേശുവിനെ യഹൂദ നേതാക്കന്മാർക്ക് കൈമാറിയതായും കാണുന്നു. ബൈബിൾ വിവരിക്കുന്ന പിലാത്തോസിന്റെ പ്രവൃത്തി ജോസഫിന്റെ വിവരണങ്ങളിലുള്ള പിലാത്തോസിന്റെ ചിത്രത്തിനു വിരുദ്ധമാണ്. സാധ്യമായ നിഗമനം യേശുവിനെ രക്ഷിക്കാൻ പിലാത്തോസ് അദ്ദേഹത്തിന്റെ വഴിക്ക് ഒരു ശ്രമം നടത്തി എന്നതാണ്. അതായത് സുനേദ്രത്തിന്റെ ഗൂഢാലോചനക്കെതിരെ അദ്ദേഹം ഒരു തന്ത്രം ആവിഷ്കരിക്കുകയുണ്ടായി എന്ന് വിശുദ്ധ ബൈബിൾ വിവരണത്തിൽ നിന്നും നമുക്ക് മനസ്സിലാവുന്നു.

അതായത് തോട്ടത്തിൽ വെച്ച് ജൂദാസിന്റെ വഞ്ചനയിൽ അദ്ദേഹം പിടിക്കപ്പെടുകയും ക്രൂശീകരണത്തിനായി കൊണ്ടുപോകുകയും ചെയ്തു. പടയാളികൾ അദ്ദേഹത്തെ പരിഹസിച്ചു. അവസാനം ഒരു ചെറു പ്രാർത്ഥനയോടെ യേശു ശ്വാസം വെടിഞ്ഞു എന്നാണ് ബൈബിൾ പ്രമാണം.

മറ്റൊരു കൗതുകരമായ സംഭവം ജോസഫ് അരിമത്യയുമായി ബന്ധപ്പെട്ടതാണ്. എല്ലാ സുവിശേഷങ്ങളും പറയുന്നത് ജോസഫ് പിലാത്തോസിനോട് യേശുവിന്റെ ശരീരം ആവശ്യപ്പെട്ടുവെന്നാണ്. തന്റെ കല്ലറയിൽ യേശുവിനെ വെക്കാൻ വേണ്ടിയായിരുന്നു അദ്ദേഹം യേശുവിന്റെ ശരീരം ആവശ്യപ്പെട്ടത്. പിലാത്തോസ് അത് സമ്മതിച്ചതായി ബൈബിൾ രേഖപ്പെടുത്തുന്നു. പക്ഷേ, എന്തുകൊണ്ടാണ് പീലാത്തോസ് അത് അനുവദിച്ചത്. പീലാത്തോസിന്റെ ഈ അനുവാദത്തിനും സഹകരണത്തിനും ചില കാരണങ്ങളുണ്ട്. ജോസഫ് ഉന്നതനായ ഒരു ഉദ്യോഗസ്ഥനും അതീവ സമ്പന്നനും യേശുവിന്റെ ശിഷ്യനുമായിരുന്നു. എസ്സീൻ സംഘത്തിൽ പെട്ടയാളെന്ന് കരുതാവുന്ന നിക്കോദമെസ് എന്ന വിദഗ്ധനായ വൈദ്യന്റെ സ്നേഹിതനുമായിരുന്നു ജോസഫ് അരിമത്യാൻ. ലൂക്കോസിലെ വിവരണപ്രകാരം യേശു മരിച്ചു എന്ന് കേട്ടപ്പോൾ പിലാത്തോസ് ആശ്ചര്യം പ്രകടിപ്പിച്ചതായി എഴുതുന്നു. മാത്രമല്ല പിലാത്തോസ് തന്നെയാണ് ക്രൂശീകരണത്തിന്റെ തീയതി നിശ്ചയിച്ചത്. കുരിശിൽ വെച്ച ശരീരം ശബ്ബത്ത് ദിനം ആരംഭിക്കുന്നതിന് മുമ്പേ കുരിശിൽ നിന്നും എടുത്ത് മാറ്റുമെന്ന് പിലാത്തോസിന്നറിയാമായിരുന്നു. അപ്പോൾ പിലാത്തോസ് ഒരിക്കലും യേശുവിനെ ക്രൂശിച്ചു കൊല്ലാൻ ആഗ്രഹിച്ചിരുന്നില്ല എന്ന് വിചാരിക്കാൻ സാധ്യതകളേറെയാണ്. മാത്രമല്ല ജെറുസലേമിൽ നിന്ന് ഒളിച്ച് രക്ഷപ്പെടാൻ യേശുവിനെ അദ്ദേഹം സഹായിച്ചു എന്ന് കരുതാനും സാധ്യതയുണ്ട്. അത് കൊണ്ടാണല്ലോ അദ്ദേഹത്തിന് തന്റെ ശിഷ്യന്മാരെ ഗലീലിയിൽ വെച്ച് കണ്ടുമുട്ടാൻ കഴിഞ്ഞത്. ഇതെല്ലാം തന്നെ പിലാത്തോസ് യേശുവിന്നനുകൂലമായി നിഗൂഢമായ ആസൂത്രണങ്ങൾ ചെയ്തു എന്നതിലേക്ക് വെളിച്ചം വീശുന്നു.

യേശുവിന്റെ ക്രൂശീകരണം എന്ന ഞെട്ടിപ്പിക്കുന്ന സംഭവം ജോസഫസ് തന്റെ വിവരണങ്ങളിൽ പ്രതിപാദിക്കുന്നില്ല. തുടർന്ന് മറ്റൊരു സംഭവ വിവരണത്തി

ലേക്ക് കടക്കുകയാണ്. ഒരു ആമുഖം പറഞ്ഞതിനുശേഷം ആരാധനാലയത്തിലെ കോർബൻ (Corbon) ഫണ്ടിനെ പ്പറ്റിയാണ് അദ്ദേഹം പറയുന്നത്.

'കോർബൻ എന്നറിയപ്പെടുന്ന പവിത്രമായ നിധി ഉപയോഗിച്ച് ഒരു നീർച്ചാൽ നിർമ്മിച്ചതിനെ ചൊല്ലി വീണ്ടും കുഴപ്പങ്ങൾ തലപൊക്കി' (B) 11.184).

ജോസഫസിന്റെ പുസ്തകത്തിന്റെ വിവർത്തകൻ അഭിപ്രായപ്പെടുന്നത് ബത്‌ലഹേമിൽ തെക്ക് പടിഞ്ഞാറായി 12 മൈൽ നീളമുള്ള ഈ നീർചാൽ നിർമ്മിച്ചത് പിലാത്തോസ് ആണെന്നാണ്. പിലാത്തോസിന്റെ ഈ പ്രവർത്തനവും യഹൂദികളെ പ്രകോപിപ്പിക്കാനുദ്ദേശിച്ചു കൊണ്ടുള്ളതായിരുന്നു. ഇതിനെ തുടർന്ന് യഹൂദികൾ ട്രിബ്യൂണലിനു ചുറ്റും വളഞ്ഞു പീലാത്തോസ് അവരോട് സഹകരിക്കുന്നില്ല എന്നും അവർക്ക് നീതി നൽകുന്നില്ല എന്നും പറഞ്ഞ് ബഹളം വെച്ചു. പിലാത്തോസ് കരുതിക്കൂട്ടി തന്റെ പട്ടാളക്കാരോടൊപ്പം ജുറസലേം സന്ദർശിക്കുകയുണ്ടായി. പട്ടാളക്കാർ സാധാരണ വേഷത്തിലായിരുന്നു. ട്രിബ്യൂണലിനടുത്ത് ജനങ്ങളുമായി അവർ ഇടകലർന്നു നിന്നു. പിലാത്തോസ് അടയാളം കാണിച്ചപ്പോൾ സാധാരണ വേഷത്തിൽ നിന്ന പട്ടാളക്കാർ കുറുവടി കൊണ്ട് യഹൂദികളെ വീശിയടിക്കുകയുണ്ടായി. രക്ഷപ്പെടാൻ ശ്രമിച്ചവരെ ജീവൻ പോകുന്നതു വരെ മർദ്ദിച്ചു എന്നും ജോസഫസ് വിവരിക്കുന്നു.

ജോസഫസിന്റെ പുരാരേഖ പ്രകാരം (18.4.1.299/305) എ.ഡി. 35ൽ ഒരു സംഘം ശമരിയക്കാർ തീർത്ഥാടനത്തിന് വേണ്ടി ഗരിസിം മലയിൽ ഒത്തുകൂടി. അവരെ പിലാത്തോസിന്റെ ആളുകൾ ആക്രമിക്കുകയുണ്ടായി. അവർ സിറിയക്കാരായിരുന്നു. സിറിയയിലെ ഭരണാധികാരിയായിരുന്ന വിറ്റീലിയാസിനോട് അവർ പരാതിപ്പെട്ടു. അവസാനം എ.ഡി. 36-ൽ പിലാത്തോസ് റോമിലേക്ക് തന്റെ ഈ നടപടിയെപ്പറ്റി ന്യായം ബോധിപ്പിക്കാൻ പോയി അവിടെ വെച്ച് പിലാത്തോസിന്റെ ഗവർണർ പദവി അവസാനിച്ചു. (Ant 18:4:2)

ഹെരോദ് അഗ്രപ്പാ ഒന്നാമൻ കലിഗുല ചക്രവർത്തിക്ക് അയച്ച ഒരു കത്തിൽ പലാത്തോസിനെപ്പറ്റി ഇപ്രകാരം വിവരിക്കുന്നതായി ഫിലോ രേഖപ്പെടുത്തുന്നു.

'യാതൊരുവിധ വിട്ടുവീഴ്ചക്കും തയ്യാറല്ലാത്ത പ്രകൃതിയായത് കാരണം അദ്ദേഹത്തെ പറ്റി അഴിമതിക്കാരൻ, അപമാനിക്കുന്നവൻ, കള്ളൻ, അക്രമി, പിശാച്, ദുർന്നടപടിക്കാരൻ, വിചാരണ കൂടാതെ വധിക്കുന്നയാൾ, അറ്റമില്ലാത്ത ക്രൂരൻ എന്നിങ്ങനെ ആരോപണങ്ങൾ ചാർത്തപ്പെട്ടിരുന്നു. (Ph: 10 Embasy 38, 301-2; vide R.B. Rown P. 1249).

ഇതേ സമയം തന്നെയാണ് ഏതനാർക്കിന്റെ സഹോദരൻ ജൂദിയായിലെ രാജാവാകാൻ ചക്രവർത്തിയുടെ ഇഷ്ടം നേടാൻ വേണ്ടി റോമിൽ ഉപചാപങ്ങളുമായി കഴിഞ്ഞിരുന്നത്. പിലാത്തോസിന്റെ പൊതുജീവിതത്തിന്റെ അവസാനമായിരുന്നു അത്. അദ്ദേഹത്തിന്റെ പിൽക്കാല ജീവിതത്തെപറ്റി യാതൊരുവിധ രേഖകളുമില്ല. പിലാത്തോസ് തന്റെ ദൗത്യം പൂർത്തിയാക്കി. ഇപ്പോഴും അദ്ദേഹത്തെ സംബന്ധിച്ചുള്ള ആശയക്കുഴപ്പം ബാക്കി നിൽക്കുകയാണ്. യേശുവിനോടുള്ള അദ്ദേഹത്തിന്റെ അനുരക്തിയുടെ അടിസ്ഥാനത്തിൽ പീലാത്തോസ് ജൂതസ്ത്രീയായ അദ്ദേഹത്തിന്റെ ഭാര്യയുടെ മാർഗ്ഗത്തിൽ ജീവിച്ചയാളാണെന്നും കരുതാൻ സാധ്യതയില്ലേ? തെർ തുല്യൻ രേഖപ്പെടുത്തിയത് പിലാത്തോസ് മാനസാന്തരപ്പെട്ട് ഒരു ക്രിസ്ത്യാനിയായിത്തീർന്നു എന്നാണ്. നീറോ ചക്രവർത്തിയാൽ അദ്ദേഹം വധിക്കപ്പെട്ടു എന്നും അഭിപ്രായമുണ്ട്. പിലാത്തോസിന്റെ വിധിയെന്തുമായി കൊള്ളട്ടെ, യേശുവിന്റെ മരണത്തിൽ നിന്നുള്ള രക്ഷപ്പെടൽ എന്ന ദൈവികാസൂത്രണം പിലാത്തോസിന്റെ കൈകളിലൂടെയാണ് പ്രാവർത്തികമായത്.


**Reference**

Brown R.E. (1992) The new jerome Biblical Commentary; Geoffrey Chapman.

Eusebius Tlrs 1975) The History of the Church (Trd: william G.A.) Penguin.

Farid G.A. (Tr. 1969) The Holy Quran Arabic Text and English Commentary.

Grand, M (1973) The Jews in Roman World, Widen Field & Nicolson.

Josephus (Ir. 1959) The jewish Antiquities (Tr. Thakeray H. St. J0 Heineman Revised Standard Version, The Bible.


## സുകൃതവാൻമാർക്ക് സന്തോഷ വാർത്ത


സത്യദൈവത്തിൽ വിശ്വസിക്കുകയും പൂർണ്ണ ഭക്തിയോടും സ്ഥിരതയോടും കൂടി വർത്തിക്കുകയും ചെയ്യുന്നവരിൽ സ്വർഗദൂതൻമാരായ മലക്കുകൾ ഇറങ്ങി അവർക്ക് ഇപ്രകാരം സന്ദേശം നൽകുന്നു: 'നിങ്ങൾ ഭയപ്പെടുകയോ മന:സ്താപപ്പെടുകയോ അരുത് നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള സ്വർഗം നിങ്ങൾക്കുള്ളതാകയാൽ സന്തോഷിപ്പിൻ'

(വിശുദ്ധഖുർആൻ 41:31)

# മോക്ഷവും ഇസ്ലാം മതത്തിന്റെ സമ്പൂർണ്ണതയും

1990 ഫെബ്രുവരി 24ന് ലണ്ടനിലെ ക്യൂൻ എലിസബത്ത് ഹാളിൽ വെച്ച് അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ നാലാം ഖലീഫ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്) ഒരു പ്രഭാഷണം നടത്തുകയുണ്ടായി. Islam's Response to Contemporary issues എന്ന പേരിൽ അത് പിന്നീട് പുസ്തകമായിട്ടുണ്ട്. പ്രഭാഷണാനന്തരം സദസിൽ നിന്നുണ്ടായ ചോദ്യങ്ങൾക്ക് ഖലീഫാ തിരുമനസ്സ് ഉത്തരം പറയുകയുണ്ടായി. അതിലൊരു ചോദ്യവും ഉത്തരവുമാണ് താഴെ കൊടുക്കുന്നത്.

**?** താങ്കളുടെ പ്രഭാഷണത്തിൽ മോക്ഷം ഒരു മതത്തിനും കുത്തകയാക്കാൻ സാധ്യമല്ല എന്ന് പറയുകയുണ്ടായി. എങ്കിൽ ദൈവം വിശുദ്ധ ഖുർആനിൽ 'ദൈവത്തിന്റെ മതം ഇസ്ലാമാണെന്ന്' പറയാൻ കാരണമെന്ത്?



**ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് :** ഞാൻ ഇപ്പോൾ വിശദീകരിച്ചതിൽ വളരെ പ്രധാനപ്പെട്ട ഒരു ഭാഗമാണിത്. ഇസ്ലാം എന്ന പദം വിശുദ്ധഖുർആനിൽ പ്രയോഗിച്ചിരിക്കുന്നത് ഇന്ന് കാണുന്ന ഇസ്ലാം മതത്തിന്റെ നാമം എന്ന നിലക്ക് മാത്രമല്ല. ലോകത്തുള്ള സർവ്വ മതങ്ങളേയും അതിന്റെ പ്രഥമസ്രോതസ്സിൽ ഇസ്ലാം മതമായിട്ടാണ് ഖുർആൻ വിശേഷിപ്പിച്ചത്. 'ഇസ്ലാം' എന്നാൽ സമർപ്പണം, സമ്പൂർണ്ണ സമർപ്പണം എന്നൊക്കെയാണർത്ഥം. ലോകത്തിലെ എല്ലാ മതങ്ങളും ഇസ്ലാമിന്റെ അടിസ്ഥാനത്തിലായിരുന്നു എന്നാണ് ഇസ്ലാം മതം സ്വയം തന്നെ പറയുന്നത്. അതിലുപരി അബ്രഹാമി(അ)ന്റെ വിശ്വാസത്തെ 'ഇസ്ലാം' എന്നാണ് ഖുർആൻ വിശേഷിപ്പിക്കുന്നത്.

മറ്റൊരു കാരണം ഇസ്ലാം മതത്തിന്റെ വീക്ഷണത്തിൽ മോക്ഷം എന്നത് ഒരാൾ എന്ത് വിശ്വസിക്കുന്നു എന്നതിനേക്കാൾ വിശ്വാസത്തിന്റെ സത്യസന്ധതയെയാണ് ആശ്രയിച്ചു നില്ക്കുന്നത്. ഒരാൾ ഒരു സത്യത്തിൽ അങ്ങേയറ്റം ആത്മാർത്ഥമായും നിഷ്കളങ്കമായും വിശ്വസിക്കുകയും അയാളുടെ വിശ്വാസത്തെയും പ്രവൃർത്തിയേയും സംബന്ധിച്ച് അയാളിൽ യാതൊരുവിധ വൈരുദ്ധ്യവും ഇല്ലാതിരിക്കുകയും ചെയ്യുകയാണെങ്കിൽ അയാളുടെ തെറ്റായ തീരുമാനങ്ങളിൽ കുറ്റമുണ്ടാകുകയില്ല. ഇതാണ് ഇസ്ലാമിന്റെ അടിസ്ഥാന തത്വശാസ്ത്രം. അതേസമയം ഖുർആൻ മറ്റൊരിടത്ത് ഇസ്ലാമാണ് അവസാനത്തെ സമ്പൂർണ്ണമതം എന്ന് പറയുന്നു. അദ്ധ്യായം 5ൽ 4–ാം വചനത്തിൽ ഖുർആൻ പറയുന്നു.

*'ഇന്നത്തെ ദിവസം നിങ്ങളുടെ മതത്തെ നിങ്ങൾക്ക് ഞാൻ പൂർണമാക്കിത്തരികയും ഇസ്ലാമിനെ നിങ്ങൾക്ക് മതമായി തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു.* (വി. ഖുർആൻ 5:4).

അതായത് മാനവരാശിക്ക് വേണ്ടി നാം ഒരു മതത്തെ സമ്പൂർണ്ണമാക്കി മാറ്റിയിരിക്കുന്നു. അത് സർവ്വജനങ്ങളുടെയും മതമായ ഇസ്ലാമാകുന്നു എന്നാണ് ഖുർആൻ പറയുന്നത്. അതുകൊണ്ട് വിശ്വപൗരനായ ഒരു മനുഷ്യന് ഈ മതം ആവശ്യമാണ്. ഈ മതം മനുഷ്യന്റെ ആവശ്യത്തിന് വേണ്ടി നിലകൊള്ളുന്നു. എന്നിരിക്കിലും ഒരാൾ ഈ മതത്തെക്കുറിച്ച് കേൾക്കാതിരിക്കുകയും ചുരുങ്ങിയ പക്ഷം അയാൾക്ക് ബോദ്ധ്യപ്പെടുമാറ് ഇസ്ലാമിനെക്കുറിച്ച് അറിയാതിരിക്കുകയും അയാളുടെ വിശ്വാസത്തിൽ ആത്മാർത്ഥമായും സത്യസന്ധമായും ഉറച്ചുനില്ക്കുകയും ചെയ്യുകയാണെങ്കിൽ നീതിമാനും ദയാനിധിയുമായ ദൈവത്തെ സംബന്ധിച്ച് അയാൾ ഭയപ്പെടേണ്ടതില്ല എന്നാണ് ഇസ്ലാമിന്റെ സന്ദേശം.

(Review of Religion - June 2003)

അഫ്ഇദത്തുൽ സലാം വി. എം.


# മുസ്‌ലിംകൾ സമാധാനത്തിന്

ഇസ്‌ലാം എന്നാൽ സമാധാനം ശാന്തി, സമ്പൂർണ സമർപ്പണം എന്നൊക്കെയാണ് അർത്ഥം. പക്ഷെ ഇന്ന് ഇസ്‌ലാം എന്ന പദത്തിന് തീവ്രവാദം അല്ലെങ്കിൽ ഭീകരവാദം എന്ന അർത്ഥ വിപര്യയം സംഭവിച്ചിരിക്കുന്നു. ഈ അവസ്ഥയെ സംബന്ധിച്ച് രാഷ്ട്രീയാപഗ്രഥനമോ, പ്രതിവിമർശനമോ, വിശകലനങ്ങളോ നടത്തി വിടവുകളെ വർദ്ധിപ്പിക്കുന്നതിന് പകരം മുറിവുകളെ തുന്നിച്ചേർക്കുന്ന ഒരു പ്രചാരണത്തിന് ന്യൂയോർക്കിൽ അഹ്‌മദിയ്യ മുസ്‌ലിം ജമാഅത്ത് ആരംഭം കുറിച്ചിരിക്കുന്നു. "മുസ്‌ലിംകൾ സമാധാനത്തിന് " (Muslims for Peace Campaign) എന്ന ഈ ക്യാംമ്പെയിന്റെ ഭാഗമായി അമേരിക്കയിലെ ടൈംസ് സ്ക്വയറിനു സമീപം 42-ാമത്തെ തെരുവിൽ സ്ഥാപിച്ചിട്ടുള്ള ബിൽബോർഡിൽ വെള്ളരിപ്രാവുകളുടെയും സമാധാന ചിഹ്നത്തിന്റെയും അമേരിക്കൻ പതാകയുടെയും പശ്ചാത്തലത്തിൽ "Muslims for Love, Loyalty, Peace" എന്ന സന്ദേശം സംപ്രേഷണം ചെയ്യുന്നു. രാവിലെ 6 മണിമുതൽ അർധരാത്രിവരെ ഇടവിട്ട് കാണിക്കുന്ന ഈ സന്ദേശം ജനുവരി 17, 2011 വരെ ക്യാമ്പെയിന്റെ ഭാഗമായികാണിക്കുന്നതാണ്. ഇസ്‌ലാം കാരുണ്യത്തിന്റെയും സമാധാനത്തിന്റെയും മതമാണെന്നും വിശ്വശാന്തിക്കുവേണ്ടിയാണ് അത് നിലകൊള്ളുന്നതെന്നും ലോകത്തെ ബോധ്യപ്പെടുത്താനുള്ള ശ്രമത്തിന്റെ ഭാഗമാണ് ഈ കാമ്പെയിൻ. ഈ സന്ദേശമുൾക്കൊള്ളുന്ന ലഘുലേഖകളും സംഘാടകർ വിതരണം ചെയ്യുന്നുണ്ട്.

# ജയിൽ മോചനം കാത്ത്...

വിശ്വാസ സംരക്ഷണത്തിനായി ഹദ്റത്ത് മുഹമ്മദ് നബി (സ)ക്കും ആദ്യകാല അനുയായികൾക്കും പലായനം ചെയ്യേണ്ടി വന്നുവെന്നത് ചരിത്രം. ഇന്നും അതേ ജീവിതാവസ്ഥകളിലൂടെ കടന്നുപോകുന്നത് അഹ്‌മദികൾ മാത്രമാണെന്നുള്ളത് വെറുമൊരു യാദൃശ്ചികതയല്ല. പാക്കിസ്ഥാനിലെ അഹ്‌മദിയ്യാ സമൂഹത്തിന് അവിടത്തെ മനുഷ്യത്വരഹിതമായ നിയമങ്ങൾക്കും ക്രൂരതകൾക്കും വിധേയമാകേണ്ടി വരുന്നതിനാൽ മറ്റുരാജ്യങ്ങളിലേക്ക് അഭയാർത്ഥികളായി പോകേണ്ടിവരുന്നു.ഇതുസംബന്ധിച്ച ഏറ്റവും പുതിയ വാർത്ത തായ്‌ലന്റിലേക്ക് പലായനം ചെയ്ത 85 ഓളം വരുന്ന അഹ്‌മദികളുടേതാണ്. എന്നാൽ അഭയാർത്ഥി പദവി ലഭിക്കുന്നതിനായി ഐക്യരാഷ്ട്രസഭയുടെ അഭയാർത്ഥി വിഭാഗത്തിന്റെ (UNHCR) ബാങ്കോക്കിലെ ഓഫീസിൽ അപേക്ഷ സമർപ്പിച്ച് കാത്തിരിക്കുകയായിരുന്ന ഈ സംഘത്തെ ഡിസംബർ 14, 2010ന് തായ്‌ലന്റിലെ എമിഗ്രേഷൻ അധികൃതർ തടങ്കലിലാക്കിയത് പരക്കെ പ്രതിഷേധത്തിന് കാരണമായിട്ടുണ്ട്. സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ള ഈ സംഘത്തിൽ ഗർഭിണികളും 10 വയസ്സിൽ താഴെയുള്ള കുട്ടികളുമുണ്ട്. കൂടാതെ ഇവരിൽ പതിനേഴോളം പേർക്ക് അഭയാർത്ഥി പദവി ലഭിച്ചുണ്ടെന്നാണ് റിപ്പോർട്ട്. ഇവരുടെ മോചനത്തിനായി ഏഷ്യൻ ഹ്യൂമൻ റൈറ്റ്സ് കമ്മീഷന്റെ നേതൃത്വത്തിൽ ശ്രമങ്ങൾ നടന്നുവരുന്നു. വിശ്വാസത്തിന്റെ പേരിൽ കഷ്ടത അനുഭവിക്കേണ്ടി വരുന്നവർക്ക് നിങ്ങളുടെ പ്രാർത്ഥനയിൽ പ്രത്യേകം ഇടം കൊടുക്കണമെന്ന ഖലീഫ തിരുമനസ്സിന്റെ വാക്കുകൾ ഇതോടൊപ്പം ഓർക്കുക.

# അബ്ദുസലാം അവാർഡ് 2010


ലാർസ് ബോയ്ഡ് പ്രബന്ധം അവതരിപ്പിക്കുന്നു

വിജ്ഞാനത്തിന്റെ വെള്ളിവെളിച്ചം വിതറിക്കൊണ്ട് ഇസ്‌ലാമിക താരകങ്ങളായി പ്രശോഭിച്ച അവിസെന്നയുടെയും മറ്റും പിൻമുറക്കാരനാണ് ഭൗതിക ശാസ്ത്രത്തിൽ നോബൽ സമ്മാനജേതാവായ ഡോ. അബ്ദുസലാം. മൂന്നാം ലോകരാജ്യങ്ങളിൽ ശാസ്ത്രത്തിന്റെ വളർച്ചക്കുവേണ്ടി സമാനതകളില്ലാത്ത സംഭാവനകൾ നൽകിയിട്ടുള്ള ഡോ. അബ്ദുസലാം ശാസ്ത്രത്തിൽ നോബൽ സമ്മാനർഹനാകുന്ന ആദ്യ മുസ്‌ലിം കൂടിയാണ്. അദ്ദേഹത്തിന്റെ പേരിൽ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സഹകരണത്തോടെ ഏർപ്പെടുത്തിയിട്ടുള്ള പുരസ്കാരത്തിന് 2010 ൽ അർഹനായത് ലാർസ് ബോയ്ഡ് (Lars Boyd) ആണ്. കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ കാവൻഡിഷ് ലബോറട്ടറിയിൽ ഡിസംബർ 2, 2010 നടന്ന ബിരുദ വിദ്യാർത്ഥികളുടെ ഫിസിക്സ് കോൺഫറൻസിൽ വെച്ചായിരുന്നു പുരസ്കാരം സമ്മാനിച്ചത്. തദവസരത്തിൽ ലാർസ് ബോയ്ഡ്, ഭൗതിക ശാസ്ത്രത്തിൽ ഏറ്റവും പുതിയ കണ്ടുപിടിത്തങ്ങൾ അടങ്ങിയ തന്റെ പ്രബന്ധം അവതരിപ്പിക്കുകയുണ്ടായി. പഠിതാവായും അധ്യാപകനായും കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയുമായി ബന്ധം പുലർത്തിയിരുന്ന ഡോ. അബ്ദുസലാമിന്റെ പേരിലുള്ള ഈ അവാർഡ് 2007 മുതലാണ് കൊടുത്തു തുടങ്ങിയത്.

# പ്രവാചകത്വം: 'ബോധന'ത്തിന്റെ തെറ്റിദ്ധരിപ്പിക്കൽ

യാസർ അറഫാത്ത്
തിരുത്തിയാട്

**പ്രവാചകത്വത്തെ സംബന്ധിച്ച് റസൂൽ തിരുമേനി(സ) പഠിപ്പിച്ച വ്യാഖ്യാനമാണ് അഹ്മദികൾ സ്വീകരിച്ചത്. ജമാഅത്തെ ഇസ്‌ലാമി പ്രസിദ്ധീകരണമായ 'ബോധനം' വ്യാജപ്രസ്താവങ്ങൾ നടത്തി തെറ്റിദ്ധാരണ പരത്തുകയാണ് ചെയ്യുന്നത്.**

ജമാഅത്തെ ഇസ്‌ലാമിയുടെ "ബോധനം" ദ്വൈമാസിക 2010 നവംബർ-ഡിസംബർ ലക്കത്തിൽ "ഖാദിയാനികൾ, റശാദ് ഖലീഫ, ഹാറൂൻ യഹ്‌യാ – അന്ത്യ പ്രവാചകനും അന്ത്യദൂതനും" എന്ന തലക്കെട്ടോടെയുള്ള ഒരു പഠനം വായിക്കാനിടയായി. പൊതുവെ പഠനാർഹമായ ലേഖനങ്ങളാണ് 'ബോധന'ത്തിൽ വരാറുള്ളതെങ്കിലും മേൽപറഞ്ഞ ലേഖനത്തിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഒരു വിഷയമായി ചർച്ച ചെയ്യപ്പെടുന്നതിനാൽ വ്യാജാരോപണങ്ങളും തെറ്റിദ്ധരിപ്പിക്കലുകളും ചേർക്കപ്പെട്ടിട്ടുണ്ട്. ലേഖനത്തിലെ തെറ്റായ വാദഗതികൾക്കെല്ലാം വിശദമായ മറുപടി എഴുതാൻ സാധിക്കുമെങ്കിലും പ്രധാനപ്പെട്ട ചില ഭാഗങ്ങൾ മാത്രം ഇവിടെ പഠനവിധേയമാക്കുകയാണ്.

ലോക മുസ്‌ലിംകളുടെ മേൽ കളവു പറഞ്ഞുകൊണ്ടാണ് ലേഖനം ആരംഭിക്കുന്നതു തന്നെ. "മുഹമ്മദ് നബി(സ) അന്ത്യപ്രവാചകനും അന്ത്യദൂതനുമാണ്, അതിനാൽ തിരുമേനിക്കുശേഷം ഒരു തരത്തിലുള്ള നബിയും റസൂലും വരികയില്ല എന്നാണത്രെ ലോക മുസ്‌ലിംകളുടെ വിശ്വാസം!! ഇത് തികച്ചും തെറ്റായ ഒരു പ്രസ്താവമാണ്. നബി തിരുമേനി(സ)ക്കു ശേഷം അവസാനകാലത്ത്, മുസ്‌ലിം സമുദായം അധഃപതനത്തിലെത്തിച്ചേരുമെന്നും അപ്പോൾ ഇബ്നുമർയം അവതരിപ്പിക്കപ്പെടുമെന്നുമാണ് മുഹമ്മദ് മുസ്തഫാ(സ)യുടെ സുദൃഢമായ നൂറുകണക്കിന് ഹദീസുകളുടെ വെളിച്ചത്തിൽ മുസ്‌ലിം ലോകം കക്ഷിഭേദമന്യേ ഇതേവരെ വിശ്വസിച്ചു പോന്നിട്ടുള്ളത്. 'ഇബ്നുമർയം' എന്നത് സ്വിഫത്തീനാമമാകയാൽ, വരുന്നത് ഈ ഉമ്മത്തിലെ ഒരു വ്യക്തിയാണെന്നും, അതല്ല പഴയ ഈസാനബി തന്നെയാണെന്നുമുള്ള വ്യാഖ്യാനങ്ങൾ ഉണ്ടെങ്കിൽത്തന്നെയും രണ്ടായാലും 'ബോധനം' പറയുന്നപോലെ, ഒരു തരത്തിലുള്ള നബിയും വരികയില്ലെന്നുള്ള സിദ്ധാന്തം മുസ്‌ലിം ലോകത്തിൽ ഉണ്ടായിട്ടില്ല. യഹൂദികൾ അപ്രകാരം വാദിച്ചതായി ഖുർആൻ പറയുന്നു. (40:35). വി ഖുർആനും, ഹദീസിനും അല്ലാഹുവിന്റെ നടപടിക്രമത്തിനും വിരുദ്ധമാകയാൽ അത്തരമൊരു വിശ്വാസം സത്യവിശ്വാസികൾക്ക് ഒരിക്കലും സ്വീകാര്യവുമല്ല.

തുടർന്ന് ലേഖനത്തിൽ അഹ്മദികളുടെ വിശ്വാസം എന്തെന്നു വിശദീകരിച്ചിടത്ത് "മിർസാക്കുശേഷം ഒരുതരത്തിലുള്ള പ്രവാചകനെയും ദൂതനെയും അവർ പ്രതീക്ഷിക്കുന്നില്ല" എന്ന പരാമർശം തെറ്റിദ്ധാരണാ ജനകമായതിനാൽ അല്പം വിശദീകരണമർഹിക്കുന്നു. ഹദ്റത്ത് അഹ്മദ് (അ)നുശേഷം ഒരു തരത്തിലുള്ള നബിയും ഖിയാമത്ത് നാൾ വരെ വരികയില്ലെന്നോ, വഹ്‌യിന്റെ വാതിലുകൾ അടക്കപ്പെട്ടുവെന്നോ ഒരു അഹ്മദിയും വാദിക്കുന്നില്ല. കാരണം ഇനി ഒരു നബി വരില്ലെന്ന വാദം ഏതു കാലത്തായാലും അല്ലാഹുവിന്റെ അതികഠിനമായ കോപത്തിന് കാരണമാകുന്നുവെന്ന് വി. ഖുർആൻ വ്യക്തമാക്കിത്തരുന്നു. അഹ്മദ് (അ) അന്ത്യപ്രവാചകനാണെന്ന് അഹ്മദികൾ വിശ്വസിക്കുന്നുവെന്ന് എതിരാളികൾ പ്രചരിപ്പിക്കുന്നത്, മുഹമ്മദ് നബി(സ)യുടെ സ്ഥാനം അഹ്മദിന് നല്കുന്നുവെന്ന തെറ്റിദ്ധാരണ സാധാരണക്കാരിൽ ജനിപ്പിക്കാൻ വേണ്ടി മാത്രമാണ്.

പ്രവാചകനിയോഗമെന്ന അനുഗ്രഹം അല്ലാഹു തുടർന്നു കൊണ്ടിരിക്കുന്നുവെന്ന് വിശുദ്ധ ഖുർആനിൽ നിന്ന് വ്യക്തമായി മനസ്സിലാക്കിയ റസൂൽ തിരുമേനി(സ) തന്നെ ചില സന്ദർഭങ്ങ

ളിൽ താൻ അവസാനത്തെ പ്രവാചകനാണന്നു പ്രസ്താവിച്ചിട്ടുമുണ്ട്. വ്യക്തമായ ഖുർആനിക വചനങ്ങളിലും, തിരുമേനി (സ) യുടെ സുദൃഢമായ നൂറുകണക്കിന് പ്രവചനങ്ങളിലും വ്യക്തമാക്കിയിട്ടുള്ള പ്രകാരം പ്രവാചകാഗമനം തുടർന്നുകൊണ്ടിരിക്കുന്നുവെന്ന സത്യത്തിന് വിരുദ്ധമല്ല, താൻ അവസാനത്തെ പ്രവാചകനാണെന്ന തിരുവചനം. എന്തെന്നാൽ ഒരു ഹദീസ് പ്രകാരം തന്റെ പള്ളി അവസാനത്തെ പള്ളിയാണെന്നും താൻ അവസാനത്തെ പ്രവാചകനാണെന്നും റസൂൽ(സ) വ്യക്തമാക്കിയിട്ടുണ്ട്. ലക്ഷക്കണക്കായ മസ്ജിദുകൾ, നബി(സ)യുടെ പള്ളിക്കുശേഷം നിർമ്മിക്കപ്പെട്ടുവെങ്കിലും അവയെല്ലാം തന്നെ കഅബയിലേക്ക് ഖിബ്ലയായ വിധത്തിൽ ഇബാദത്ത് ചെയ്യാൻ വേണ്ടി നിർമ്മിതമായ റസൂൽ(സ)യുടെ പള്ളിയുടെ മാതൃകയിലാണ്. ലക്ഷക്കണക്കായ പള്ളികൾ പിന്നീട് നിർമ്മിക്കപ്പെട്ടിട്ടുണ്ടെങ്കിലും റസൂൽ തിരുമേനിയുടെ പള്ളി അവസാനത്തെ പള്ളിയായി നിലകൊള്ളുന്നു. പ്രാഥമ്യത്തിലും, മാതൃകയിലും, ആ പള്ളിയേക്കാൾ പ്രാധാന്യമുള്ള മറ്റൊരു പള്ളിയില്ല എന്നാണ് അവസാനത്തെ പള്ളി എന്ന പ്രയോഗം കൊണ്ട് അർത്ഥമാക്കുന്നത്. ശേഷം എത്ര നബിമാർനിയോഗിതരായാലും അവരെല്ലാം റസൂൽ തിരുമേനിയുടെ ശരീഅത്തിന്റെ സേവകരായ നബിമാർ മാത്രമായിരിക്കും. ഹദ്റത്ത് അഹ്മദ് (അ) നബിയായി നിയോഗിക്കപ്പെട്ടുകഴിഞ്ഞിട്ടും, ഇനിയെത്ര പ്രവാചകന്മാർ നിയോഗിക്കപ്പെട്ടാലും അവസാനത്തെ പ്രവാചകനായി മുഹമ്മദ് നബി(സ) തന്നെ വിശേഷിപ്പിക്കപ്പെടുന്നതിന്റെ അർത്ഥമതാണ്. റസൂൽ(സ) അവസാനത്തെ നബിയാണെന്നും, മുഹമ്മദ് നബിക്കുശേഷവും പ്രവാചകത്വനിയോഗം തുടരുമെന്നും, താൻ വാഗ്ദത്ത മസീഹാണെന്നും അഹ്മദ് (അ) തന്റെ ഗ്രന്ഥങ്ങളിൽ പലയിടത്തായി രേഖപ്പെടുത്തിയത് ഒന്നും തന്നെ പരസ്പര വൈരുദ്ധ്യങ്ങളല്ല എന്നു മനസ്സിലാക്കാനും ഈ വിശദീകരണം ഉപകരിക്കും. ഈ വിശദീകരണത്തിന്റെ യഥാർത്ഥ പൊരുൾ മനസ്സിലാക്കാതെ മുഹമ്മദ് നബി(സ) അവസാനത്തെ പ്രവാചകനാണെന്ന് അഹ്മദികൾ സമ്മതിച്ചു എന്നു മുറവിളികൂട്ടുന്നവരെപ്പറ്റി കഷ്ടം! എന്നല്ലാതെ എന്തു പറയാൻ?


അഹ്മദുൽ ഖാദിയാനി (അ)ന്റെ വഫാത്തിനുശേഷം പുനഃസ്ഥാപിതമായ ഖിലാഫത്തെന്ന ആഗോളസ്ഥാപനം ഇപ്പോൾ അഞ്ചാം ഖിലാഫത്തിലെത്തിനില്ക്കുകയാണ്. അഹ്മദ് (അ)ന്റെ പ്രവചനപ്രകാരം ഈ ഖിലാഫത്ത് പരമ്പര ഖിയാമത്തുനാൾവരെ തുടർന്നുകൊണ്ടിരിക്കും. അതിന്നിടയിൽ, ഈമാനെ ബലപ്പെടുത്തുന്നതിനുവേണ്ടി പ്രവാചകനിയോഗം വേണമെന്ന് അല്ലാഹു തീരുമാനിച്ചാൽ, തീർച്ചയായും ഈ പരമ്പരയിൽത്തന്നെ അല്ലാഹു നബിമാരെ നിയോഗിക്കുന്നതാണ്. അങ്ങിനെ ഒരു നബി നിയോഗിക്കപ്പെട്ടശേഷം അതിന്ന് ഇന്നയിന്ന ഖുർആൻ സൂക്തങ്ങളും ഹദീസുകളും അഹ്മദ് (അ)ന്റെ വചനങ്ങളും എന്റെ അടയാളങ്ങളെന്ന് വിശദീകരിക്കുമ്പോഴാണ് വിശ്വാസിക്ക് അത് തിരിച്ചറിയാൻ സാധിക്കുക. അതല്ലാതെ, തന്റെ അസുഖത്തിന് മരുന്ന് കയ്യിൽ കിട്ടിയിട്ടും അതു കഴിക്കാതെ, പത്തുകൊല്ലം കഴിഞ്ഞ് എനിക്ക് അസുഖം വരുമ്പോൾ മരുന്നു ലഭിക്കുമോ എന്നു വേവലാതിപ്പെടുന്ന രോഗിയെപ്പോലെ ഒരു മുസ്ലിം ആവാൻ പാടില്ല.



### നരകമോചനവും നവജീവിതവും

അബൂസഊദുൽ ഖുദ്റി(റ)യിൽ നിന്നു നിവേദനം. തിരുമേനി(സ) അരുളി: 'സ്വർഗ്ഗവാസികൾ സ്വർഗ്ഗത്തിലും നരകവാസികൾ നരകത്തിലും പ്രവേശിക്കും. പിന്നീട് അല്ലാഹു കല്പിക്കും 'ഒരണുമണിത്തൂക്കം സത്യവിശ്വാസം ആരുടെയെങ്കിലും ഹൃദയത്തിലുണ്ടോ അവരെയെല്ലാം നരകത്തിൽ നിന്നും മോചിപ്പിക്കുക" അങ്ങനെ അവരെ നരകത്തിൽനിന്നു മോചിപ്പിക്കും. അന്നേരം അവർ കറുത്തിരുണ്ടുപോയിട്ടുണ്ടാകും. പിന്നീടവരെ 'ജീവന്റെ നദി'യിൽ ഇടും. അപ്പോൾ മലവെള്ളച്ചാലുകളുടെ കരകളിൽ തങ്ങിനിൽക്കുന്ന വിത്തുകൾ മുളക്കും പോലെ അവർ മുളച്ചു ജീവിച്ചു വരും. മഞ്ഞനിറത്തോടും പരസ്പരം ഒട്ടിച്ചേർന്നിരിക്കുന്ന ദളങ്ങളോടുകൂടിയും അവയുടെ മുള പുറത്തേക്ക് വരുന്നത് നീ കണ്ടിട്ടില്ലേ'

. . . . . . . . . . . . . . . . . . . . . . . . . . . . . . നബിവചനം (ബുഖാരി)



# INDIVIDUAL VERSUS SOCIETY

Hadhrath Mirza Tahir Ahmad

Freedom is a prerogative of all living things, man being no exception. Liberty is the most cherished fruit of life. Man is the epitome of liberty which is ingrained in him. His very texture is woven with the yarn of liberty. Yet, amazingly, we find all man-made institutions shaped to work against the liberty of man in the final analysis.

A careful study of the history of progressive growth of traditions, customs and legislation is sufficient to prove this assertion. The evolution of the state when viewed from an unbiased, detached angle of perception will appear no more than an institutionalized journey of man towards progressive self-imposed slavery. To resolve this dilemma requires a deeper understa nding of the factors which are responsible for this step by step transition from freedom to bondage.

One thing must be noted at the outset, that man by nature will bow to the authority of society only when he is driven by selfish motives; otherwise he will have to be coerced into submission. But to socialise is not a prerogative of man alone. As the animal kingdom moves from lower to higher orders, there appears to be a gradual transition from a chaotic to a more disciplined, organized and centralized animal society. Sometimes we notice it as a trend, where necessity must have taught the animals to live together in their common interest of survival. Some times, to our utter amazement, we find social order and meticulous discipline ingrained even in such animal species as are not very highly placed in the ladder of evolution. No gradual evolutionary influences can be traced in their highly disciplined order which seem to have erupted as such in their final perfected form. All that we can infer from the study of their institutionalized exist ence is that it is naturally ingrained in them.

Take for example the case of certain insects. Where would one place in the ladder of evolution the society of honey-bees? What could possibly have preceded them if they had slowly evolved step by step? Where would one find the evidence of a gradual stage-by-stage development of a long line of insects culmina ting in the creation of honey-bees? Likewise, when we examine the case of termites and some of the other species of ants belonging to the order of insects, we experience similar problems.

Without any trace of gradual evolution, they are all precisely made to perform specific functions with an ingrained discipline which they follow meticulously. With them it is an inviolable law etched upon their RNA and DNA. By comparison they put to shame even the most strictly regimented and disciplined communist societies. They are all exceptional solitary cases of organized creative wonders which show no traceable history of a crude elementary beginning, gradually evolving into higher complex societies. We can safely conclude from this that life as such offers two types of disciplines for us to study. One appears to be spontaneous, as though born out of nothingness in a sudden outburst of God's creative wonders. The scientists, however, may refer to it as a host of mutative changes all taking place simultaneously in one single moment. This hypothetical proposition is of course scientifically unentertainable.

The second type of development of social orders in

the animal kingdom is much more generalized and progressive in nature; though the results are not so dramatic as the previously mentioned examples. Even dogs and wolves and wildebeests exhibit this positive trend of living together in societies in the interest of class survival. Whatever the reason, we also find a similar trend in the flocking together of birds of the same feather. Likewise shoals of fish, turtles and sea urchins display similar tendencies. This bonding together, therefore, is common to life.

With discipline, authority is born and leadership emerges. A vague precept of crime and punishment begins to creep into the society at every level. For man to have evolved as a social animal, therefore, is not a solitary accident but is in conformity with a predesigned plan of behaviour shared equally by most other animals to a lesser or greater degree.

How the institution of society developed all over the world simultaneously is a question which requires a lengthy discussion. We intend only to deal with a few important features of social development among humans which are directly related to the subject under discussion.

Individual liberty has always been intrinsically at odds with the restraints imposed by society. A deeper under standing of the dilemma presented by this equation is most essential for a better comprehension of the forces which finally determine the boundaries of individual liberty on the one hand and the rising power of the society on the other. Individual–family relationship, individual–clan relationship and individual–State relationship are all examples of how life can be studied in its institutionalized conduct. If man is by nature free and loves freedom, then why at all bow to any social authority is the prime question which has to be addressed first.

Whenever a social, racial, economic or political order evolves, it always evolves around an unwritten understanding of give and take between the society and the individuals which collectively make the society. No individual will ever readily surrender his freedom but only on the understanding that in the bargain he gains more than what he has lost.

Primarily, it is individual security which he bargains for at the cost of some personal freedom. On the one hand he surrenders some of his rights to whatever institution he becomes a member of and, on the other, he gains some guaranteed protection and such assistance as would make his individual existence easier and more comfortable.

It is interesting to note that in the beginning of the formation of society at all levels, individuals always emerged as beneficiaries. This is what we find as a natural trend in the animal kingdom. This is also true of human societies at their rudimentary level. But human societies as they grow more organized, tend to become lopsided in the distribution of power between them and the individual. The larger the ratio between the membership of the society and the ruling few grows, the greater becomes the danger of misappropriation and exploitation of power by the ruling minority.

Although theoretically it is possible for the individual to gain some value in exchange for every loss of his liberty, it does not always happen in accordance with what should normally be expected. The prime principle of individual liberty is gradually and progressively sacrificed at the altar of society. It often happens that the society as it grows, becomes more authoritative and less mindful of the ultimate interest of the individual.

On this subject we shall have a more comprehensive discussion later, when we take up the issue of Marxism. Here the purpose is merely to determine the basic cause of this degenerative process. Why should not an individual feel more comfortable and better protected in a more developed and powerful society? Among animals we never come across a decadent and degenerative trend in their social conduct. Why should human society alone fall short of its expectations in relation to its

responsibilities towards the rights of the individual?

One dividing line between animals and humans which distinctly separates them is the powerful tendency in man to defraud, cheat and break the laws of nature. In this game the humans outpace all other animals by a phenomenal margin. Animals too, sometimes appear to cheat but it is always a strategy on their part, and not a deception in the criminal sense. There is no breach of trust in their case such as we observe among the humans. They live a normal and simple disciplined life within the gamut of natural laws which control and command them. If they do ever seem to cheat they do so only intuitively, as governed by their genetic pulses which lie outside the definition of crime.

This in fact is a by-product of the gift of freedom of choice. Animals are strictly governed by intuitive and instinctive laws and have little choice in the matters of right and wrong. In fact no right or wrong exists for them.

It is humans alone who can wilfully ignore their responsibilities and usurp the rights of other members of society knowing it to be wrong. So the individual freedom in relation to the collective responsibility man owes to any institution is undermined and sabotaged by his propensity to break laws, commit frauds and act wrongfully, yet hoping to run away with whatever he can. Hence when Karl Marx observed that man is a corrupt animal, he was very right indeed—only he had no right to exclude himself. Nor had he any right to exclude the socialist leadership which was to be built upon the bricks of immorality. This has been the tragedy of human society throughout the ages. No institution is exempt from this. This inevitable built-in flaw in the individual social relationship promotes the tendency among systems towards ever increasing legislation.

Apparently, every new law is aimed at protecting the right of the individual on the one hand, and the right of the society on the other, from unjustified trespass into each other's exclusive domains of rights and prerogatives. But unfortunately because of the corruption in man, the legislators fail to remain loyal to the principles of absolute justice. During the collective process of legislating, many a time the individual will be deprived of his fundamental rights at the hands of the very institutions which were created to defend them.

We do not propose here to take up the issues of religious societies at length, but from the secular viewpoint of social philosophy, religion should also be briefly mentioned. The sociologists as a class do not treat religion as a Divine phenomenon. Hence, from their vantage point religion is just another expression of the social behaviour of man.

If their view of the development of the institution of religion is right, then all religious societies should be viewed as occupying a unique position among the human social systems. They would be perceived as symbols personified of fraud committed both against the society and the individual. Evidently, in that case, all founders of religions should be classified as prime crooks who wilfully deceive the common masses in the name of gods of their own creation as implied in the sociologist's theory. Some crooks indeed!

They, according to the sociologist's view, legislate themselves on behalf of God to keep the simple unsuspecting common people chained to the so-called Divine laws. Thus, in the name of God it is a fraudulent religious hierarchy which rules to its own advantage. This is the sociologist's perception of a religious society. Karl Marx also seems to be in full agreement with this view of religion as an opiate concocted to keep the labouring multitudes forever doped, lest they should wake up to the awareness of their merciless exploitation by the bourgeoisie. The name of this potent opiate which keeps the proletariat drugged is the code of morality advocated by all religions. As such, morality is always linked to the idea of God which commands and trims human behaviour in His name. ■

# യഹൂദ റബ്ബിമാരുടെ വംശീയ വെറി

മുസാഫിർ




**2010** ഡിസം. 7ന് ഇസ്രായേലിലെ യഹൂദ മതപുരോഹിതന്മാർ പുറപ്പെടുവിച്ച മതശാസന വംശീയ വെറിയുടേയും അസഹിഷ്ണുതയുടേയും ഏറ്റവും വലിയ സാക്ഷ്യപത്രമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. ഇസ്രായേലിൽ മുസ്‌ലിംകളായ അറബികൾക്കോ യഹൂദികളല്ലാത്തവർക്കോ ജൂത പൗരന്മാർ സ്വത്തുക്കൾ വിൽക്കുകയോ കെട്ടിടങ്ങൾ വാടകക്ക് കൊടുക്കുകയോ ചെയ്യരുതെന്ന് ശാസിച്ചുകൊണ്ട് 40 യഹൂദ റബ്ബിമാർ ഒപ്പിട്ടു പുറപ്പെടുവിച്ച മതശാസന ഇസ്രയേലിനകത്തും പുറത്തും വമ്പിച്ച പ്രതിഷേധത്തിന് കാരണമായിരിക്കുന്നു. ഇസ്രയേലീ സെനറ്റ് സ്പീക്കർ അടക്കം പല യഹൂദപ്രമുഖരും മനുഷ്യാവകാശ സംഘടനകളും മനുഷ്യസ്നേഹികളും ഈ പ്രസ്താവനക്കെതിരെ രംഗത്ത് വന്നിട്ടുണ്ട്. ഇസ്രയേലിലെ അതിതീവ്രവാദികളായ ജൂതറബ്ബിമാർ അധിവസിക്കുന്ന സെഫാദ് നഗരത്തിലെ മുഖ്യ റബ്ബി ശുമേൽ എലിയാഹു പുറപ്പെടുവിച്ച പ്രസ്തുത മതശാസനക്ക് ഇപ്പോൾ 300 റബ്ബിമാരുടെ പിന്തുണയുള്ളതായി 'യെദിഓത്ത് അഹ്റനോത്ത്' എന്ന പത്രം റിപ്പോർട്ട് ചെയ്യുന്നു. ഒപ്പിട്ട റബ്ബിമാരിൽ ബഹുഭൂരിപക്ഷവും ഗവൺമെൻറ് ശമ്പളം പറ്റുന്ന മതപുരോഹിതരാണ്. ഇവരെ സർവ്വീസിൽ നിന്ന് പിരിച്ചുവിടുകയെങ്കിലും വേണമെന്നാണ് പ്രതിഷേധക്കാർ പറയുന്നത്.

ചരിത്രം പരിശോധിച്ചാൽ വംശീയ വെറിയുടെ ഏറ്റവും വലിയ ക്രൂരതകൾ അനുഭവിക്കേണ്ടിവന്ന ജനതയാണ് യഹൂദികൾ എന്ന് കാണാം. ആന്റി സെമിറ്റിസം, പോഗ്രാം, ഹോളോക്കോസ്റ്റ് എന്നീ പേരുകളിലാണ് അത് അറിയപ്പെടുന്നത്. മദ്ധ്യകാലഘട്ടങ്ങളിൽ യൂറോപ്പിലും റഷ്യയിലും അലയടിച്ചുയർന്ന യഹൂദവേട്ടകളും പീഢനങ്ങളും ആരേയും ഞെട്ടിപ്പിക്കുന്നതാണ്. ഇരുപതാം നൂറ്റാണ്ടിലെ മദ്ധ്യദശകം വരെ വരെ യൂറോപ്പിൽ യഹൂദക്കൂട്ടക്കൊലകൾ അരങ്ങേറി എന്ന കാര്യം നാം വിസ്മരിക്കരുത്. മുസ്‌ലിം നാടുകളും മുസ്‌ലിം സ്പെയിനും അതുപോലെ ഭാരതവുമാണ് യഹുദജനതക്ക് അഭയം നൽകുകയും അവർക്ക് വളരുവാനുള്ള എല്ലാ സാഹചര്യങ്ങളുമൊരുക്കിക്കൊടുക്കുകയും ചെയ്തത്. ആ മുസ്‌ലിം സമുദായത്തെയാണ് ഇസ്രയേലികൾ കൊല്ലാകൊല ചെയ്ത് പീഢിപ്പിച്ചുകൊണ്ടിരിക്കുന്നത്. മനുഷ്യചരിത്രം ഇത്തരം പരസ്പര വൈരുദ്ധ്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു പ്രഹേളികയാണ്. അതുപോലെ ആവർത്തിക്കപ്പെടുന്ന ഒരു അദൃശ്യനിയമവും ചരിത്രത്തിനുണ്ടെന്ന കാര്യം നാം മറക്കരുത്.

ഇന്ത്യയെ സംബന്ധിച്ച് 'സ്വാതന്ത്ര്യം അർദ്ധരാത്രിയിൽ' (Freedom at Midnight) എന്ന പുസ്തകമെഴുതിയ ലാറികോളിൻസ്, ഡൊമിനിക് ലാപ്പിയർ എന്നിവർ ചേർന്നെഴുതിയ 'ഓ! ജെറുസെലേം' (O! Jerusalem) എന്ന കൃതിയിൽ ഈ മദ്ധ്യകാല യഹൂദ പീഢനത്തിന്റെ ചരിത്രം ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു.'

'ചിതറിത്തെറിക്കലിന് ശേഷം അവർ വന്നുപെട്ട എല്ലാ അഭയകേന്ദ്രങ്ങളിൽ നിന്നും അനുസ്യൂതമായ പീഢനമെന്ന ശാപം അവരുടെ അഭ്യർത്ഥനയെ (ഇസ്രയേൽ സ്റ്റേറ്റ് രൂപീകരണം) ബലപ്പെടുത്തി. മനുഷ്യൻ മനുഷ്യനെ സ്നേഹിക്കണം എന്ന സമർപ്പണത്തോടെ ഉയർത്തെഴുന്നേറ്റ മറ്റൊരു മതത്തിൽ നിന്നാണ് യഹൂദികൾക്കെതിരെയുള്ള പീഢനം ഉയർന്നുവന്നത്. മതപരി

വർത്തന സംരംഭങ്ങളുടെ തീക്ഷ്ണമായ ആവേശത്തിൽ തങ്ങളുടെ പൂർവ്വസൂരികളായ യഹൂദന്മാരുടെ മതംമാറ്റത്തിന് ക്രിസ്ത്യാനികൾ പ്രത്യേകം ഊന്നൽ നൽകി. റോമിലെ തിയോ ഡോഷ്യസ് II ഇതിന് നിയമപരമായ പ്രോത്സാഹനം നൽകി. യഹൂദന്മാർ അകറ്റപ്പെട്ട ജനതയാണെന്ന് അദ്ദേഹം വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. ഒരു ആത്മീയ വിവേചനനയം (Spiritual apparthied) നടപ്പാക്കുകയും ചെയ്തു.

പ്ലേഗ്, ദുർമ്മരണങ്ങൾ എന്നിവ യഹൂദർ മൂലമാണെന്ന് ആരോപിച്ചു. തവളയുടെ കാലും ചിലന്തിവലയും ക്രിസ്ത്യാനികളുടെ കുടൽമാലയും ഉപയോഗിച്ചുണ്ടാക്കിയ ചൂർണ്ണം ക്രിസ്ത്യാനികളുടെ കിണറുകളിൽ യഹൂദികൾ കലക്കുന്നതിനാലാണ് പ്ലേഗ് വരുന്നതെന്ന് വിശ്വസിച്ചുകൊണ്ട് ജൂതപീഢനത്തിന്റെ ഒരു തരംഗം യൂറോപ്പിൽ അലയടിച്ചു. 200 യഹൂദസമുദായങ്ങളാണ് ഈ വിദ്വേഷാഗ്നിയിൽ ഹോമിക്കപ്പെട്ടത്. ഖലീഫമാരുടെ സ്പെയിനിൽ ഒഴികെ അന്ധകാരാവൃതമായ പശ്ചിമലോകത്ത് യഹൂദന്റെ അസ്തിത്വം അനുവദിക്കപ്പെട്ടില്ല. സ്പെയിനിൽ അവർ അഭിവൃദ്ധിപ്പെട്ടു. അവർ അവിടെ നിന്നും ചിതറിത്തെറിച്ചില്ല. 1492ൽ സ്പെയിനിൽ ഫെർഡിനാന്റും ഇസബെല്ലയും മുസ്ലിംകളിൽ നിന്ന് ഭരണമേറ്റെടുത്ത ഉടനെ അതാരംഭിക്കുകയുണ്ടായി.

ജർമ്മനിയിൽ ജൂതരെ വാഹനത്തിൽ കയറ്റുവാൻ പാടില്ലായിരുന്നു. നഗരത്തിൽ അവർക്ക് പ്രവേശിക്കണമെങ്കിൽ പ്രത്യേക ചുങ്കം ചുമത്തി. പോളണ്ടിലെ കൊസാക്ക് വിപ്ലവം ഒരു ദശകത്തിനുള്ളിൽ ഒരു ലക്ഷം യഹൂദികളെ കൊന്നൊടുക്കി. യഹൂദജനതയുടെ പകുതിയിലധികം താമസിച്ചിരുന്ന പോളണ്ടിലേക്ക് റഷ്യൻ സാറിന്റെ പട നീങ്ങിയപ്പോൾ അതൊരു ഇരുണ്ടകാലഘട്ടമായി അവർക്ക് അനുഭവപ്പെട്ടു. ഫ്രാൻസിൽ 12 വയസ്സു മുതൽ 25 വയസ്സുവരെ നിർബന്ധ പട്ടാള ജോലി ചെയ്യണമായിരുന്നു. ശബത്ത് മെഴുകുതിരികൾക്ക് അവിടെ നികുതി ചുമത്തി. വേശ്യകൾക്ക് നൽകിയിരുന്ന മഞ്ഞക്കാർഡ് കൂടാതെ യഹൂദസ്ത്രീകളെ വൻനഗരങ്ങളിൽ പ്രവേശിപ്പിച്ചിരുന്നില്ല. റഷ്യയിൽ അലക്സാണ്ടർ IIന്റെ വധത്തിന്ശേഷം യഹൂദസമുദായങ്ങളെ ഒന്നിന് പിറകെ ഒന്നായി ചുട്ടെരിച്ചുകൊണ്ട് പ്രോഗ്രാം അരങ്ങേറി. ('ഓ! ജെറുസലേം' – ലാറി കോളിൻസ് & ഡൊമിനിക് ലാപ്പിയർ പേ. 20).

ക്രിസ്തുസഭയുടെ മതഭരണത്തിൽ നിന്നും പൂർണ്ണമായും മോചനം നേടിയ യൂറോപൻ രാഷ്ട്രങ്ങൾ സെക്കുലറിസത്തിന് വിധേയമായി, മതപരമായ പരിഗണനയില്ലാതെ പൗരനും രാഷ്ട്രവും എന്ന സിവിൽ തത്വത്തിന്റെ അടിസ്ഥാനത്തിൽ പുനസ്സംഘടിപ്പിക്കപ്പെട്ടു. അതിന് ശേഷമാണ് യഹൂദർക്ക് യൂറോപ്പിൽ സ്വൈരമായി ജീവിക്കാൻ കഴിഞ്ഞത്. ആ അവസരം ഉപയോഗപ്പെടുത്തി യഹൂദർ തങ്ങളുടെ ലക്ഷ്യങ്ങളെല്ലാം നേടിയെടുത്തു. അവസാനമായി ജർമ്മനിയിൽ നാസികൾ നടത്തിയ യഹൂദകൂട്ടക്കൊല (ഹോളോകാസ്റ്റ്) ലോകമനസ്സാക്ഷിയിൽ വിശിഷ്യാ യൂറോപ്പിൽ ദുഃഖസാന്ദ്രവും സഹതാപാർഹവുമായ ഒരു സ്മരണയാക്കി മാറ്റുന്നതിൽ യഹൂദികൾ വിജയിച്ചു. സമത്വം, സാഹോദര്യം, സ്വാത ന്ത്ര്യം എന്നീ മുദ്രാവാക്യങ്ങൾ ഉയർത്തിപ്പിടിച്ച യൂറോപിലെ ദേശീയ ജനാധിപത്യ രാജ്യങ്ങളിൽ ആന്റിസെമിറ്റിസത്തിനും വംശീയതക്കുമെതിരെ ശക്തമായ നിയമങ്ങൾ നിർമ്മിക്കപ്പെട്ടു.

ഇതിന്റെ മറവിൽ ഇസ്രയേൽ നടത്തുന്ന ഏത് അതിക്രമങ്ങൾക്കെതിരെയും ഉയരുന്ന വിമർശനങ്ങളെ ആന്റി സെമിറ്റിസമോ നാസി ബന്ധമോ ആരോപിച്ച് നിശബ്ദരാക്കാൻ യഹൂദർക്ക് കഴിയുന്നു. അവർക്ക് കഴിയുന്നു. അതിനുള്ള മാധ്യമസാമ്രാജ്യവും ധനശേഷിയും രാഷ്ട്രീയ സ്വാധീനവും സർവ്വോപരി അമേരിക്കയുടെ പിന്തുണയും യഹൂദികൾക്കുണ്ട്. ഇസ്രയേൽ വിമർശകർ അല്ലെങ്കിൽ സയണിസ്റ്റ് വിമർശകർ നേരിടുന്ന ഈ വിചിത്ര യാഥാർത്ഥ്യത്തെ പറ്റി ഫ്രാൻസിലെ കമ്മ്യൂണിസ്റ്റ് സഹയാത്രികനും പിന്നീട് ഇസ്ലാം മതം സ്വീകരിച്ചയാളുമായ രജാഗരോഡി തന്റെ 'സയണിസം' എന്ന പുസ്തകത്തിന്റെ ആമുഖത്തിൽ വിവരിക്കുന്നത് ഇങ്ങനെയാണ്.

'ഇവിടെ നാം കൈകാര്യം ചെയ്യുന്നത് ഒരു വിലക്കപ്പെട്ട വിഷയമാണ്. 'സയണിസവും ഇസ്രായേൽ രാഷ്ട്രവും' എന്ന വിഷയം – ഫ്രാൻസിൽ നിങ്ങൾക്ക് കത്തോലിക്കാ സിദ്ധാന്തങ്ങളേയോ മാർക്സിസത്തേയോ വിമർശിക്കാം. നിരീശ്വരവാദത്തേയോ ദേശീയതയേയോ ആക്രമിക്കാം, സോ വിയറ്റ് യൂണിയനിലേയും അമേരിക്കയിലേയും ദക്ഷിണാഫ്രിക്കയിലേയും ഭരണകൂടങ്ങളെ അധിക്ഷേപിക്കാം. അരാജകത്വമോ, രാജവാഴ്ചയോ പ്രചരിപ്പിക്കുകയുമാവാം. നിങ്ങൾ ഒരു വിവാദത്തിൽ പങ്കാളിയാവുന്നു. എതിരഭിപ്രായങ്ങൾ പ്രകടിപ്പിക്കപ്പെടുന്നു. സാധാരണമായ ഇത്തരം കാര്യങ്ങൾക്കപ്പുറം യാതൊരപകടവും അത് കൊണ്ടു

ണ്ടാവുന്നില്ല. എന്നാൽ നിങ്ങൾ സയണിസത്തെ വിശകലനം ചെയ്യാൻ തുനിയുന്നു എന്നിരിക്കട്ടെ വ്യത്യസ്തമായ ഒരു ലോകത്തിലേക്കാണ് നിങ്ങൾ കടന്നുചെല്ലുന്നത്. എഴുത്തിന്റെ മേഖലയിൽ നിന്നും നിയമകോടതികളുടെ ലോകത്തേക്ക് നിങ്ങൾ മാറുകയായി. 1881 ജൂലൈ 29നു നിലവിൽ വന്ന ഒരു നിയമമുണ്ട്. ഒരു പ്രത്യേക ജനസമൂഹത്തിലോ വർഗ്ഗത്തിലോ രാഷ്ട്രത്തിലോ ഉൾപ്പെടുന്നു എന്നത് മൂലം ഏതെങ്കിലും വ്യക്തിയുടെ സൽകീർത്തിക്ക് കളങ്കം വരുത്തുന്നതിനെ ഈ നിയമം നിരോധിക്കുന്നു. ഈ നിയമത്തിന്റെ ആനുകൂല്യത്തിൽ ഇസ്രായേൽ രാഷ്ട്രത്തിന്റെ നയങ്ങൾക്കും അതിന്റെ അടിത്തറയായി വർത്തിക്കുന്ന സയണിസ്റ്റ് രാഷ്ട്രീയത്തിനുമെതിരായ ഏത് വിമർശനവും നിങ്ങളെ നിയമനടപടികൾക്ക് വിധേയനാക്കാം' (സയണിസം – രജാഗരോഡി – പേ. 15).

ആയിരക്കണക്കിന് വർഷങ്ങളായി ഫലസ്തീനിൽ ജീവിച്ചുവരുന്നവരാണ് അവിടുത്തെ അറബികൾ. അവർ മറ്റെവിടെ നിന്നും വന്നവരല്ല. ഫലസ്തീൻ മണ്ണിന്റെ മക്കളാണ്. യഹൂദികളാവട്ടെ നാടോടികളെപോലെ ജീവിച്ചവരും. ചരിത്രത്തിലുണ്ടായ പ്രതിസന്ധി ഘട്ടങ്ങളിലെല്ലാം ഡയസ്പോറക്ക് വിധേയരായി ലോകത്തിന്റെ പലഭാഗങ്ങളിലും ചിതറിത്തെറിച്ച് ജീവിച്ചവരാണവർ. അങ്ങിനെയുള്ള ഒരു ജനത ഇരുപതാം നൂറ്റാണ്ടിലെ ഒരു സുപ്രഭാതത്തിൽ യഹോവ ബൈബിളിൽ തങ്ങൾക്ക് അവകാശമായി നൽകിയതാണ് ഫലസ്തീൻ അതുകൊണ്ട് ഫലസ്തീനിൽ ചരിത്രാതീതകാലം മുതൽ ജീവിച്ചുവരുന്ന അറബികൾ അവിടെ നിന്നും ഒഴിഞ്ഞുപോകണം എന്ന അത്യന്തം വിചിത്രമായ വാദം ഉന്നയിക്കുന്നു. തികച്ചും അനീതിയിലധിഷ്ഠിതമായ ഈ മതകീയ വാദം ഒരു രാഷ്ട്രീയ അവകാശ വാദമായി ലോകത്തിനുമുന്നിൽ അവതരിപ്പിക്കാൻ അവർക്കു കഴിഞ്ഞു. ആ പ്രതിലോമ വാദത്തിന്റെ സാക്ഷാത്കാരമായ ഇസ്രയേലിൽ ഇത്തരം ജുഗുപ്സാവഹമായ വംശീയവാദവും വർഗ്ഗീയതയും അസഹിഷ്ണുതയുമല്ലാതെ നന്മയുടെ യാതൊന്നും വരുമെന്ന് ബുദ്ധിയുള്ളവരാരും പ്രതീക്ഷിക്കുന്നില്ല.

ഞങ്ങൾ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനതയാണെന്നാണ് യഹൂദികളുടെ അവകാശവാദം. അതുകൊണ്ട് അവരുടെ നിലപാടിലെ ധാർഷ്ട്യം പ്രകടമാണ്. ഇതാണ്. വംശീയത പാടില്ല എന്ന തത്വം തങ്ങൾക്കറിയാം. വംശീയത തങ്ങളോടു അനുവർത്തിക്കാൻ പാടില്ല. അപ്പോൾ അത് തെറ്റും ശിക്ഷാർഹവുമാണ്. പക്ഷേ ഞങ്ങൾ ക്ക് അത് മറ്റുള്ളവരോട് പ്രയോഗിക്കാനുള്ള അവകാശമുണ്ട് എന്ന രീതിയാണ് യഹൂദികളുടെ നിലപാട്. ഖുർആന്റെ ഒരു വചനം ഓർത്തുകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കാം.

**(അവർ) യഹൂദന്മാരിൽപ്പെട്ടവരാണ്. അവർ ദൈവ വചനങ്ങളെ അവയുടെ സ്ഥാനങ്ങളിൽ നിന്നും തെറ്റിച്ചു കളയുന്നു. അവർ പറയുന്നു: 'ഞങ്ങൾ കേട്ടു. പക്ഷേ ഞങ്ങൾ ധിക്കരിക്കുന്നു.' ദൈവവചനം നിങ്ങൾക്ക് കേൾപ്പിക്കപ്പെടാത്ത നിലയിൽ നീ ഞങ്ങളുടെ വാക്ക് കേൾക്കുകയും ഞങ്ങളെ പരിഗണിക്കുകയും ചെയ്യുക. അവരുടെ നാവിനെ വളച്ചു തിരിച്ചുകൊണ്ടും വിശ്വാസത്തെ കുത്തിപ്പറഞ്ഞുകൊണ്ടുമാണ് അവർ അപ്രകാരം പറയുന്നത്.** (4:47).

## ശ്രീ. കെ. കരുണാകരന് ആദരാഞ്ജലികൾ



**കേ**രളത്തിന്റെ മുൻ മുഖ്യമന്ത്രിയും കോൺഗ്രസ് നേതാവും കേരളരാഷ്ട്രീയത്തിലെ അതികായനുമായ ശ്രീ. കെ. കരുണാകരന്റെ നിര്യാണത്തിൽ സത്യദൂതൻ ദുഃഖം രേഖപ്പെടുത്തുന്നു. കേരളത്തിന്റെ വികസനത്തിനും സാമൂഹികക്ഷേമത്തിനും അദ്ദേഹം ചെയ്ത സേവനങ്ങൾ വളരെ വലുതാണ്. മതന്യൂനപക്ഷങ്ങളോട് ആദരപൂർവ്വം പെരുമാറിയ ശ്രീ. കെ. കരുണാകരൻ അവരുടെ അവകാശങ്ങളോട് വളരെ അനുഭാവപൂർവ്വമുള്ള സമീപനമായിരുന്നു കൈക്കൊണ്ടത്. ശ്രീ. കെ. കരുണാകരന്റെ നിര്യാണത്തിൽ സന്തപ്തരായ കുടുംബാംഗങ്ങൾക്കും കോൺഗ്രസ്സ് പാർട്ടിക്കുമുണ്ടായ നഷ്ടം വേഗം നികത്തുമാറാകട്ടെ.

# ജൽസാ സാലാന സമാപിച്ചു

**ഖാദിയാൻ**: 2010 ഡിസംബർ 26, 27, 28 തീയതികളിൽ നടന്ന അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ 119-ാമത് ജൽസാ സാലാന (വാർഷിക സമ്മേളനം) വിജയകരമായി സമാപിച്ചു. ഡിസംബർ 26 ഞായറാഴ്ച രാവിലെ 10 മണിക്ക് നാസിർ അഅ്ലാ മൗലാനാ മുഹമ്മദ് ഇനാം ഗോറി സാഹിബ് പതാക ഉയർത്തിയ തോടെ ആരംഭിച്ച സമ്മേളനം ഖലീഫ തിരുമനസ്സ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) സാറ്റലൈറ്റ് മുഖേന നടത്തിയ സമാപന പ്രഭാഷണത്തോടെ അവസാനിച്ചു. 30 വിദേശ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളടക്കം 17000ത്തിലധികം പേർ സമ്മേളനത്തിൽ പങ്കെടുത്തു.

ദൈവാസ്തിത്വം, സീറത്തുന്നബി, സമകാലീന സാമ്പത്തിക പ്രതിസന്ധിയും ഇസ്‌ലാമിക പരിഹാരവും, അഹ്മദിയ്യാ ജമാഅത്തും മതസഹിഷ്ണുതയും, ഇസ്‌ലാമും കുടുംബ ജീവിതവും, വാഗ്ദത്ത മസീഹിന്റെ വാദങ്ങളും പ്രവാചകത്വ പൂർത്തീകരണവും തുടങ്ങിയ വിഷയങ്ങളെ അധികരിച്ച് മൗലാനാ മുനീർ അഹ്മദ് ഖാദിം സാഹിബ്, മൗലാനാ മുബശ്ശിർ അഹ്മദ് സാഹിബ് കഹ്‌ലോൻ, മൗലാനാ ഗുലാംനബി നിയാസ് സാഹിബ് മൗലാനാ ഹമീദ് കൗസർ സാഹിബ്, മൗലാനാ സുൽത്താൻ അഹ്മദ് സാഹിബ് സഫർ, ഷിറാസ് അഹ്മദ് സാഹിബ് തുടങ്ങിയവർ സംസാരിച്ചു.

രണ്ടാം ദിവസത്തെ സർവ്വമത സമ്മേളനത്തിൽ ഇന്ത്യയിലെ പ്രമുഖ സാമൂഹിക സാസ്കാരിക പ്രവർത്തകൻ സ്വാമി അഗ്നിവേശ് ഉൾപ്പെടെ പ്രമുഖ മതനേതാക്കൻമാർ സദസ്സിനെ സംബോധന ചെയ്തു.

സൃഷ്ടി സേവനം ചെയ്തുകൊണ്ട് ദൈവത്തിന്റെ തൃപ്തി കരസ്ഥമാക്കാൻ സമാപന പ്രസംഗത്തിൽഖലീഫത്തുൽ മസീഹ് ആഹ്വാനം ചെയ്തു. സത്യ പാതയിലേക്ക് മനുഷ്യരെ വഴിനടത്തലാണ് പ്രവാചക പ്രസ്ഥാനങ്ങളുടെ ലക്ഷ്യം. എന്നാൽ സത്യ വിരോധികൾ അവർക്ക് നേരെ അതിക്രമം അഴിച്ചു വിടുന്നു. ദൈവം സർവ്വ ശക്തനാണെന്ന കാര്യം ഇത്തരക്കാർ ഓർത്തിരിക്കേണ്ടതാണ്. അധികാര ശക്തി പിടിച്ചെടുക്കലല്ല, നിസ്വാർത്ഥമായി മനുഷ്യ സമൂഹത്തെ സേവിക്കലാണ് നമ്മുടെ ലക്ഷ്യമെന്ന് ഖലീഫ തിരുമനസ്സ് പറഞ്ഞു.

## സംസ്ഥാന പബ്ളിക്കേഷൻ വകുപ്പിനും, സത്യദൂതനും പുതിയ ഭാരവാഹികൾ

കേരള സംസ്ഥാന പബ്ളിക്കേഷൻ കമ്മിറ്റിയുടെ പുതിയ ഭാരവാഹികളേയും പുതിയ സത്യദൂതൻ മാനേജിംഗ് കമ്മിറ്റി, എഡിറ്റോറിയൽ ബോർഡ് അംഗങ്ങളേയും നിയമിച്ചുകൊണ്ട് നാസിർ നശറോ ഇശാഅത്ത് ഖാദിയാൻ അറിയിച്ചിരിക്കുന്നു.

**കേരള സംസ്ഥാന പബ്ളിക്കേഷൻ കമ്മിറ്റി**

**ചെയർമാൻ**- യു. മൻസൂർ അഹ്മദ് (അമീർ കണ്ണൂർ മേഖല), **സെക്രട്ടറി**- പ്രൊഫ. മഹ്മൂദ് അഹ്മദ്.

**സത്യദൂതൻ മാനേജിംഗ് ബോർഡ് അംഗങ്ങൾ**

**ചെയർമാൻ** യു. മൻസൂർ അഹ്മദ്,(അമീർ കണ്ണൂർ മേഖല) **പ്രിന്റർ & പബ്ളിഷർ** ബി. ബി. അഹ്മദ് കബീർ (അമീർ എറണാകുളം മേഖല) **ചീഫ് എഡിറ്റർ**- മൗലവി എം. നാസിർ അഹ്മദ്, **എഡിറ്റർ**- എ. എം മുഹമ്മദ് സലിം, **മാനേജർ**- എച്ച്. അഹ്മദ് ഷാഫി

**അംഗങ്ങൾ**

പി. എം. അഹ്മദ് ഹസ്സൻ, എം. കെ. ഇമ്പിച്ചിക്കോയട്ടി, ഇ. എച്ച്. നജീബ്, പി.കെ. ഷാഹുൽ ഹമീദ്, പി. പി. നാസിറുദ്ദീൻ സി. കെ അൻവർ, ഷഹീദ് അഹ്മദ്, എച്ച്. സുലൈമാൻ കാവശ്ശേരി

**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**

**ചീഫ് എഡിറ്റർ** മൗലവി എം. നാസിർ അഹ്മദ്, **എഡിറ്റർ** എ. എം മുഹമ്മദ് സലിം

**അംഗങ്ങൾ**

കെ. വി. ഹസ്സൻ കോയ, ഐ. കെ. അഹ്മദ് കുട്ടി, മൗലവി മുഹമ്മദ് നജീബ് ഖാൻ, മൗലവി പി. കെ. മുഹമ്മദ് ശരീഫ്, മൗലവി കെ.എ. മുഹിയുദ്ദീൻ, ബി. എ. മുഹമ്മദ് നജീബ്, വി. എം. മുഹമ്മദ് സഫ്‌വാൻ, യാസർ അറഫാത്ത്, ഇ. എച്ച് നജീബ് , മുബാറക്ക് അഹ്മദ്, സിയാദ് റഹ്മാൻ.

# Jalsa Salana Qadian 2010



നാസിർ അഅ്ലാ മൗലാനാ മുഹമ്മദ് ഇനാം ഗോറി സാഹിബ് ഉത്ഘാടന പ്രഭാഷണം നടത്തുന്നു.



വേദി ഒരു ദൃശ്യം



സ്വാമി അഗ്നിവേശ് പ്രസംഗിക്കുന്നു.



ജൽസാ ഗാഹിൽ നിന്നൊരു ദൃശ്യം

2011 January

Reg.No. 3332/59, Postal Regn. No.KL/CT/108/2009-11.Estd. 1925
Licensed to post without pre-payment, Licence No: KL/PMG/NR/WPP/16/KKD/09-11

Vol: LXXXIII No. 1
Price Rs. **20/-**

**The Sathyadoothan Monthly**

## വായിക്കുക, വരിക്കാരാവുക!




# സത്യദൂതൻ

**ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ**
**ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

**ഒരു കോപ്പിക്ക് 20 രൂപ**
**വാർഷിക വരിസംഖ്യ 200 രൂപ**

കൂടുതൽ വിവരങ്ങൾക്ക്
മാനേജർ
സത്യദൂതൻ, മസ്ജിദ് ഉമർ
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത് 682018
ഫോൺ : 8089574250, ഇമെയിൽ sathyadoothan1@gmail.com